

# മലങ്കരസഭ

## മാസിക

1988 ആഗസ്റ്റ്
ലക്കം 8 പുസ്തകം 43



പാമ്പാടി ദയറാപള്ളി പുതുക്കിപ്പണികഴിപ്പിക്കുന്നതിന്റെ
ശിലാസ്ഥാപനം പ. കാതോലിക്കാബാവാതിരുമേനി നിർവ്വഹിക്കുന്നു.






വത്തിക്കാനിലെ അഗസ്റ്റീനിയയിൽ ചേർന്ന ഇയാമസ് സമ്മേളനത്തിൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസംഗിക്കുന്നു. (വാർത്ത 37-ാം പേജിൽ)



റോമിലെ കാററക്കുംസ് ചാപ്പലിൽ വി. കർബ്ബാനയ്ക്കുശേഷം മാർ ഒസ്താത്തിയോസ് തിരുമേനി രണ്ടു ഇന്ത്യൻ പ്രതിനിധികളുമൊന്നിച്ച്

ആനുകാലികം — ജയൻ




# മലങ്കരസഭ

10-8-1988

# മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

## 1988 ജൂലൈ സെഷൻ

കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെൻറർ ചാപ്പലിൽ 1988 ജൂലൈ 4-ാം തീയതി തിങ്കളാഴ്ച പ. കാതോലിക്കാബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആരംഭിച്ച മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് 8-ാം തീയതി വെള്ളിയാഴ്ച നാലര മണിക്ക് സമാപിച്ചു.

തിങ്കളാഴ്ച രാവിലെ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പഴയസെമിനാരി ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ധ്യാന പ്രസംഗത്തോടുകൂടിയാണ് യോഗനടപടികളാരംഭിച്ചത്.

മാത്യൂസ് മാർ കൂറിലോസ്, ഫീലിപ്പോസ് മാർ തെയോഫിലോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്, ജോസഫ് മാർ പക്കോമിയോസ്, സഖറിയാ മാർ ദീവന്നാസ്യോസ്, മാത്യൂസ് മാർ ബർന്നബാസ്, ഗീവറുഗീസ് മാർ ദീയസ്ക്കോറോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസിയോസ്, ഗീവറുഗീസ് മാർ ഈവാനിയോസ്, പൗലോസ് മാർ മിലീത്തിയോസ് എന്നീ തിരുമേനിമാരും സുന്നഹദോസിൽ സംബന്ധിച്ചു.

**അനുശോചനം**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു സഹോദരീസഭയായ എത്യോപ്യൻ സഭയുടെ പാത്രിയർക്കീസായിരുന്ന ആബൂനാ തെക്കിലേ ഹൈമനോട്ടിന്റെ (Abba Tekle - Haimanot)

### ഈ ലക്കത്തിൽ


| | |
|---|---|
| പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് | സംശയങ്ങൾ ചോദിക്കുക |
| ധ്യാനപംക്തി | ക്രിസ്തീയ ജീവിതത്തിന്റെ ഏഴു പടവുകൾ |
| എപ്പോഴും ഉണ്ടായിരിക്കേണ്ട സൽഗുണങ്ങൾ | നിന്നിൽ തിളങ്ങുന്ന ഞാൻ |
| വി. കന്യകമറിയാം ദൈവമാതാവല്ലേ? | അപകടങ്ങൾ സംഭവിക്കുമ്പോൾ ദൈവം എന്തുകൊണ്ട് തടയുന്നില്ല |
| പുരാതന മലങ്കര നസ്രാണികളുടെ വിവാഹാഡംബരം | സഭാവാർത്തകൾ |
| മലങ്കര നസ്രാണികളും ജാതിത്തലവന്മാരും | ബൈബിൾപഠനം |

ദേഹവിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. അനുശോചനപ്രമേയം അവതരിപ്പിച്ചുകൊണ്ട് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ചെയ്ത പ്രസംഗത്തിൽ കാലംചെയ്ത പാത്രിയർക്കീസ് ഒരു വലിയ ആത്മശക്തിയുടെ ഉറവിടമായ സന്യാസിയായിരുന്നു എന്നും അദ്ദേഹത്തിന്റെ നേതൃത്വം എത്യോപ്യൻ സഭയ്ക്ക് ഒരു വലിയ നേട്ടമായിരുന്നു എന്നും അനുസ്മരിപ്പിച്ചു.

സുന്നഹദോസ് ചർച്ചകൾക്കുശേഷം ചെയ്ത പ്രധാനപ്പെട്ട തീരുമാനങ്ങളാണ് ചുവടെ ചേർക്കുന്നത്.

### സ്ത്രീപങ്കാളിത്വം

സ്ത്രീകൾക്ക് സഭാപ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്വം നൽകുന്നതിനു തീരുമാനിച്ചു. തൽക്കാലം വി. മാമോദീസായ്ക്കുശേഷം ആൺകുട്ടികളെ പോലെ പെൺകുട്ടികളെയും വി. മദ്ബഹായിൽ കയററിബലിപീഠം മുത്തിക്കാമെന്നും ആരാധനകളിൽ അത്യാവശ്യം എന്നു കണ്ടാൽ വേദഭാഗങ്ങൾ വായിക്കുന്നതിന് സ്ത്രീകളെ അനുവദിക്കാമെന്നും നിശ്ചയിച്ചു. മറെറല്ലാം രംഗങ്ങളിൽ സ്ത്രീകളെ പങ്കെടുപ്പിക്കാമെന്നതിനെക്കുറിച്ച് കൂടുതൽ പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ യോഗം ചുമതലപ്പെടുത്തി.

### വായനപ്പടി

പരിഷ്ക്കരിച്ച വേദവായനക്കുറിപ്പനുസരിച്ച് തയ്യാറാക്കിയിരിക്കുന്ന വായനപ്പടി ഏവൻഗേലിയോൻ അംഗീകരിച്ചു. അത് ഒന്നുകൂടെ ഭാഷാശുദ്ധി വരുത്തി അച്ചടിപ്പിക്കണമെന്ന് നിശ്ചയിച്ചു.

### നിയമാവലികൾ

ഒ. വി. ബി. എസ്. വകുപ്പുകൾ ഉൾക്കൊള്ളിച്ച സണ്ടേസ്ക്കൂൾ അസോസേഷ്യന്റെ ഭരണഘടനാഭേദഗതികളും തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള സഭവകയായ ഗൈഡൻസ് സെൻററിന്റെയും റാന്നിയിലുള്ള ഹോളി ട്രിനിററി ആശ്രമത്തിന്റെയും ഭരണഘടനകളും സുന്നഹദോസ് അംഗീകരിച്ചു. സി. എൽ. എസ്. കമ്മററിയിലേക്ക് സഭയുടെ പ്രതിനിധിയായി കെ. വർഗീസിനെ (മദ്രാസ്) നോമിനേററു ചെയ്തു.

### സ്ളീബാദാസ സമൂഹം

സ്ളീബാദാസ സമൂഹത്തിന്റെ പ്രസിഡൻറായി തുമ്പമൺ മെത്രാസന സഹായ മെത്രാൻ ഫീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്ക്കോപ്പായെ നിശ്ചയിച്ചു.

### വിസീററർ ബിഷോപ്പന്മാർ

മൈലപ്ര മാർ കുറിയാക്കോസ് ആശ്രമത്തിന്റെ വിസിററർ ബിഷപ്പായി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെയും, റാന്നി ഹോളി ട്രിനിററി ആശ്രമത്തിന്റെ വിസിറററായി ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായേയും നിശ്ചയിച്ചു.

### 175–ാം വാർഷികം

കോട്ടയം പഴയസെമിനാരിയുടെ 175–ാം വാർഷികം വിപുലമായ തോതിൽ 1990–ൽ ആഘോഷിക്കണമെന്നു നിശ്ചയിച്ചു.

### ദിവ്യബോധനം

എല്ലാ ഭദ്രാസനങ്ങളിലും വൈദീക ക്ഷേമനിധികൾ ഏർപ്പെടുത്തണമെന്നും, ദിവ്യബോധന പരിശീലനം ലഭിച്ച ആളുകളെ സണ്ടേസ്ക്കൂൾ അദ്ധ്യാപകരായും മററ് ആദ്ധ്യാത്മിക പ്രവർത്തകരായും സൗകര്യമുള്ളടത്തോളം ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചു.

### വാർഷിക കണക്കുകൾ

സഭവകയായി B ഷെഡ്യൂളിൽ പ. സുന്നഹദോസിന്റെ ഭരണത്തിൽപെട്ട സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും 1987–88 ലെ വരവു ചെലവുകളുടെ തെരട്ട് യോഗം പാസ്സാക്കി.



ധ്യാന പംക്തി

# നാം ദൈവത്തിന്റെ ആട്ടിൻകൂട്ടം

ബർന്നബാ

'നിങ്ങളെത്തന്നെയും, താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ'

(അപ്പോ. പ്ര. 20: 28).

വി. പൗലോസ് ഇവിടെ വിശ്വാസികളെ ആട്ടിൽ കൂട്ടമായി പറയുന്നു. കർത്താവ് സ്വയം ഇടയനാണെന്നും പറയുന്നു. 'ഞാൻ നല്ല ഇടയൻ. പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ, ഞാൻ എനിക്കുള്ളവയെ അറിയുകയും, എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു. ആടുകൾക്കു വേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്. അവയേയും ഞാൻ നടത്തേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും. ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനുമായിതീരും' (വി. യോഹ. 10: 14–16) എന്നു കർത്താവു പറയുന്നു. യെഹസ്ക്കേൽ പ്രവാചകൻ മുഖാന്തരം, ദൈവം തന്റെ ജനത്തെ, ആടുകളെയെന്നവണ്ണം മേയ്ക്കുന്ന കാര്യം പറയുന്നുണ്ട്: 'ഒരു ഇടയൻ ചിതറിപ്പോയിരിക്കുന്ന തന്റെ ആടുകളുടെ ഇടയിൽ ഇരിക്കുന്ന നാളിൽ, തന്റെ ആട്ടിൻകൂട്ടത്തെ അന്വേഷിക്കുന്നതുപോലെ, ഞാൻ എന്റെ ആടുകളെ അന്വേഷിച്ച്, അവ കാറും കറുപ്പുമുള്ള ദിവസത്തിൽ ചിതറിപ്പോയ സകല സ്ഥലങ്ങളിൽനിന്ന് അവയെ വിടുവിക്കും' (യെഹ. 34: 12). 'ഞാൻതന്നെ എന്റെ ആടുകളെ മേയിക്കുകയും കിടത്തുകയും ചെയ്യും' (യെഹ. 34: 15). 'അവയെ മേയ്ക്കേണ്ട

---

### വിദ്യാർത്ഥിദിനം

വിദ്യാലയങ്ങൾ തുറന്നു പ്രവർത്തനം ആരംഭിക്കുന്ന വർഷാരംഭ ദിവസം എല്ലാ പള്ളികളിലും വിദ്യാർത്ഥിദിനമായി ആചരിക്കുകയും വിദ്യാർത്ഥികൾക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും ചെയ്യണമെന്ന് തീരുമാനിച്ചു.

### സഹസ്രാബ്ദി ജൂബിലി റിപ്പോർട്ട്

റഷ്യൻ ഓർത്തഡോക്സ് സഭയുടെ സഹസ്രാബ്ദി ആഘോഷങ്ങളിൽ സംബന്ധിച്ച മലങ്കര ഓർത്തഡോക്സ് സഭാ പ്രതിനിധികൾക്ക് അവിടെ ഒരു സമുന്നത സ്ഥാനമുണ്ടായിരുന്നുവെന്നും പ്രധാന സമ്മേളനങ്ങളിൽ ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായും പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും വളരെ ആകർഷകമായ പ്രസംഗങ്ങൾ ചെയ്തുവെന്നും അതിനെ സംബന്ധിച്ചു റിപ്പോർട്ടു നൽകിയ ഫീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്ക്കോപ്പാ വിവരിച്ചു.

### എൻ. ഏ. സി.

സഭയ്ക്ക് ഒരു National affairs Commission ഉണ്ടായിരിക്കണമെന്ന് തീരുമാനിക്കുകയും അതിലേക്ക് അംഗങ്ങളായി പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, മി. സി. കെ. കൊച്ചുകോശി I. A. S. (Retd.), പ്രൊ. നൈനാൻ ഏബ്രഹാം, ശ്രീ. തോമസ് കുതിരവട്ടം M. P., ശ്രീ. ഉമ്മൻ ചാണ്ടി M. L. A., ശ്രീ. എം. ഇ. കുര്യാക്കോസ്, ശ്രീമതി സാറാമ്മ ജേക്കബ് എന്നിവരെ നിശ്ചയിച്ചു.

## b) നന്ദി

ദൈവത്തിന്റെ വർത്തമാന കാലത്തെ നടത്തിപ്പിനോടൊപ്പം, കഴിഞ്ഞകാലത്തെ അനുഗ്രഹങ്ങളെക്കുറിച്ച് നന്ദി പറയുന്നതും, പ്രത്യാശ വർദ്ധിപ്പിക്കുന്നതിന് ആവശ്യമാണ്. ''ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാററിലും പ്രാർത്ഥനയാലും, യാചനയാലും, നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രെ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം, നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും, ക്രിസ്തുയേശുവിൽ കാക്കും'' (ഫിലി. 4:6–7) എന്ന് വി. പൗലോസ് പറയുന്നു. കഴിഞ്ഞകാലത്ത് നമ്മെ അനുഗ്രഹിച്ച ദൈവത്തിന്; ഇന്നും പ്രവർത്തിക്കുന്നതിനുള്ള കഴിവും മനസ്സുമുണ്ട്. ദൈവത്തിന്റെ കഴിവിനും സ്നേഹത്തിനും മാററമില്ല. ''യഹോവയായ ഞാൻ മാറാത്തവൻ. അതുകൊണ്ട് യാക്കോബിന്റെ പുത്രന്മാരേ, നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു.'' (മലാ. 3:6) എന്ന് ദൈവം പറയുന്നു. ഇന്ന് നമ്മുടെ നന്മയ്ക്കുവേണ്ടിയിരിക്കുന്നത് മറെറാരുവിധത്തിലുള്ള പ്രവർത്തനമാണെങ്കിൽ ദൈവം അങ്ങനെയും പ്രവർത്തിക്കും. ഏതായാലും നമ്മുടെ നന്മയ്ക്കായി, പരമാവധി, താൻ സദാ പ്രവർത്തിക്കുമെന്ന്, നാം ഉറച്ചു വിശ്വസിക്കേണ്ടിയിരിക്കുന്നു.

ദൈവത്തോടുള്ള നന്ദി നമുക്ക് എപ്പോഴും ഉണ്ടായിരിക്കണം. ദൈവം എല്ലാ കാര്യങ്ങളിലും നന്മയ്ക്കായി പ്രവർത്തിക്കുന്നതിനാൽ, സകലത്തെക്കുറിച്ചും നാം സ്തോത്രം ചെയ്യേണ്ടതാണ്, 'എല്ലാററിനും സ്തോത്രം ചെയ്‌വിൻ (1. തെസ. 5:18) എന്ന് വി. പൗലോസ് പറയുന്നു. ഈ നന്ദി നമുക്ക് എപ്പോഴും ഉണ്ടായിരിക്കേണ്ട സൽഗുണമാണ്.


## c) പാപമോചനവും, ദൈവത്തെ പ്രസാദിപ്പിക്കുന്ന പ്രവർത്തനങ്ങളും

അപരാധബോധം നമ്മെ നിരാശപ്പെടുത്തുകയും നിഷ്ക്രിയരാക്കുകയും ചെയ്യുന്നു. വി. കുമ്പസ്സാരത്തിൽ കൂടിയും കൗൺസലിങ്ങിൽ

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



വിൽസൻ തോമസ്, പുന്നൂരുത്തേൽ.



ഏലിയാമ്മ തോമസ്, ബഥേൽ ഭവൻ.



# വി. കന്യകമറിയാം ദൈവമാതാവല്ലേ?

(അന്നാമ്മയുടെ ഭവനം. വേദപുസ്തകവുമായി ഒരാൾ പ്രവേശിക്കുന്നു.)

അന്നാമ്മ. ആരാണ്? മനസ്സിലായില്ലല്ലോ. ഇരുന്നാട്ടെ.

പാസ്ററർ. ഞാനിവിടെ വിശ്വാസഭവനത്തിൽ പുതുതായി വന്ന പാസ്റററാണ്.

അ. കൊള്ളാം. മുമ്പിലത്തെ പാസ്ററർ പോയോ?

പാ. അയാളെ സ്ഥലം മാററി. അയാൾ ഇവിടെ വരുമായിരുന്നുവെന്നും കൊച്ചമ്മയുടെ വിശ്വാസപരമായ അഭിപ്രായങ്ങളെല്ലാം അയാൾ സമ്മതിച്ചിരുന്നുവെന്നും മറുപടി പറയാനുള്ള വേദജ്ഞാനം അയാൾക്കില്ലായിരുന്നുവെന്നും ഒക്കെ പലരിൽ നിന്നും അറിഞ്ഞപ്പോഴാണ് അയാളെ സ്ഥലം മാററി എന്നെ നിയമിച്ചിരിക്കുന്നത്.

അ. ഓഹോ. അങ്ങനെയാണോ? അദ്ദേഹം ചിലപ്പോഴൊക്കെ ഇവിടെ വരുമായിരുന്നു.

പാ. അയാൾക്ക് വേദശാസ്ത്രമോ ദൈവശാസ്ത്രമോ ചരിത്രമോ ഒന്നും അറിയാൻ പാടില്ലായിരുന്നു.

കൂടിയും (ഉപബോധനം അഥവാ ഉപദേശസഹായം) പാപമോചനത്തിന്റെ ഉറപ്പു ലഭിക്കേണ്ടിയിരിക്കുന്നു. മനുഷ്യർ തമ്മിലുള്ള രമ്യതയും പാപമോചനത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. അനുരഞ്ജന ശുശ്രൂഷ ഇന്നത്തെ ലോകത്തിന്റെ വലിയൊരു ആവശ്യമാണ്. പാപമോചനവും അനുരഞ്ജനതയും ഉള്ളപ്പോഴാണ് ജീവിതത്തിൽ പ്രത്യാശയുണ്ടാകുന്നത്.

ക്രിയാത്മകമായി പറഞ്ഞാൽ പാപമോചനത്തിനും പുറമേ, നാം നിരന്തരമായി നന്മ ചെയ്യണം. അപ്പോഴാണ് ദൈവം നമ്മെ ശക്തീകരിക്കുമെന്ന പ്രത്യാശ വർദ്ധിക്കുന്നത്. ''എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്. ഞാൻ എപ്പോഴും അവന് പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായിവിട്ടിട്ടില്ല'' (വി. യോഹ. 8:29) എന്ന് കർത്താവു പറയുന്നുണ്ടല്ലോ. സദാ നന്മ ചെയ്യുന്നതിനാൽ നാം ഉത്സാഹികളാകേണ്ടിയിരിക്കുന്നു.

## d) ദൈവത്തിന്റെ വാഗ്ദത്തങ്ങളെക്കുറിച്ചുള്ള സ്മരണ

പ്രത്യാശയിൽ നമ്മെ ഉറപ്പിക്കുന്നതിന് ദൈവത്തിന്റെ വാഗ്ദത്തങ്ങളെക്കുറിച്ചുള്ള സ്മരണയും ആവശ്യമാണ്. ''നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും''. (വി. യോഹ. 14: 1–3) എന്ന് കർത്താവു പറയുന്നു. ''ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും എന്റെ വചനങ്ങൾ ഒഴിഞ്ഞുപോകയില്ലെ''ന്നും (വി മത്താ. 24:35) കർത്താവ് പറയുന്നു. അതിനാൽ പിതാവിന്റെ ഭവനത്തെക്കുറിച്ച് നാം തെല്ലും സംശയിക്കേണ്ടതില്ല,

ധനവാന്റെ പടിക്കൽ കിടന്ന ദരിദ്രനും വ്രണം നിറഞ്ഞവനുമായ ലാസറിന്റെ ആത്മാവിനെ, അവൻ മരിച്ചപ്പോൾ ദൈവദൂതന്മാർ അബ്രാഹാമിന്റെ മടിയിലേക്ക് കൊണ്ടുപോയതായി കർത്താവു പറയുന്നു (വി. ലൂക്കോ. 16; 19-20) നമ്മുടെ കഷ്ടതകളിൽ നാം നിരാശപ്പെടാതിരിക്കുന്നതിനത്രെ കർത്താവ് ഇത് പറഞ്ഞത്.

ഭാവിയിൽ നമുക്കു ലഭിക്കുവാൻ പോകുന്ന മഹത്വത്തെക്കുറിച്ച് വി. പൗലോസ് പറയുന്നു ''നൊടി നേരത്തേയ്ക്കുള്ള ഞങ്ങളുടെ ലഘുവായ സങ്കടം, അത്യന്തം അനവധിയായി, തേജസ്സിന്റെ നിത്യഘനം കിട്ടുവാൻ ഹേതുവാകുന്നു'' (2. കൊരി. 4:17) ''ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളതിനെ കണ്ണു കണ്ടിട്ടില്ല. ചെവി കേട്ടിട്ടില്ല. ഒരുവന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല.'' (2. കൊരി 2:9)

അതിനാൽ ഏതൊരു കഷ്ടതയിലും നാം പ്രത്യാശയുള്ളവരായിരിക്കണം.

(അടുത്ത ലക്കത്തിൽ:
**ക്ഷമ, ബഹുമാനം, സൂക്ഷ്മത.]**

അ. അതൊന്നും അറിയാത്തവരെയാണോ പാസ്റ്ററന്മാരായി നിയമിക്കുന്നത്.

പാ. ഏയ്. അങ്ങനെയല്ല. അയാളൊരു പ്രത്യേകത മാത്രമായിരുന്നു. അതുകൊണ്ടാണ് എന്നെ ഇങ്ങോട്ടയച്ചിരിക്കുന്നത്.

അ. അപ്പോൾ പാസ്റ്റർ ഈ ശാസ്ത്രങ്ങളൊക്കെ പഠിച്ച ആളാണോ?

പാ. അതേ. എല്ലാം ഞാൻ പഠിച്ചിട്ടുണ്ട്. കൊച്ചമ്മയ്ക്ക് എന്ത് സംശയങ്ങളുണ്ടെങ്കിലും ചോദിക്കാം. ഞാൻ മനസ്സിലാക്കിത്തരാം.

അ. അയ്യോ. വേണ്ട പാസ്റ്ററേ. നന്ദിയുണ്ട്. പാസ്റ്ററിൽ നിന്നും മനസ്സിലാക്കേണ്ടുന്ന ഒരു സംശയവും എനിക്കില്ല. ഞാൻ ശാസ്ത്രങ്ങളൊന്നും പഠിച്ചിട്ടുമില്ല.

പാ. എന്നാലും നമുക്ക് അല്പം സംസാരിച്ചുകൂടേ? അതിന് വിരോധമില്ലല്ലോ.

---

## ഫാ. കെ. ഗീവർഗീസ്, അഞ്ചൽ

---

അ. അതെന്താ അങ്ങനെ തോന്നിയത്? എന്തെങ്കിലും കാര്യമുണ്ടെങ്കിൽ സംസാരിക്കുന്നതിന് വിരോധമൊന്നുമില്ല.

പാ. എന്നാൽ ഞാനൊന്ന് ചോദിക്കട്ടെ. ക്രിസ്തുവിൻെറ മാതാവായ മറിയയെപ്പററിയുള്ള അഭിപ്രായമെന്താണ്.

അ. വി. മാതാവിൻെറ പേര് 'മറിയാം' എന്നാണ്. അതിൻെറ പ്രാകൃത രൂപത്തിൽ 'മറിയ' എന്ന് ചില പുത്തൻ സഭക്കാർ പറയാറുണ്ട്. നമുക്ക് ശരിയായ രീതിയിൽ വിശുദ്ധ മറിയാം എന്നുതന്നെ പറയാം.

പാ. അതിന് വിരോധമൊന്നുമില്ല. പേരിലും ഉച്ചാരണത്തിലുമല്ലല്ലോ കാര്യം.

അ. ദൈവമാതാവായ വി. മറിയാമിനെപ്പററി എന്താണ് അറിയേണ്ടത്?

പാ. മറിയാം ദൈവമാതാവാകുന്നതെങ്ങനെയാ? ദൈവത്തിന് മാതാവും പിതാവും ഉണ്ടോ? മറിയാമിനേക്കാൾ മുമ്പേ ദൈവം ഇല്ലേ? മറിയാം ദൈവത്തിൻെറ സൃഷ്ടിയല്ലേ? സൃഷ്ടി എങ്ങനെ സൃഷ്ടിതാവിൻെറ മാതാവാകും? കുറെ വേദവെളിച്ചം ഉള്ള കൊച്ചമ്മ കൊച്ചുന്നാളിലേ പഠിച്ചുവച്ചിരിക്കുന്ന പുരോഹിത സഭക്കാരുടെ അബദ്ധോപദേശങ്ങൾ ഇനിയെങ്കിലും മാറേണ്ടതാണ്.

അ. അബദ്ധോപദേശങ്ങൾ ആരുടേതാണെന്ന് പിന്നീട് തീരുമാനിക്കാം. വി. കന്യകമറിയാമിനും മുമ്പേ ദൈവമുണ്ടെന്നും മറിയാം ദൈവസൃഷ്ടിയാണെന്നുമുള്ളത് മനസ്സിലാകുന്നു.

പാ. അതാണ് ഞാൻ പറഞ്ഞത്. സ്തോത്രം. കൊച്ചമ്മയ്ക്ക് ബുദ്ധിയുണ്ട്. കാര്യം മനസ്സിലാകുന്നു. ക്രിസ്തു എന്ന മനുഷ്യൻെറ അമ്മയാണ് മറിയാം. ദൈവത്തിൻെറ അമ്മയല്ല. ദൈവമാതാവെന്നും പറയാൻ പാടില്ല.

അ. ക്രിസ്തു ദൈവമായിരുന്നുവെന്ന് പാസ്റ്റർ വിശ്വസിക്കുന്നുണ്ടോ?

പാ. ഉണ്ട്. പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായിരുന്നോ? അതോ, ചിലപ്പോൾ മനുഷ്യനും ചിലപ്പോൾമാത്രം ദൈവവുമായിരുന്നോ?

പാ. ഹേയ്. അങ്ങനെയല്ല. കൊച്ചമ്മയ്ക്ക് അതിൻെറ ദൈവശാസ്ത്രം അറിയാൻ പാടില്ലാതെ പറയുന്നതാണ്. ക്രിസ്തു എപ്പോഴും പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായിരുന്നു.

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



ജോർജ് ജാംഷഡ്പൂർ.



അ. അപ്പോൾ ദൈവത്വവും മനുഷ്യത്വവും വേർപിരിയാത്ത വിധത്തിൽ ക്രിസ്തുവിൻെറ ആളത്വത്തിൽ യോജിച്ചിരുന്നു എന്നാണോ പറയുന്നത്?

പാ. അതേ. അങ്ങനെതന്നെയാണ്. അതാണതിൻെറ വേദശാസ്ത്രം.

അ. നിങ്ങളുടെ ശാസ്ത്രമനുസരിച്ച് ദൈവം മനുഷ്യനായി അവതരിച്ചതാണ് ക്രിസ്തു എന്നു പറയാമോ?

പാ. നിശ്ചയമായും. അതുകൊണ്ടാണല്ലോ ക്രിസ്തുവിനെ ദൈവമായി നാം വിശ്വസിക്കയും ആരാധിക്കയും ചെയ്യുന്നത്.

അ. അതു ശരി. എന്നാൽ അതുകൊണ്ടാണ് ക്രിസ്തുവാകുന്ന അവതരിക്കപ്പെട്ട ദൈവത്തെ പ്രസവിച്ച മറിയാമിനെ ദൈവമാതാവെന്നു വിളിക്കുന്നത്. ഇപ്പോൾ കാര്യം മനസ്സിലായോ?

പാ. അതൊരു യുക്തിയാണ്.

അ. അതേ. സത്യത്തിൻെറ വ്യക്തമായ യുക്തി.

* * * *

അ. നാമെപ്പോഴും സത്യത്തെ അറികയും സമ്മതിക്കയും ചെയ്യണമല്ലോ. വി. മാതാവിനെ ദൈവമാതാവായി ദൈവം തിരഞ്ഞെടുത്തതാണ്. 'നീ സ്ത്രീകളിൽ ഏററവും വാഴ്ത്തപ്പെട്ടവൾ—ഭാഗ്യവതി—ആകുന്നുവെന്ന് ദൈവത്തിൻെറ മാലാഖ മറേറതെങ്കിലും സ്ത്രീയോട് പറഞ്ഞിട്ടുണ്ടോ?

പാ. വേദപുസ്തകത്തിൽ വേറെ തെളിവുകളില്ല.

അ. പരിശുദ്ധാത്മ നിറവിൽ മറിയാം പറയുന്നു: 'സകല തലമുറകളും എന്നെ ഭാഗ്യവതിയെന്ന് വാഴ്ത്തുമെന്ന്'. അങ്ങനെ മററാരെങ്കിലും പറഞ്ഞിട്ടുണ്ടോ?

പാ. ഉള്ളതായി വചനത്തിൽ കാണുന്നില്ല.

അ. ലോകമെങ്ങുമുള്ള സകല അപ്പോസ്തോലിക സഭകളും ഇന്നും വി. മാതാവിനെ വാഴ്ത്തുന്നു. അങ്ങനെ മററാരെയെങ്കിലും വാഴ്ത്തുന്നുണ്ടോ?

പാ. ഇല്ല.

അ. ഗർഭിണിയായ മറിയാമിനെ എലിസബത്ത് കണ്ടപ്പോൾ പരിശുദ്ധാത്മാവു നിറഞ്ഞവളായി പറഞ്ഞത് 'എൻെറ കർത്താവിൻെറ അമ്മ എൻെറ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്കെങ്ങനെ ലഭിച്ചു' എന്നല്ലേ? അപ്പോൾ 'കർത്താവിൻെറ അമ്മ'—ദൈവമാതാവ്—എന്ന് വി. മാതാവിനെ പരിശുദ്ധാത്മാവ് തന്നെ വിളിക്കുന്നുവെന്ന് സ്പഷ്ടമായില്ലേ? അല്പജ്ഞരായ നാം ആ ദൈവിക സത്യത്തെ നിഷേധിക്കുന്നത് ശരിയാണോ? പാസ്റ്റർ ശാസ്ത്രം പഠിച്ച ആളല്ലേ?

* * * *

പാ. ക്രിസ്തുവിൽ മനുഷ്യത്വവും ഉണ്ടെന്ന് കൊച്ചമ്മ സമ്മതിച്ചതാണല്ലോ. അപ്പോൾ മനുഷ്യനായ ക്രിസ്തുവിൻെറ മാതാവ് എന്നു പറഞ്ഞാൽ പോരേ? ദൈവമാതാവെന്ന് പറയണമോ?

അ. പാസ്റ്റർ എന്തൊക്കെയാണ് ശാസ്ത്രങ്ങൾ പറയുന്നത്. മനുഷ്യത്വവും ദൈവത്വവും തമ്മിൽ വേർപിരിയാത്ത വിധത്തിൽ ക്രിസ്തുവിൻെറ ആളത്വത്തിൽ യോജിച്ചിരിക്കുന്നുവെന്ന് പാസ്റ്ററല്ലേ അല്പം മുമ്പേ പറഞ്ഞത്. യോഹ. 1:1—ൽ പറയുന്ന 'വചനം' ആരാണ്?

പാ. വചനം ക്രിസ്തുവാണ്. വചനം ജഡമായിത്തീർന്നുവെന്നുണ്ടല്ലോ.

അ. ശരി. എങ്കിൽ ആദിയിൽ വചനം ഉണ്ടായിരുന്നുവെന്നതിനുപകരം ആദിയിൽ ക്രിസ്തു ഉണ്ടായിരുന്നുവെന്ന് പറയാമോ?

പാ. പറയാമല്ലോ. രണ്ടിൻെറയും അർത്ഥം ഒന്നുതന്നെയാണ്.

അ. അടുത്ത വാചകങ്ങൾ വചനം ദൈവത്തോടുകൂടെയായിരുന്നുവെന്നും ക്രിസ്തു ദൈവമായിരുന്നുവെന്നുമല്ലേ?

പാ. അതേ. അങ്ങനെതന്നെയാണ്.

അ. അതുകൊണ്ടാണ് വചനമായ —ക്രിസ്തുവായ—ദൈവത്തിൻെറ മാതാവായ മറിയാമിനെ ദൈവമാതാവെന്ന് വിളിക്കുന്നത്. ഇതൊക്കെ മനസ്സിലാകുന്നുണ്ടോ പാസ്റ്ററേ?

1 യോഹ. 5;20. 'ക്രിസ്തു സത്യദൈവവും നിത്യജീവനുമാകുന്നു'. അതുകൊണ്ടാണ് സത്യദൈവത്തെ പ്രസവിച്ചവൾ ദൈവമാതാവാകുന്നത്.

തീത്തുസ് 2:12. 'മഹാദൈവവും നമ്മുടെ രക്ഷിതാവുമായ ക്രിസ്തുവിൻെറ' മാതാവായതുകൊണ്ടാണ് അവൾ ദൈവമാതാവായത്.

യോഹ. 6:27. 'പിതാവിനാൽ ദൈവമായി മുദ്രകുത്തപ്പെട്ടിരിക്കുന്ന ക്രിസ്തു'വിനെ പ്രസവിച്ചതിനാലാണ് അവൾ ദൈവമാതാവായത്.

ആദിയില്ലാത്ത ആദിമുതലേ ഉള്ളവനും സകല സൃഷ്ടികളുടെയും കർത്താവുമായ ദൈവം

മനുഷ്യനായി അവതരിച്ചതാണ് ക്രിസ്തുവെന്ന് പാസ്റ്റർ വിശ്വസിക്കുന്നുണ്ടല്ലോ.

പാ. ഉണ്ട്. ഏശായ പ്രവചനം നിവൃത്തിയാകത്തക്കവണ്ണം കന്യക ഗർഭം ധരിച്ച് പ്രസവിച്ചതാണ് ക്രിസ്തു.

അ. ആണോ? എങ്കിൽ ആ ദൈവമായ ക്രിസ്തുവിനെ പ്രസവിച്ചതുകൊണ്ടാണ് മറിയാം ദൈവമാതാവായതു്. എന്താ പാസ്റ്ററേ ഒന്നും മിണ്ടാത്തത്? ഇതൊക്കെ മനസ്സിലാകുന്നില്ലേ?

*     *     *     *

(പാപ്പൻ ചായയുമായി പ്രവേശിക്കുന്നു.)

പാപ്പൻ. ചായ കുടിച്ചാട്ടെ പാസ്റ്ററെ. ഇവിടെ പല പാസ്റ്ററന്മാരും വരും. പാപ്പൻ എല്ലാർക്കും ചായ കൊടത്തേ വിടു. ഈ കൊച്ചമ്മയുടെ സംസാരം കേട്ടാൽ ഉടനെ ദാഹമുണ്ടാകും.

അ. പാപ്പാ! നീ പൊയ്ക്കോ. പാത്രം പിന്നെ കൊണ്ടുപോകാം.

പാ. കൊച്ചമ്മേ! മറിയാമിനെ ദൈവമാതാവെന്ന് നിങ്ങൾ പറയുന്നു. എന്നാൽ ക്രിസ്തു ഒരിക്കൽപോലും 'അമ്മേ'യെന്ന് വിളിച്ചതായി വേദപുസ്തകത്തിലില്ലല്ലോ.

അ. ഏത് പുസ്തകമാണ് പാസ്റ്റർ വായിച്ചത്.

പാ. അതെന്താ, പല വേദപുസ്തകങ്ങളുണ്ടോ? വേദപുസ്തകം ഒന്നേയുള്ളു. കൊച്ചമ്മയ്ക്കതു് അറിയാൻ പാടില്ലേ?

അ. എനിക്കറിയാവുന്നതുകൊണ്ടാണ് ഏത് പുസ്തകത്തിലാണെന്നു ചോദിച്ചത്. ഗ്രീക്കിൽ നിന്നും പുതിയനിയമം പല ഭാഷകളിലേക്കും തർജ്ജിമ ചെയ്തിട്ടുണ്ട്. ഇംഗ്ലീഷിൽ വ്യത്യസ്ഥങ്ങളായ പല പരിഭാഷകളുണ്ട്. മലയാളത്തിലും പല പരിഭാഷകളുണ്ട്. ഒന്നിൽ സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്? (യോഹ. 2:4) എന്നു കാണുന്നു. മറെറാന്നിൽ 'അമ്മേ എനിക്കും നിനക്കും എന്ത്'' എന്നു കാണുന്നു.

പാ. ഇവരെന്താണ് ഇങ്ങനെ തിരിച്ചും മറിച്ചും അച്ചടിക്കുന്നത്?

അ. ആദ്യം അച്ചടിച്ചത് തെററിപ്പോയെന്ന ബോദ്ധ്യം വന്നപ്പോൾ തിരുത്തിയെന്നേയുള്ളു. വി. മറിയാമിനെ ക്രിസ്തുവിൻെറ മാതാവ് —അമ്മ—എന്ന് വേദപുസ്തകത്തിൽ പല ഭാഗങ്ങളിലും പറഞ്ഞിട്ടുണ്ട്. അതുപോലെ ക്രിസ്തു


**CENTURY AGENCY**
**AMBASSADOR CORPORATION**

**753 FRANKLIN AVENUE,**
**FRANKLIN SQUIRE, NEW YORK-11010.**
**Phone: 516-872-2100**

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.




പഴയതാളുകൾ!

# പുരാതന മലങ്കര നസ്രാണികളുടെ വിവാഹാഡംബരം (ii)

വിവാഹകർമ്മത്തിനായി പള്ളിയിലേക്കുള്ള ഘോഷയാത്രയിൽ ജനവിഭാഗങ്ങളെ പുരാതന മലങ്കര നസ്രാണികൾ ഏഴായി ക്രമീകരിച്ചിരുന്നു. ഒന്നാമത് എല്ലാവർക്കും മുന്നിലായി ''നടനടയെ'' എന്നു വിളിക്കുന്ന ഒരു ജനസംഘവും, അതിനു പിമ്പിൽ വാദ്യമേളക്കാരുടെ സംഘവും, മൂന്നാമതായി ജനക്കൂട്ടവും, അതിൻെറ പിൻപിൽ ആകാശമാർഗ്ഗത്തിൽ കുന്തം എറിഞ്ഞുകളിക്കുന്ന ധീരകേസരികളായ മലങ്കര സുറിയാനി നസ്രാണിയുവഭടന്മാരുടെ സംഘവും അഞ്ചാമതായി കനകാഭരണ വിഭൂഷിതകളായി സുഗന്ധദ്രവ്യധാരണികളായി സുന്ദര ഗാത്രികളായി വായ്ക്കുരവയിട്ടുകൊണ്ടു നടക്കുന്ന നസ്രാണി യുവതികളുടെ സംഘവും ഇവരുടെ മദ്ധ്യേ യോഗ്യന്മാരും കരനാഥന്മാരുമായ മലങ്കര നസ്രാണി പ്രഭുക്കന്മാരുടെ സംഘവും, ഏഴാമതായി ആനയമ്പാരിമേൽ ആരൂഢനായിരിക്കുന്ന വധുവൊ വരനൊ എന്നിവരും അവരോടുകൂടിയുള്ള സംഘവുമായിരിക്കും ഈ ക്രമപ്പെടുത്തലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ആദ്യം പ്രസ്താവിച്ച ''നടനടയെ'' വിളിക്കാരുടെ മുമ്പിലായി ഒരു കൂട്ടർ വിശേഷപ്പെട്ട കസവു വസ്ത്രങ്ങൾ വഴിയിൽ വിരിച്ചുകൊണ്ടിരിക്കും.

ഈ 'നടനടയൊ' വിളി ദീർഘകായന്മാരും ശക്തന്മാരുമായ മലങ്കര സുറിയാനി നസ്രാണികളാണ് നടത്താറുള്ളത്. മുൻപിൽ വിരിക്കുന്നതായ പാവാടകളോടു് ഈ കൂട്ടർ സമീപിക്കുമ്പോൾ അതുകൾ വീണ്ടും എടുത്തു മുന്നോട്ടു നീക്കി വിരിക്കയും അങ്ങനെ ഉദിഷ്ട സ്ഥലത്തു എത്തുന്നതുവരെ ഈ കൃത്യം നടത്തിക്കൊണ്ടിരിക്കയും ചെയ്യും. ഇതിനിടയിൽ വാദ്യമേളക്കാർ, പഞ്ചവാദ്യവും, തപ്പും മററ് താമ്രശാസനങ്ങളിൽ വിവരിച്ചിരിക്കുന്ന വാദ്യപ്രയോഗങ്ങളും നടത്തിക്കൊണ്ടിരിക്കുന്നതാണ്.

പള്ളിയിലേക്കുള്ള മേൽപ്പറഞ്ഞ യാത്രയിൽ വധുവും വരനും ആനയമ്പാരിമേൽ ആയിരിക്കുതാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. പുരാതനകാലത്തു (993-ാ മാണ്ടുവരെയ്ക്കും തന്നെ) ബ്രാഹ്മണർക്കും നസ്രാണികൾക്കും മാത്രമല്ലാതെ ഈ കേരളത്തിൽ മററാർക്കും തന്നെ ആനയമ്പാരി ഉപയോഗിപ്പാൻ അർഹതയില്ലായിരുന്നു. ഇങ്ങനെ പള്ളിയിൽ എത്തി വിവാഹം കഴിഞ്ഞ ശേഷം വീട്ടിലേക്കുള്ള പുറപ്പാടിനെപ്പററി ഒരു പുരാതന മലങ്കര നസ്രാണികവി ഇങ്ങനെ പറയുന്നു:—

'പട്ടുമണിഞ്ഞവരെ കസേരയിലിരുത്തി
ഇട്ടുതരത്തിൽ വളപെട്ടെന്നു ഭൂഷണങ്ങൾ
കൂന്തലഴിച്ചു തലകോതിയൊതുക്കിക്കെട്ടി

വിനെ 'മകനെ'യെന്ന് വി. മറിയാം സംബോധന ചെയ്തിട്ടുമുണ്ട്. അതിന് തെളിവുകൾ വേണോ?

പാ. വേണ്ട. അതു രണ്ടും ശരിയാണ്. തിരുവചനത്തിലുള്ളതാണ്.

അ, ക്രിസ്തു മകനാണെങ്കിൽ തന്നെ പ്രസവിച്ച മറിയാം അമ്മയുമാണല്ലോ.

*     *     *     *

പാ. തിരുവചനത്തിൽ പറയുന്നത് 'വചനം ജഡമായി'യെന്നാണ്. നിങ്ങൾ പറയുന്നത് മറിയാമിൽ നിന്നും ജഡമെടുത്തുവെന്നാണ്. അത് തെററല്ലേ?

അ. പാസ്റ്ററേ! വചനം ക്രിസ്തുവാണ്. ക്രിസ്തു ദൈവമാണ്. 'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല'. അങ്ങനെ അദൃശ്യനായ —വചനമായ— ദൈവം ദൃശ്യനായ മനുഷ്യനായി അവതരിക്കാൻ തീരുമാനിച്ചപ്പോൾ ദൃശ്യമായ മർത്യശരീരം ആവശ്യമായി. ആ ശരീരം ഏററവും വാഴ്ത്തപ്പെട്ടവളും ഭാഗ്യവതിയും തിരഞ്ഞെടുക്കപ്പെട്ടവളുമായ മറിയാമിൽ നിന്നും എടുക്കുവാൻ ദൈവം തിരുമനസ്സായി. ആ സുവാർത്ത ദൈവം ഗബ്രിയേൽ മാലാഖമൂലം വി. മറിയാമിനെ അറിയിക്കയും അവൾ പരിശുദ്ധാത്മാവിനാൽ ആവസിക്കപ്പെടുകയും അവൾ വചനമായ ദൈവപുത്രനെ ഗർഭം ധരിക്കയും ചെയ്തു. ആ വചനമായ ക്രിസ്തു കന്യകമറിയാമിൻെറ ഉദരത്തിൽ വളർന്ന് കാലം തികഞ്ഞപ്പോൾ പ്രസവിച്ചു. അങ്ങനെയാണ് മറിയാമിൽ നിന്ന് ജഡം ധരിച്ചത്.

പാ. ശരി. സമയം കൂടുതലായെന്നു തോന്നുന്നു. ഞാൻ ഇറങ്ങട്ടെ കൊച്ചമ്മെ. ഇനിയും കാണാം.

അ. (പുഞ്ചിരിയോടെ) ആകട്ടെ. നമസ്ക്കാരം.

—:—

വേന്തൻ മുടികൾ വച്ചു കാന്തികലരും വണ്ണം
പെണ്ണും ചെറുക്കനുമെയ് കണ്ണാടിമിന്നും
പോലെ
കണ്ണുമെഴുതി കുറി അഞ്ജനം കൊണ്ടു
തൊട്ടു
മെല്ലെയിരുവരെയും ആനപ്പുറത്തിരുത്തി
നല്ലതോഴുമക്കാരൻ മുന്നിലകമ്പടിയും
ഒത്തുനടനടകൾ ചൊല്ലി നടന്നുടനെ
ഏകാന്തപ്പെൺകൊടിമാർ വായ്ക്കുരവയു
മിട്ടു
വാദ്യമേളവും നല്ല കൊട്ടും കുരവകളും
കുന്തമെറിഞ്ഞു നല്ല പന്താട്ടം കാണ്മി
നെന്നു
എന്തെന്തു കാണേണമെന്നു ചിന്തിച്ചു കാണി
കളും
കോലാഹലത്തോടങ്ങു ചാല പുകിന്തശേഷം
ആലാഹാനായൻ തന്നെ പാടിസ്തുതിക്കു
ന്നേററം'

'മംഗല്യകർമ്മങ്ങളെല്ലാം തികഞ്ഞിട്ടു
ഘോഷത്തോടെയവർ യാത്രപുറപ്പെട്ടു
പാട്ടും കുരവയും വാദ്യധ്വനികളും
അഭ്യാസക്കാരവർ ചാടിമറിയുന്നു
ഇങ്ങനെ ഘോഷമായ് പന്തലകം പുക്കു
ദമ്പതിമാരെ മണർക്കോലമേററീട്ടു
എല്ലാരും പന്തലിൽ മോദമായിരിക്കുന്നു
പൊന്നും തളികയിൽ വച്ചൊരു വെററില
കൂടിയവരൊക്കെ വാങ്ങിച്ചു വെററില
വെള്ളിത്തളികമേൽ വച്ചൊരു വെററില
മങ്കമാർക്കൊക്കെ കൊടുക്കുന്നു വെററില
മരതകവീട്ടിൽ വിളങ്ങുന്നു വെററില
കെട്ടോടെ വാരി ചിതറുന്നു വെററില
കല്യാണഘോഷം പറഞ്ഞാൽ മതിവരാ'

ഈ പുരാതന പദ്യത്തിൽ നിന്നു മേൽ വിവരിച്ചവ വേണ്ടുവണ്ണം പ്രകാശിക്കുന്നുണ്ടല്ലോ. ഇതു ക്നായി തോമായ്ക്ക് നൽകപ്പെട്ട താമ്രശാസനത്തിൽ വിവരിച്ചിട്ടുള്ള 'പാവാടയും നടയും' എന്ന പദവി അനുസരിച്ചു നടത്തുന്നതാണ്'.

'ഇപ്പോഴത്തെ തിരുവിതാംകൂർ ചരിത്രത്തിൽ, കുലീനന്മാരായ ചില മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്കും ആയുധപ്രയോഗത്തിന് അവകാശം സിദ്ധിച്ചിരുന്നുവെന്നും എന്നാൽ ജന്മനാ ആയുധം ധരിപ്പാനുള്ള അവകാശം നായന്മാർക്കാണെന്നും പറഞ്ഞിരിക്കുന്നു. 'കടത്തുവളഞ്ചിയും' (വിചിത്രപ്പണികളുള്ളവാൾ ധരിക്കുന്നതിനും അതു കച്ചവടം ചെയ്യുന്നതിനുമുള്ള അവകാശം) 'വളഞ്ചിയത്തിൽ തനിച്ചെട്ടും' (വാളോടുകൂടിയ രാജാധികാരം) ഉള്ള ഒരു വലിയ ജാതി മലങ്കര സുറിയാനി നസ്രാണിവർഗ്ഗം എന്ന പേരിൽ ഈ കേരളത്തിൽ ഉള്ള കഥ എഴുത്തുകാരൻ തീരെ വിസ്മരിച്ചിരിക്കുന്നു. ഇപ്പോഴത്തെ പുതിയ ചരിത്രകർത്താവ് ഈ അഭിപ്രായത്തെ പിൻതാങ്ങുന്ന ലക്ഷ്യങ്ങളോടുകൂടി നേരെ നിൽക്കട്ടെ. അപ്പോൾ പഴയ 'രക്തച്ചൊരിച്ചിലി'ന്റെ കൈകണക്കു പറഞ്ഞുതീർത്തതുപോലെ ഈ ജന്മാവകാശത്തിന്റെ കഥയും പറഞ്ഞുകൊള്ളാം. മലങ്കര നസ്രാണിമാന്മാരെപ്പററി പ്രസിദ്ധ ചരിത്രകാരനായ ഗിബൺ ഇപ്രകാരം പ്രസ്താവിക്കുന്നു:–

ആയുധാഭ്യാസത്തിലും കലാവിദ്യയിലും പക്ഷെ സന്മാർഗ്ഗനിഷ്ഠയിലും അവർ (മലങ്കര സുറിയാനിനസ്രാണികൾ) ഹിന്ദുസ്ഥാനിലെ സ്വദേശികളേക്കാൾ ഉൽക്കർഷം പ്രാപിച്ചവർ ആയിരുന്നു. കൃഷിക്കാർ തെങ്ങുകൃഷി ചെയ്തുവന്നു. പടയാളികൾ കുലീനന്മാരായ നായന്മാരെക്കാൾ മുമ്പന്മാരായിരുന്നു. കൊച്ചീരാജാവും സാമൂതിരിപ്പാടും ഭയം കൊണ്ടോ ഉപകാരസ്മരണകൊണ്ടോ അവരുടെ പാരമ്പര്യ പദവികളെ ബഹുമാനിച്ചു പോന്നിരുന്നു. (Decline and fall of the Roman Empire Vol: III. P.337)

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ബാബു വർക്കി, നാഗാലാൻറ്.

'പിശ്ശാങ്കത്തി, വാൾ, കുന്തം, വെടിക്കുഴൽ എന്നീവക ആയുധങ്ങളിൽ എന്തെങ്കിലും ഒന്നെടുക്കാതെ അവർ വീട്ടിനു വെളിയിൽ ഇറങ്ങുക പതിവില്ലായിരുന്നു. പള്ളിയിൽ പോകുന്ന സമയം കൂടി ആയുധങ്ങൾ കൊണ്ടുപോകുക പതിവായിരുന്നു. ദിവ്യാരാധന ഉള്ള സന്ദർഭങ്ങളിൽ അവരുടെ പള്ളികളുടെ പൂമുഖങ്ങൾ കണ്ടാൽ ആയുധശാലകളാണോ എന്നു തോന്നിപ്പോകും. യുദ്ധസേവയുണ്ടായിരുന്നതിനാൽ നികുതി കൊടുപ്പാൻ അവർ ബാദ്ധ്യസ്ഥരായിരുന്നില്ല'. (മിഡിൽററൻ ബിഷോപ്പ് എഴുതിയ മിഷണറിമാരുടെ ജീവചരിത്രങ്ങൾ പുറം 54–55).

വേറൊരു പോർട്ടുഗീസു ചരിത്രകാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു: 'എട്ടു വയസ്സു മുതൽ അവർ ആയുധാഭ്യാസം ചെയ്യുന്നു. ഇതിനായി അവരുടെ ദേഹം എണ്ണതേച്ചു മയപ്പെടുത്തുന്നു. ഇങ്ങനെ ഇരുപത്തിയഞ്ചു വയസ്സുവരെ അഭ്യസിക്കാറുണ്ട്. സാധാരണ പുറത്തു സഞ്ചരിക്കുമ്പോൾ വലത്തുകൈയ്യിൽ ഉറയില്ലാത്ത ഒരു വാളും ഇടത്തു കൈയ്യിൽ ഒരു പരിചയും ഉണ്ടായിരിക്കും. ചിലർ തോക്കുകളും കൊണ്ടുനടക്കാറുണ്ട്. എല്ലായ്പോഴും ആയുധം ധരിച്ചു നടക്കുന്നുണ്ടെങ്കിലും അവർ ശാന്തശീലന്മാരാണ്'. 'ഇങ്ങനെ എത്ര എത്ര രേഖകൾ വേണമെങ്കിലും ഉദ്ധരിക്കാവുന്നതാണ്. പുരാതന മലങ്കര സുറിയാനി നസ്രാണികളുടെ 16–ാം നൂററാണ്ടിലെ പരിഷ്കൃതന്മാരെന്നു പരിഗണിക്കപ്പെട്ടിരുന്ന പോർട്ടുഗീസുകാരുടെയും അന്നത്തെ മനസ്ഥിതിയെ താരതമ്യപ്പെടുത്തി ജേയിംസ് ഹൗ എന്ന ചരിത്രകാരൻ ഇപ്രകാരം പറയുന്നു: 'അക്കാലത്തെ കേരളീയ മലങ്കര സുറിയാനി നസ്രാണികളുടെയും പോർട്ടുഗീസുകാരുടെയും നാഗരികാവസ്ഥയെ താരതമ്യപ്പെടുത്തി പരിശോധിച്ചാൽ മലങ്കര നസ്രാണികൾ ഉപരിസ്ഥാനത്തെ വഹിച്ചുകാണുന്നു. [The History of Christianity in India– James Hough Vol. II pp-317–832].

വിവാഹനന്തരമുള്ള ഘോഷയാത്രയിൽ ആയുധാഭ്യാസികളായ മലങ്കര സുറിയാനി നസ്രാണി ഭടന്മാർനടത്തിപ്പോരാറുള്ള കുന്തമേറിനെ സംബന്ധിച്ചാണല്ലോ കഴിഞ്ഞകുറി പ്രധാനമായി പ്രസ്താവിച്ചിരുന്നത്. ഈ ഭടന്മാർതന്നെ രണ്ടു ഭാഗമായി പിരിഞ്ഞിട്ടാണ് ഈവക അഭ്യാസമത്സരങ്ങൾ നടത്തിപ്പോരാറുള്ളത്. ഒരു കൂട്ടർ കൂർത്ത കുന്തശരങ്ങൾ ആകാശമണ്ഡലത്തിൽ ഒന്നിനു പിറകെ ഒന്നായി എറിഞ്ഞുകളിക്കുമ്പോൾ മറെറക്കൂട്ടർ അവരുടെ മുമ്പിലായി അത്യത്ഭുതകരങ്ങളായ കായികാഭ്യാസങ്ങൾ നടത്തിക്കൊണ്ടിരിക്കും. ഓരോ ഭടന്റെയും കയ്യിൽ മുമ്മൂന്നു കുന്തങ്ങൾ വീതം ഉണ്ടായിരിക്കുന്നതാണ്. കേവലം അമ്മാനയാട്ടം നടത്തുന്നതുപോലെ ഇവർ ഈ മുമ്മൂന്നു കുന്തങ്ങളും പരസ്പരം കൂട്ടിമുട്ടുകയോ താഴെ വീഴുകയോ ചെയ്വാൻ ഇടവരുത്താതെ എല്ലാം തന്നെ ഒരേസമയം ആകാശമണ്ഡലത്തിൽ എറിഞ്ഞുകളിക്കുന്ന കാഴ്ച ആരെയും തന്നെ അത്ഭുതപരവശരാക്കിത്തീർക്കുന്നതാണ്. വീരമദ്ദളം എന്ന വാദ്യവിശേഷം ഈ അവസരത്തിൽ മുഴക്കിക്കൊണ്ടിരിക്കും. ഇപ്പോൾ ജീവിച്ചിരിക്കുന്ന ദേഹവും, ഫാദർ പി. ററി. ഗീവർഗീസ് (പിന്നീട് റോമാറീത്തിൽ ചേർന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ) അവർകളുടെ പിതാവുമായ തോമ്മാപ്പണിക്കർ അവർകൾ തന്നെ ഈ മാവേലിക്കര ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ ഒൻപതാമുത്സവത്തിന് ആനപ്പുറത്തു വച്ചിട്ടുള്ള ബിംബത്തിന്റെ മുമ്പിൽ നിന്ന് കുന്തമെറിഞ്ഞുകളിക്കുന്ന പതിവ് ഈ അടുത്തകാലത്തും നടത്തിക്കൊണ്ടിരുണതാണ്. പണിക്കർ അവർകൾക്കു ശരീരാസ്വാസ്ഥ്യം സംഭവിച്ചിരിക്കുന്നതിനാലും അനന്തരഗാമിയായിത്തീരേണ്ട ഫാദർ പി. ററി. ഗീവർഗീസ് എം. ഏ. അവർകൾ വൈദികവൃത്തിയിൽ പ്രവേശിച്ചിരിക്കുന്നതിനാലും ഇപ്പോൾ കുറച്ചുകാലമായി ഈ പതിവ് നിർത്തൽ ചെയ്തിരിക്കയാണ്.

ഇങ്ങനെ ഘോഷയാത്ര വീട്ടിനോട് സമീപിക്കുമ്പോൾ ദമ്പതിമാരെ എതിരേല്പാനായി കച്ച ചുററിയ മലങ്കര നസ്രാണിസ്ത്രീകൾ കോൽവിളക്കും പിടിമൊന്തയിൽ വെള്ളവുമായി പടിവാതില്ക്കലേക്ക് പുറപ്പെടുന്നതും മററുള്ള സ്ത്രീജനങ്ങൾ വായ്ക്കുരവകൊണ്ട് ഈ സന്ദർഭത്തെ ആരാധിക്കയും ചെയ്യുന്നതാണ്. ദമ്പതിമാർ ഇരുവരും ആനപ്പുറത്തുനിന്ന് താഴെ ഇറങ്ങി കുറച്ചുനേരം പൊൻവെള്ളി കുരണ്ടികളിന്മേൽ നിൽക്കുന്നതും അപ്പോൾ അവരെ കാണ്മാനും ആദരിപ്പാനും സ്ഥലവാസികളും ഗൃഹവാസികളും സമീപത്തെത്തുന്നതുമായിരിക്കും. ദമ്പ

തിമാരുടെ പള്ളിയിലേക്കുള്ള യാത്രയേയും തിരിച്ചുവരവിനേയും പററി പുരാതന നസ്രാണികവി ഇപ്രകാരം പറയുന്നു.

'അമ്പൊടു കന്നിയും കന്നിതൻ ബാലരും
മുമ്പിനാൽ വേണ്ടുന്നതെല്ലാം ചമച്ചിട്ടു
നല്ലൊരു മാലകടകങ്ങൾ മോതിരം
നന്മയേറും മണിക്കാതില മോതിരം
അല്ലികൾ ചിന്തി വിളങ്ങുന്ന പൊൻമുടി
അയ്യഞ്ചു പത്തിലും പൊൻമോതിരങ്ങളും
ഭംഗിയേറുന്നന്നൊരു പൊന്നരിഞ്ഞാണവും
എന്നിവയെല്ലാം അലങ്കരിച്ചിട്ടുടൻ
മഞ്ഞപ്പളുങ്കിനാൽ നിറമൊത്ത കാഞ്ചനം
വെണ്മയിൽ വേഗമണിഞ്ഞിതു നാരിമാർ
വില്ലുസ്സിന്മേൽപൊതിഞ്ഞുള്ള കസവാലെ
മികവുള്ള കുപ്പായമിട്ടു പുരുഷനും
ആനന്ദത്തോടെ ചമഞ്ഞാരിരുവരും
ആനക്കഴുത്തേറി ബാലപ്പുരുഷനും
മേനിക്കു നല്ല വിളക്കു പിടിപ്പിച്ച്
വേണ്ടുന്ന വാദ്യങ്ങളൊക്കെയും മുഴക്കിച്ചു
പിന്നിൽ മുത്തുക്കുട ചൂടിച്ചുതന്നേരം
മാനിച്ചു വെഞ്ചാമരയാലവട്ടവും
താളത്തിൽ വീശിച്ചു ഘോഷത്തോടങ്ങനെ
ആർത്തു നടനട ചൊല്ലി നടന്നുടൻ
ആനന്ദപ്പെൺ കൊടിമാർകൾ കുരവയും
ഒത്തു നടന്നവർ പിന്നിലകമ്പടി
അങ്ങനെ ചെന്നവർ പള്ളിയണഞ്ഞപ്പോൾ
ആനമേൽ നിന്നിറങ്ങി പള്ളിയകം പുക്ക്
തിങ്ങി നിറഞ്ഞുടൻ പള്ളിയകം പൂക്ക്
തെററിയ മങ്കയും ബാലനുമൊന്നിച്ച്
തങ്ങടെ യുററവർ ചുററിലരികത്ത്
അന്നേരം വന്നു പട്ടക്കാർ കൂദാശക്കായ്
മംഗലമായ മൊഴികളരുളിയിട്ട്
മംഗല്യകർമ്മം കഴിച്ചതു വേഗത്തിൽ
പുത്തൻ പുമാനും പുത്രിയൊരു മങ്കയും
ബുദ്ധിതെളിഞ്ഞീശോ തന്നെയും കുമ്പിട്ട്
എത്തിയ ലോകരും തങ്ങളുമായിട്ട്
ആനന്ദത്തോടെ തിരിച്ചവർ വീട്ടിനു
പെരുവഴി തന്നിൽ നടനട ചൊല്ലുന്നു
അമ്പുള്ള നാരിമാർ കുരവധ്വനികളും
ആർത്തുകളിച്ചതിൽ മുന്നതിലേററമായ്
തിങ്ങിമുഴങ്ങിയെഴുന്ന കോലാഹലം
ഘോഷത്തോടെ വന്ന് പന്തലകം പുക്ക്
ചേലുററ മങ്കയും തന്നെയുമൊരുമിച്ചു
അമ്പോടെ നല്ല മണർക്കോലത്തേലേററി
ബന്ധുക്കൾ താനും ഇണങ്ങരുടയോരും
ചന്തത്തിലമ്പോടു പാടിത്തുടങ്ങിനാർ
ചേലുററ കല്ല്യാണാഘോഷം വളർത്തുവാൻ'

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



മിസ്സസ്. എ. ജോൺ, കുവേററ്. സഖറിയാ തോമസ്, റാഞ്ചി.



ബിനു ജോസഫ്, ബുധന്നൂർ. റോയി കെ. മാത്യു. ജേക്കബ് കോശി. മറിയാമ്മ ജോർജ്ജ്.

## നമ്പൂരി നസ്രാണിബന്ധം

നമ്പൂതിരി–നസ്രാണി ബന്ധത്തെ സംബന്ധിച്ചു പറയുമ്പോൾ 'നസ്രാണികളുടെ അപ്പൻ' ശബ്ദം ഒരു ഉദാഹരണമാണ്. മലയാള ബ്രാഹ്മണർ പിതാവിനെ അച്ചൻ എന്നും, പിതൃസഹോദരനെ അപ്പൻ എന്നും നിർദ്ദേശിക്കാറുള്ള സ്ഥിതിക്ക് മലങ്കര നസ്രാണികൾ ഉപയോഗിച്ചുപോരുന്ന അപ്പൻ ശബ്ദം പിതൃസ്ഥാനവാചിയായി പരിണമിച്ചതെങ്ങനെയെന്നു ഒരു ചോദ്യമുണ്ടാവാം. ലോകത്തിലുള്ള സർവ ക്രിസ്തീയ സഭകളും ക്രിസ്ത്യാനി വൈദികന്മാരെ ഏററവും വ്യാപകമായ അർത്ഥത്തിൽ പിതാവ് എന്ന് സംബുദ്ധി ചെയ്യാറുള്ള സംഗതി സുപ്രസിദ്ധമാണല്ലൊ. മലങ്കര നസ്രാണി സമുദായത്തിലെ പ്രഥമ വൈദികന്മാരായിരുന്ന ശങ്കുപുരി, പകലോമററം, കാളി, കാളിയാങ്കൽ, എന്നീ ആഢ്യ ബ്രാഹ്മണരും, അവരെ തുടർന്നു വൈദികസ്ഥാനം സ്വീകരിച്ച മററുള്ള ബ്രാഹ്മരും ഒന്നാം നൂററാണ്ടിൽ ക്രിസ്തീയ ലോകത്തിൽ നടപ്പുണ്ടായിരുന്നവിധം, പിതാവ് എന്ന വ്യാപകമായ അർത്ഥത്തിൽ അച്ചൻ ശബ്ദത്തെ സ്ഥാനമായി (മെത്രാച്ചൻ, മെത്രാനച്ചൻ, കത്തനാരച്ചൻ, ശെമ്മാച്ചൻ, റമ്പാച്ചൻ, മുതലായവ നോക്കുക) സ്വീകരിച്ചതിനാൽ, യഥാർത്ഥ ജന്മദന്മാരായ സസ്രാണികൾ മേൽ പ്രസ്താവിച്ച പിതാക്കന്മാരുടെ അനുജൻ, അല്ലെങ്കിൽ സഹോദരൻ എന്ന അർത്ഥത്തിൽ 'അപ്പൻ ശബ്ദത്തെ സ്വായത്തമാക്കിത്തീർത്തു, ഇങ്ങനെയാണ് നമ്പൂരി സമുദായത്തിൽ നിന്ന് അല്പം ഭേദിച്ച അർത്ഥത്തിൽ 'അച്ചൻ' 'അപ്പൻ' ശബ്ദങ്ങൾ മലങ്കര നസ്രാണിവർഗ്ഗത്തിൽ കടന്നുകൂടിയത്. ഉൽകൃഷ്ടവംശജന്മാരായ മലയാള ബ്രാഹ്മണരും. മലങ്കര നസ്രാണികളും തമ്മിലുള്ള ഏകോദര്യത്വത്തെ എന്നെന്നും സാക്ഷ്യപ്പെടുത്തുന്നതായ ഈ അപ്പൻ ശബ്ദത്തെ ഈ ഇരുപതാം നൂററാണ്ടിൻെറ പ്രാരംഭദശയിൽ ചില നമ്പൂരിമാർ 'അഫൻ' എന്ന ദുഷിച്ച രൂപത്തിൻ പ്രയോഗിച്ചു പോന്നു വെങ്കിലും ശരിയായ രൂപം അപ്പൻ എന്നതുതന്നെയാണ് എന്നുള്ളതിന് യാതൊരു സംശയവുമില്ല.



വൈദികസ്ഥാനത്തിൻെറ ഔന്നത്യപദവിയെ അർഹിച്ചിട്ടുള്ളവരും ക്രിസ്തുമതാവലംബികളുമായ ബ്രാഹ്മണ മെത്രാന്മാരുടെ മുമ്പിൽ അംശവടിയും പിടിച്ചു നടക്കുന്നതിൽ നിന്നാണ് പട്ടക്കാരൻ ശബ്ദം ഉത്ഭവിച്ചത്. 'തിരുമേനികളുടെ മുമ്പിൽ അധികാരദണ്ഡം (അംശവടി) വഹിച്ചു നടക്കുന്നതിനു വേണ്ട യോഗ്യത കത്തനാരന്മാർക്കുള്ളടത്തോളം മററാർക്കും തന്നെ ഇല്ലാതിരുന്നതിനാൽ അധികാരദണ്ഡം സ്വീകരിച്ചതോടുകൂടി പട്ടക്കാരൻ എന്ന നാമധേയം അവർക്കു ലഭിക്കയായിരുന്നു. തിരുവിതാംകൂർ–കൊച്ചീമഹാരാജാക്കന്മാരുടെ എഴുന്നെള്ളത്ത് സന്ദർഭങ്ങളിൽ അധികാരവടിയും പിടിച്ചു അവരുടെ മുമ്പിൽ നടന്നിരുന്നതും, അന്നും 'പട്ടക്കാർ' എന്നുപറയുന്ന ഒരു തരം ഉദ്യോഗസ്ഥന്മാരായിരുന്നു.

നമ്പൂരിദേശത്തിനുള്ള പേരായിരുന്നു 'ഇടവക' ആ നാമം നസ്രാണികളും സ്വീകരിച്ചു.

'നമ്പൂതിരിസ്ത്രീകൾ പഴയകാലത്ത് (ഇന്നുമുണ്ട്) ഭർത്താവുമരിച്ചാൽ പുലകുളി ദിവസംവരെ കാലത്തെ കുളികഴിഞ്ഞ ശേഷം കരിക്കിൻ

**MAR BASELIOS CHILDREN'S HOME**

Mannapra (P. O.)

Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾമൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

# അഹത്തള്ളാ

## മലങ്കരസഭയുടെ പറങ്കി അടിമത്തമോചനത്തിന്റെ ബലിയാട്

ചരിത്രകാരന്മാരുടെ സാക്ഷ്യം (തുടർച്ച)

### ഫാ. ജോസഫ് തെക്കേടം തുടരുന്നു.

### അഹത്തള്ളായുടെ ചരിത്രവും വിശ്വാസ ശുദ്ധിയും

റോമിലെ പ്രൊപ്പഗാൻഡാ ആക്കൈവ്സ് റോമിലെ ജസ്യൂട്ട് ആക്കൈവ്സ്, ഗോവയിലെ ചരിത്ര ആക്കൈവ്സ്. ഇവിടങ്ങളിലെ സമകാലികരേഖകളിൽ നിന്നു ശേഖരിച്ച വിവരങ്ങൾ എന്ന ഒരു മുഖവുരയോടെയാണ് ഈ ഭാഗം ഫാ. തെക്കേടത്ത് എഴുതിയിരിക്കുന്നത്.

അട്ടള്ളാ (അംദിയോദത്തസ് – ദയോദത്തെ) 1590–ൽ സിറിയയിലെ ആലപ്പോയിൽ യാക്കോബായക്കാരനായി ജനിച്ചു. പിന്നീട് ദമസ്ക്കോസിന്റെ മെത്രാപ്പോലീത്താ ആയി, ഹോംസിന്റെയും നിക്കോമേഡിയയുടെയും അധികാരിയായിട്ട് വാണു. 1632 മാർച്ച് 15–ന് ഈ ദേശത്തെപ്പററി ഫ്രാൻസിസ്ക്കൻ സമൂഹത്തിലെ ഫാ, ജോൺ ഫെർമസിന്റെ കത്ത് റോമിലെ പ്രൊപ്പഗാൻഡയിൽ എത്തി. സിറിൽ അത്തള്ളാ റോമ്മാസഭയിൽ ആകുവാൻ വാഞ്ഛിക്കുന്നു. 1631–ൽ ആലപ്പോയിൽ വച്ച് ആയിരിക്കണം വിശ്വാസസത്യം ചെയ്തു. 1632–ൽ റോമിലെ പരിശുദ്ധ സിംഹാസനസമക്ഷവും വിശ്വാസസത്യം ചെയ്തു. അദ്ദേഹത്തെ ആലപ്പോയിലെ ലത്തീൻ സുവിശേഷസംഘം ഔപചാരികമായി ആലപ്പോയിൽ വച്ച് കത്തോലിക്കാസഭയിൽ സ്വീകരിച്ചു.

ഇദ്ദേഹം 1632–ൽ റോമിൽ ചെന്ന് ഒരു വർഷം താമസിച്ചു. അതിനിടയിൽ 30–8–1632–ൽ അദ്ദേഹം സത്യപ്രതിജ്ഞ നടത്തി. എല്ലാം റീത്തുകാർക്കുമുള്ളതുപോലെ തന്റെ റീത്തിനും ഒരു ആസ്ഥാനം റോമിൽ വേണമെന്നപേക്ഷിച്ചു. കൂടാതെ തന്റെ കയ്യിലുള്ള യാക്കോബായ തക്സാ തെററു തിരുത്തി അച്ചടിപ്പിച്ച് തന്റെ നാട്ടിലുപയോഗിക്കുവാൻ തക്കവണ്ണം കിട്ടണമെന്നപേക്ഷിച്ചു. തന്റെ പാത്രിയർക്കീസ് ഹദീയത്താള്ളാ (ഹിദായത്ത് അള്ളാ)യെക്കൂടി റീത്തിൽ ചേർക്കുവാൻ വേണ്ട പണം യാത്രച്ചിലവിനും മററുമായി വേണമെന്നും അപേക്ഷിച്ചു. മാർപാപ്പായുടെ നിയമന കല്പനയ്ക്കും അപേക്ഷിച്ചു. എല്ലാം സാധിച്ച് മടങ്ങി നാട്ടിലെത്തി. 1646 വരെ റോമുമായി എഴുത്തുകുത്തുകളിൽ ബന്ധപ്പെട്ടിരുന്നു. ഈ കത്തുകളിൽ തുർക്കികളിൽ (മുസൽമാന്മാർ) നിന്നും സ്വജനങ്ങളിൽ നിന്നും താൻ റോമായിൽ ചേർന്നതിന് പീഡിപ്പിക്കപ്പെടുന്നതും പണത്തിനായുള്ള അർത്ഥനയുമായിരുന്നു പ്രധാന ഉള്ളടക്കം. (ഇക്കാര്യം മലങ്കര നസ്രാണികൾക്ക് പുതുമയല്ല. ഇവിടെ വന്നു ബഹുഭൂരിപക്ഷം അന്ത്യോക്യൻ പട്ടക്കാരും അത്മായരും പണത്തിനായി കാട്ടിയ വിക്രിയകൾ ഇന്നും ചരിത്രത്തിന്റെ ഏടുകളിലും പഴമ പറച്ചിലിലും ധാരാളമാണ്. പണത്തിനായി ഇങ്ങോട്ട് കത്തയച്ചവർ എത്രയോ പേരുണ്ട്. 5–ാം മാർതോമ്മാ പിതാവ് ലന്തക്കാരുടെ തുറുങ്കിൽ കൊച്ചീക്കോട്ടയിൽ മാസങ്ങൾ കഴി

വെള്ളം മാത്രം കുടിച്ച് ഉച്ചക്ക് ഭക്ഷണം കഴിക്കും. ഈ ആചാരം പണ്ടത്തെ മലങ്കര നസ്രാണി വിധവകൾക്കും ഉണ്ടായിരുന്നുവെന്നും തന്റെ പിതൃവ്യന്റെ ഭാര്യ 1057–ാ മാണ്ടു വിധവയായിത്തീർന്നപ്പോൾ ഈ വിധത്തിൽ പ്രവർത്തിച്ചുവന്നതായി താൻ കണ്ടിട്ടുണ്ടെന്നും തിരുവല്ലാ കണ്ടത്തിൽ പത്രാധിപർ കെ. ഐ. വറുഗീസുമാപ്പിളയുടെ ഭാര്യ (നെല്ലിമൂട്ടിലെ) മറിയാമ്മ (വയസ് 67) ഇന്നേദിവസം 1103 കന്നി 15–നു) എന്നോടു പറകയുണ്ടായി' എന്ന് ശ്രീ ചിത്രമെഴുത്തു കെ. എം. വറുഗീസ് അദ്ദേഹത്തിന്റെ ചരിത്ര ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നസ്രാണികളുടെ നമ്പൂരി ആചാരങ്ങളുടെ പട്ടികയിലൊന്നാണിത്.

—o—



ച്ചതും ശീമപ്പിതാക്കളുടെ ദ്രവ്യാഗ്രഹം മൂലം ഉണ്ടായ മഹാവിനമൂലമത്രെ).

റോമിലെ പ്രൊപ്പഗാൻഡാ സംഘം വേണ്ട അന്വേഷണങ്ങൾ ഇദ്ദേഹത്തെപ്പററി നടത്തി തന്റെ യാക്കോബായ പാത്രിയർക്കീസിനെ റോമിന് വഴക്കുവാനും മററുമായി ഈ പണാഭ്യർത്ഥനകൾ സാധിച്ചുകൊടുത്തുകൊണ്ടുമിരുന്നു. 22–1–1688–ലെ അയിത്തള്ളായുടെ കത്തിൽനിന്ന്; താൻ റോമായിൽ ചേർന്നതിന് തുർക്കി സർക്കാരധികൃതർ തന്നെ കുററം ചുമത്തി മൂന്നു പ്രാവശ്യം പിഴയിട്ട് ഈടാക്കി. അത് ശരിയാണെന്ന് അവിടത്തെ ഫ്രാൻസിസ്കന്മാരുടെ സാക്ഷ്യരേഖയും ഉണ്ട്.

ഇതിനാൽ മടുത്ത് അദ്ദേഹം ആലപ്പോ വിട്ട് ദമസ്ക്കോസിലെ തന്റെ ഭദ്രാസനത്തിലേക്ക് മടങ്ങി. എന്നാൽ യാക്കോബായക്കാർ റോമായിൽ ചേർന്നതിന് അദ്ദേഹത്തെ സ്വീകരിച്ചില്ല. താൻ തന്റെ പടിയായ 50 സൂഡി ഏജൻറിൽനിന്ന് വാങ്ങുവാൻ ആലപ്പോയ്ക്കു മടങ്ങി. വഴിയിൽ അറബിക്കൊള്ളക്കാര അദ്ദേഹത്തെ അടിച്ച്

**ജെയിക്കബ് തോമസ്, നടുവിലേക്കര**

അവശനാക്കി വസ്ത്രങ്ങൾ പോലും കവർന്നെടുത്തു. താൻ തന്റെ പഴയ പാത്രിയർക്കീസിന്റെ അടുക്കൽ മടങ്ങിയെത്തി. ആ പിതാവ് രണ്ടു മാസത്തോളം ദയവോടെ സംരക്ഷിച്ചു. ഈ സമയം പാത്രിയർക്കീസിനെ റോമിനു വഴങ്ങുവാൻ പ്രേരിപ്പിക്കയും അദ്ദേഹം സമ്മതിക്കയും പീഡനത്തെ ഭയന്ന് അത്തള്ളാ അദ്ദേഹത്തിനുവേണ്ടി കത്തെഴുതുവാൻ പറയുകയും ചെയ്തു. എന്നാൽ ഫ്രാൻസിസ്ക്കന്മാർ റോമിൽ നിന്ന് അനുവാദം വന്നിട്ടു മതിയെന്നു പറഞ്ഞ് വിലക്കി. 19–7–1638 ൽ പാട്രിയർക്കിനുവേണ്ടി പറഞ്ഞവിധം ചെയ്യുവാൻ അനുവാദം റോമിൽ നിന്നു വന്നു. എന്നാൽ 1639–ൽ പാട്രിയർക്ക് ദിവംഗതനായി. കാര്യം നടന്നില്ല. ഇദ്ദേഹം പാത്രിയർക്കാ സ്ഥാനാർത്ഥിയുമായിരുന്നു.

പിന്നെ രണ്ടു പാത്രിയർക്കീസന്മാരുടെ മത്സരം മൂലം 1639–ൽ അത്തള്ളാ സിറിയ വിട്ട് ബാബിലോണിലേക്കു പോയി. അവിടെ റോമിനുവേണ്ടി യാക്കോബായക്കാരെ നേടിയെടുത്തു. അവിടത്തെ പാട്രിയർക്ക് പേർഷ്യൻ ഇടവക ഭരിക്കുന്നതിന് അയ്ത്താലാഹോയെ നിയമിച്ചു. അവിടെ ഇസ്പഹിനിൽ പണിത പള്ളിയുടെ ഭരണത്തിന് അവിടത്തെ ലത്തീൻ ബിഷപ്പ് (പേർഷ്യ) നിയമിച്ചു.

1646–ൽ അയിത്താലാഹായെ ഈജിപ്തിലാണ് കാണുന്നത്. അദ്ദേഹം റോമിൽ നിന്ന് പ്രൊപ്പഗാൻഡാ സംഘത്തിന്റെ കത്തും കാത്തു കഴിയുകയായിരുന്നു. ഫാ. ജോസഫ്ദ്റൊസാം യോ എന്ന അഗസ്ററീനിയൻ സന്യാസി ഇദ്ദേഹം ബാബിലോണിൽ റോമായ്ക്കുവേണ്ടി ചെയ്ത സേവനങ്ങളെ സ്തുതിച്ചുകൊണ്ട് അയച്ച കത്തിൽ ഇസ്പഹാനിലെ ദരിദ്രരായ യാക്കോബായക്കാരെ റോമായ്ക്കു വഴക്കുവാനായി പണം അയച്ച് ഇദ്ദേഹത്തെ സഹായിക്കുവാനും പ്രൊപ്പഗാൻഡായ്ക്ക് എഴുതി.

അഹത്തള്ളാ ഈജിപ്തിൽ റോമിന്റെ സഹായം കാത്ത് പിന്നെയും തങ്ങി. എന്നാൽ റോം ഈ ദേഹത്തിന്റെ വിശ്വാസസ്ഥിരതയെപ്പററിയും മററും അന്വേഷണം നടത്തി. പിന്നെയൊന്നും ഉണ്ടായില്ല. ഇങ്ങനെയിരിക്കുന്ന കാലത്താണ് കോപ്ററിക് പോപ്പിന് തോമ്മാ അർക്കദിയാക്കോന്റെ കത്ത് കിട്ടുന്നത്. പാട്രിയർക്കീസ് അഹത്തള്ളായെ വിളിച്ച് മലബാറിൽ നിന്നുള്ള അഭ്യർത്ഥന അറിയിച്ചു. ഉടനടി അതിനെ സ്വീകരിച്ച് മലബാറിന് പുറപ്പെട്ടു. ഈ അത്തള്ളാ തന്നെയാണ് 1652–ൽ ഇന്ത്യയിൽ എത്തിയതെന്നതിൽ സംശയം വേണ്ട.''

പിന്നെ തുടർന്ന് ഫാ. തെക്കേടത്ത് പറയുന്നതിൽ അത്തള്ളാ യഥാർത്ഥ കത്തോലിക്കനായിരുന്നോ എന്നത് പരിശോധിക്കലാണ്. അദ്ദേഹം നെസ്തോറിയനല്ലായിരുന്നു. കാരണം അദ്ദേഹം നെസ്തോറിയസിനെ ശപിച്ചു. അദ്ദേഹം യാക്കോബായക്കാരനായി ജനിച്ചു. പക്ഷെ റോമാവേദം സ്വീകരിച്ചതിൽ പിന്നെ ആ വഴിപാടേ ഉപേക്ഷിച്ചിരുന്നു. ഇതിനെല്ലാം വേണ്ട തെളിവുരേഖകളും അദ്ദേഹം നിരത്തുന്നുണ്ട്. ജോസഫ് സെബസ്ത്യാനിയെ ലന്തക്കാർ നാടുകടത്തിയശേഷം അദ്ദേഹം ആലപ്പോ വഴിക്കാണ് പോയത്. അപ്പോൾ അഹത്തള്ളായുടെ ചരിത്രമെല്ലാം പാത്രിയർക്കീസിൽ നിന്നു കിട്ടി. അതിൻപ്രകാരം അത്തള്ളാ ഉത്തമ കത്തോലിക്കനായിരുന്നു എന്ന് സെബസ്ത്യാനിയും റോമിൽ റിപ്പോർട്ടു ചെയ്തു. അവിടെ ചെന്നിരുന്ന

ആരം തന്നെയായിരുന്നു എന്ന് റോമിനും ബോദ്ധ്യപ്പെട്ടു.

കൊച്ചീവഴി ഗോവയിലും പോർട്ടുഗലിലും എത്തിയ അത്തല്ലാ പാരീസിൽ മരിച്ചു എന്നാണ് ഇതിൽ പറയുന്നത്.

81—ാം പേജിൽ അവസാനിക്കുന്ന അഹത്തല്ലാ ചരിതം വിശ്വസനീയമാണെന്നു കരുതേണ്ടതില്ല. കാരണം?

അടുത്തകാലം വരെ ലിസ്ബൻ, മിലാൻ, റോം, വത്തിക്കാൻ, ഗോവ തുടങ്ങിയ സ്ഥലങ്ങളിലെ സഭാചരിത്രരേഖാശേഖരങ്ങൾ ആർക്കും അധികം കിട്ടിയിരുന്നില്ല. പ്രത്യേകിച്ച് ഇന്ത്യയിലെ കേരള കത്തോലിക്കാ നസ്രാണി സന്ദർശകർക്ക്. ഇപ്പോൾ അവ ഇവർക്ക് തുറന്നുകൊടുത്തിരിക്കുകയാണ് ചരിത്ര ഗവേഷണത്തിന്.


കേരള നസ്രാണികളിലെ അകത്തോലിക്കാ പ്രമുഖ വിഭാഗവുമായി ഏതെല്ലാം കാലങ്ങളിൽ പുന:രൈക്യപ്പെടുത്തൽ ശ്രമങ്ങൾ ചതുരുപായേന നടത്തി. അന്ന് ഇതെല്ലാം അറിഞ്ഞിരുന്ന റോമാ അധികാരികൾ, അർക്കദിയാക്കോന്മാരുടെയും കൽദായ മെത്രാന്മാരുടെയും മററും റോമ്മാ വിധേയക്കത്തുകളും ഉടമ്പടികളും തുടങ്ങി ഇന്ന് എടുത്തുകാട്ടുന്നവ കാണിച്ച് റോമുമായുള്ള യുഗപുരാതനബന്ധവും കീഴ്വഴക്കവും തെളിയിച്ച് അതിനെ നിഷേധിച്ച് ഇന്ന് നിലകൊള്ളുന്നവരുടെ പിതാക്കൾ റോമിനെ അനുസരിച്ചിരുന്നു എന്ന് എന്തുകൊണ്ട് മനസ്സിലാക്കിക്കൊടുത്തില്ലാ.

പറങ്കികൾ നസ്രാണികളുടെ രേഖകൾ നശിപ്പിച്ചിട്ടുണ്ട് എന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. മെനേസീസ് സെബസ്ററ്യാനി, റോസ് മെത്രാൻ തുടങ്ങിയവർ അങ്കമാലി അരമന, മററ് പുരാതന പള്ളികൾ ഇവിടങ്ങളിലുണ്ടായിരുന്നു എന്നും ഇരിക്കുമായിരുന്ന താളിയോല ഗ്രന്ഥവരികളും എഴുത്തുകുത്തും രേഖകളും തീയിട്ടു നശിപ്പിച്ചതും കടത്തിക്കൊണ്ടുപോയതും ജാതിത്തലവന്മാരുടെ സ്വന്തഇടവകയായ കുറവിലങ്ങാട്ടെ ഗ്രന്ഥവരികളും ചരിത്രപരമായ മററു രേഖകളും നശിപ്പിച്ചതും എന്തിനായിരുന്നു? പുസ്തകങ്ങൾ തിരുത്തിയതുകൂടാതെ എത്ര എത്ര ശതം ഗ്രന്ഥങ്ങൾ കത്തിച്ചു, കടത്തിക്കൊണ്ടുപോയി.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ഏബ്രഹാം തോമസ്, ബഥേൽ ഭവൻ.



മേരി തോമസ്, ബഥേൽ ഭവൻ.

## ? സംശയങ്ങൾ ചോദിക്കുക

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

'വേദപുസ്തകം മാത്രമല്ലെ ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിന്നടിസ്ഥാനം'.

—ററി. ററി. പോപ്പൻ, മരത്തുംകോട്

ഈ ചോദ്യത്തിൻെറ ഉത്തരം 'വിശ്വാസിയായിരിക്ക' എന്ന ഗ്രന്ഥത്തിൽ വിശദമായി കൊടുത്തിട്ടുണ്ട്. 'ദൈവമുണ്ടെന്നു തെളിയിക്കാമോ?' എന്ന പുസ്തകത്തിൽ 'വേദപുസ്തകവും പാരമ്പര്യവും' എന്ന അദ്ധ്യായവും നോക്കുക. ചില ചുരുങ്ങിയ ഉത്തരങ്ങൾ മാത്രം ഇവിടെ തരുന്നു.

1) വേദപുസ്തകം സകല സത്യത്തിലും വഴിനടത്തുമെന്ന് വേദപുസ്തകത്തിൽ ഒരിടത്തും പറയുന്നില്ല. 'പരിശുദ്ധാത്മാവ് സകല സത്യത്തിലും വഴിനടത്തും' (യോഹ. 16:13).

2) 'വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പാരമ്പര്യങ്ങളെ പിടിച്ചുകൊൾക" (2 തെസ്സ. 2:15). പാരമ്പര്യത്തിൽ പെട്ടതാണ് കുരിശുവര, മൂന്നു പ്രാവശ്യം മാമോദീസായിൽ മുക്കുന്നതു തുടങ്ങിയവ. അവയും മുറുകെ പിടിക്കണം.

3) വി. ത്രിത്വം എന്ന വാക്ക് വേദപുസ്തകത്തിലില്ല. 'സാരാംശത്തിൽ പിതാവിനോട് ഏകത്വമുള്ളവൻ' എന്നതും ഇല്ല. അറിയൂസിൻെറ കൂട്ടരാണ് വേദപുസ്തകത്തിലില്ലാത്തതെല്ലാം അസ്വീകാര്യമെന്നു പറയുന്നത്.

4) 'കുടുംബസംവിധാനം' തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വേദപുസ്തകം മാത്രം ആധാരമാക്കാമോ?

5) 'മാർ പാപ്പായുടെ തെററിക്കൂടായ്മയും പരമാധികാരവും പോലെ വേദപുസ്തകത്തിൻെറ പരമ അധികാരികത ത്യജിക്കേണ്ടതാണ്.

6) വേദപുസ്തകത്തിലെ വൈരുദ്ധ്യങ്ങൾ (ഉദാ: ത്രിത്വ നാമത്തിലോ യേശുവിൻെറ നാമത്തിലോ മാമോദീസാ) സഭയുടെ പഠിപ്പിക്കലിൽകൂടി പരിശുദ്ധാത്മാവ് തിരുത്തിത്തരും.

—ം—

തോമ്മാ അർക്കദിയാക്കോൻെറയും മുൻഗാമിയുടെയും കാലത്തെ റോമുമായും പറങ്കികളുമായുള്ള ഇടപെടലുകളുടെ രേഖകൾ മുഴുവൻ തന്നെ സെബസ്ററ്യാനി നശിപ്പിച്ചല്ലേ?

അപ്പോൾ ഇന്ന് അതിൻെറ സ്ഥാനത്ത് വിദേശങ്ങളിലെ രേഖാശാലകളിൽ പ്രത്യക്ഷപ്പെടുന്ന രേഖകൾ ഏതൊരു കാര്യത്തിൻെറയോ വ്യക്തിയുടെയോ സമകാലിക രേഖയോ, സ്വഹസ്തലിഖിതങ്ങളോ എന്നു നിശ്ചയിക്കുവാൻ സാദ്ധ്യമല്ലാ. കാരണം അവരുടെ മുദ്രകളോ, കയ്യൊപ്പോ, കൈപ്പട രേഖകളോ ഇവിടെ താരതമ്യപ്പെടുത്തുവാനില്ലാത്തവിധം നശിക്കപ്പെട്ടുപോയി. ഇരുപക്ഷവും സമ്മതിക്കുന്ന പറങ്കികളുടെ രേഖാദഹിപ്പിക്കൽ ഒററ കാരണത്താൽ ഈ റോമവിഭാഗം രേഖാശാലാ തെളിവുകൾ സ്വീകാര്യമല്ല. ഏതു കാര്യത്തിനും രേഖകൾ ഈ സാഹചര്യത്തിൽ രചിക്കാം.

ഇന്ന് ഇത്ര ഊററമായി റോമാ പാരമ്പര്യം അവകാശപ്പെടുന്നവരുടെ നേതാവായിരുന്ന പറമ്പിൽ ചാണ്ടി മെത്രാൻെറ കുറവിലങ്ങാട്ടുപോലും പ്രശസ്ത നെസ്തോറിയൻ മാർ ഗബ്രിയേൽ 4—ാം മാർത്തോമ്മായുടെ കാലത്തു വന്നപ്പോൾ പകലോമററം തറവാടിനടുത്ത പുരയിടത്തിൽ പള്ളി പണിത് മാർ ഗബ്രിയേലിൻെറ കൂടെ ചേർന്ന് കുറവിലങ്ങാട്ടു പള്ളിയിടവകക്കാരിൽ പലർ പിരിഞ്ഞുനിന്നിരുന്നു എന്നത് ഓർത്താൽ മാർ അയിത്താലാഹാ വന്നപ്പോൾ സമുദായം ഒന്നടങ്കം ഒരു നെസ്തോറിയൻെറ വരവിൽ ആഹ്ളാദിക്കയും തൻെറ ദാരുണാന്ത്യത്തിൽ കോപതാപാന്ധരാകുകയും ചെയ്തത് ആ സഭയുമായുള്ള ചിരകാലബന്ധംകൊണ്ടുതന്നെ ആയിരുന്നു.

## ഷാർജാ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചാരിററി കമ്മററി 1988 - 89 സ്കൂൾ വർഷത്തേക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു

നിർദ്ധനരും സമർത്ഥരുമായ സ്കൂൾ, കോളജ്, ടെക്നിക്കൽ സ്ഥാപനങ്ങൾ (S. S. L. C. യ്ക്ക് ശേഷമുള്ള പഠനത്തിന് മുൻഗണന) ഇവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പിനുവേണ്ടി The Vicar, P. O. Box 2229 SHARJAH, U. A. E. എന്ന മേൽവിലാസത്തിൽ സെപ്ററംബർ 30–നകം ഇവിടെ കിട്ടിയിരിക്കത്തക്കവിധം അപേക്ഷകൾ അയയ്ക്കാവുന്നതാണ്.

**അപേക്ഷയിൽ താഴെ പറയുന്ന വിവരങ്ങൾ കാണിച്ചിരിക്കണം.**

1. അപേക്ഷകൻെറ പേര് 2. രക്ഷകർത്താവിൻെറ പേരും മേൽവിലാസവും 3. രക്ഷകർത്താവിൻെറ ജോലിയും വാർഷികവരുമാനവും 4. ഇടവക 5. ഭദ്രാസനം 6. മററു സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ ഏത്?

**അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ട സർട്ടിഫിക്കററുകൾ**

1) അവസാനം പാസ്സായിട്ടുള്ള പബ്ളിക്ക് പരീക്ഷയുടെ അററസ്ററു ചെയ്ത മാർക്ക് ലിസ്ററ്
2) പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പാളിൻെറ സർട്ടിഫിക്കററ്
3) ഇടവക വികാരിയുടെ ശുപാർശ കത്ത്

അപേക്ഷകൾ ഇടവക വികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം. അവസാനം പാസ്സായിട്ടുള്ള പരീക്ഷയ്ക്ക് 50% മാർക്കിൽ കുറവുള്ളവരുടെ അപേക്ഷകളും, പൂർണ്ണമായ വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളും പരിഗണിക്കുന്നതല്ല.


ഈ സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന മുൻ വർഷങ്ങളിലെ വിദ്യാർത്ഥികളിൽ തുടർന്നു പഠിക്കുന്നവർ സ്കോളർഷിപ്പ് ആവശ്യമുള്ളപക്ഷം കോഴ്സ് സർട്ടിഫിക്കററ് അയച്ചുതന്നാൽ മതിയാകും. എന്നാൽ പുതിയ കോഴ്സിനാണ് ചേർന്നു പഠിക്കുന്നതെങ്കിൽ പുതിയ അപേക്ഷകൾ അയച്ചിരിക്കേണ്ടതാണ്.

വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, ഭവനനിർമ്മാണ സഹായം എന്നിവയ്ക്കുവേണ്ടിയും വികാരിയുടെ ശുപാർശക്കത്തോടുകൂടെ അപേക്ഷകൾ അയയ്ക്കാവുന്നതാണ്.

സാധാരണ തപാലിൽ മാത്രമേ അപേക്ഷകൾ അയയ്ക്കാവൂ. Registered Post–ൽ അയയ്ക്കുന്ന തപാലുകൾ സ്വീകരിക്കുന്നതല്ല.

N. B. അപേക്ഷയുടെ മാത്രം ഒരു കോപ്പി മാനേജർ, മലങ്കരസഭ കോട്ടയം–38 എന്ന മേൽവിലാസത്തിൽ അയച്ചിരിക്കണം.

# ഒരു അഭ്യർത്ഥന



പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന മാങ്ങാനം എബ്നേസർ ഓർത്തഡോക്സ് പള്ളി.

**ഫാദർ ററി. ജി. സഖറിയ**

സുഹൃത്തുക്കളെ,

നമ്മുടെ സഭയുടെ ഒരു സ്ഥാപനമായി കോട്ടയം പട്ടണത്തിൽ സ്ഥിതിചെയ്യുന്ന മാങ്ങാനം എബനേസർ ദയറായെപ്പററി പ. ബാവാ തിരുമനസ്സിലെ കല്പനമൂലവും മററും സഭാംഗങ്ങളിൽ പലർക്കും അറിവുള്ളതാണല്ലോ. പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായും, ബഥനിയുടെ മാർ തേവോദോസിയോസ് തിരുമേനിയും ഏറെനാൾ താമസിച്ചിരുന്ന സ്ഥലമാണ് ഇത്. സമുദായക്കേസ് പരാജയപ്പെട്ട അവസരത്തിൽ പഴയ സെമിനാരിയിൽനിന്ന് പ. ബാവാതിരുമേനി ഇറങ്ങിപ്പോകേണ്ടിവന്നേക്കുമോ എന്ന ഒരു സന്ദർഭം ഉണ്ടായപ്പോൾ—ദേവലോകം അരമന വാങ്ങുന്നതിനു മുമ്പ്—സഭയുടെ കേന്ദ്ര ആസ്ഥാനമായിരുന്നതും, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ താമസിച്ചിരുന്നതും ഇവിടെയാണ്. പ. ബാവാതിരുമനസ്സിലെകൂടെ ശെമ്മാശനായി അന്ന് ഞാനും അവിടെ താമസിച്ചിരുന്നു.

എന്നാൽ, ദേവലോകം അരമന വാങ്ങി പ. ബാവാതിരുമേനി അവിടെ താമസമാക്കിയതു മുതൽ മാങ്ങാനം ദയറായുടെ പ്രാധാന്യം കുറഞ്ഞു. അവിടെയുണ്ടായിരുന്ന ചാപ്പൽ കേടുപാടുകൾ പോക്കാൻ പാടില്ലാത്തവണ്ണമുള്ള സ്ഥിതിയിൽ ആയിത്തീർന്നതിനാൽ ഇപ്പോഴത്തെ പ. ബാവാതിരുമേനി ആ ചാപ്പലിനു പകരം ഒരു പള്ളി പണികഴിപ്പിക്കുന്നതിന് ആഗ്രഹിക്കുകയും അതിൻെറ ചുമതല എന്നെ ഏൽപ്പിക്കുകയും ചെയ്തു. 1985–ൽ അതനുസരിച്ച് പള്ളിപണി ആരംഭിച്ചു. 50000 രൂപാ തിരുമേനി തന്നു. പ. ബാവാതിരുമനസ്സിലെ കല്പനപ്രകാരം പല ആളുകളും കാര്യമായ സംഭാവനകൾ നൽകി. ഇപ്പോൾ പള്ളിയുടെ പ്രധാന പണികൾ തീർത്ത് മേൽക്കൂര കയററി തേപ്പും കഴിഞ്ഞു. $3\frac{1}{2}$ ലക്ഷം രൂപയുടെ ഒരു ചെറിയ പ്ലാനായിരുന്നു ആദ്യം തയ്യാറാക്കിയത്. എന്നാൽ സഭയുടെ ഒരു പൊതു സ്ഥാപനമാണ്, സ്ഥിരമായി പണിയുമ്പോൾ ഒരുവിധം വലുതായും ബലവത്തായും പണിയണമെന്നുള്ള പ. ബാവാതിരുമനസ്സിലെ നിർദ്ദേശപ്രകാരം പണികൾ അല്പംകൂടി വലിപ്പപ്പെടുത്തിയതുമൂലം 5 ലക്ഷം രൂപയോളം ഇപ്പോൾ ചെലവായിക്കഴിഞ്ഞു.

(മറുവശം)

നാലരലക്ഷം രൂപയോളം പലരുടെ സംഭാവനയായും, ബനിഫിററ്ഷോ നടത്തിയും ലഭിച്ചിട്ടുള്ളതാണ്. സംഭാവന അയച്ചുതന്ന എല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇനി ഒന്നരലക്ഷം രൂപാകൂടെ ഉണ്ടെങ്കിലേ, വയറിംഗ്, കതകുജനലുകൾ, ത്രോണോസ്, തറ, പെയിൻറിംഗ്, മുററം നിരത്ത് മുതലായ പണികൾകൂടെ നടത്തി പള്ളിപണി പൂർത്തിയാക്കാൻ സാധിക്കൂ. പണത്തിൻെറ കുറവുമൂലം പണികൾ വളരെ മന്ദഗതിയിലാണ് ഇപ്പോൾ നടക്കുന്നത്.

പ. ഗീവർഗീസ് ദ്വിതീയൻബാവാ കാലംചെയ്തിട്ട് 1989 ജനവരി മൂന്നാംതീയതി 25 വർഷം തികയുകയാണ്. തിരുമനസ്സിലെ ചരമജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച്, അദ്ദേഹത്തിൻെറ താമസംമൂലം പരിപാവനമാക്കപ്പെട്ട മാങ്ങാനം ദയറായിലെ പള്ളി, ജൂബിലിസ്മാരകമായി ശോഭിക്കത്തക്കവണ്ണം, പൂർത്തിയാകുന്നത് അനുഗ്രഹമാണെന്ന് കരുതുന്നു.

ആകയാൽ ഈ അവസരത്തിൽ, സഭാംഗങ്ങളായ എല്ലാവരോടും, പ്രത്യേകിച്ച് വലിയ ബാവായുമായി ഇടപെട്ടിട്ടുള്ളവരും, തിരുമനസ്സിലെ സ്നേഹവായ്പും അനുഗ്രഹങ്ങളും മദ്ധ്യസ്ഥതാസഹായങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ളവരുമായ എല്ലാ സുഹൃത്തുക്കളോടും ഒന്നുകൂടി അഭ്യർത്ഥിക്കുകയാണ്; ദയവായി ഈ പള്ളിപണി പൂർത്തിയാക്കുന്നതിന് കഴിവുള്ള സംഭാവനകൾ അയച്ച് സഹായിക്കണമേ എന്ന്.

പള്ളിയുടെ ബാങ്ക്അക്കൗണ്ട് പ. ബസ്സേലിയോസ് മാർ തോമ്മാ മത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സിലെ പേരിലാകയാൽ നിങ്ങളുടെ സംഭാവനകൾ Ebenezer Orthodox Church എന്ന പേരിൽ ചെക്കായോ, മണിഓർഡറായോ എഴുതി പ. ബാവാതിരുമനസ്സിലെ പേർക്കു ദേവലോകം അരമന, കോട്ടയം 686 038 എന്ന മേൽവിലാസത്തിൽ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

ദേവലോകം അരമന,
കോട്ടയം,
10–7–1988.

സ്നേഹപൂർവ്വം
**സഖറിയാ അച്ചൻ**
(വികാരി)

# ക്രിസ്തീയ ജീവിതത്തിൻെറ ഏഴു പടവുകൾ

**എം. അയ്പ്, പുതുപ്പള്ളി**

**വി.** യോഹന്നാൻ ശ്ലീഹാ കർത്താവിൻെറ അതിശയങ്ങളെ അടയാളങ്ങളായി ദർശിക്കുന്നു. അവയാൽ ഏഴ് അതിശയങ്ങൾ (അടയാളങ്ങൾ) തൻെറ സുവിശേഷത്തിൽ തെരഞ്ഞെടുത്തു ചേർത്തിരിക്കുന്നു. അവയിൽകൂടി ആ ദാർശികൻ കാണുന്നത് ക്രിസ്തീയജീവിതത്തിൻെറ ഏഴു പടവുകളാണ്.

1) ഒന്നാമത്തെ അടയാളം വെള്ളം വീഞ്ഞാക്കിയതാണ്. Byron എന്ന ആംഗലേയ കവി ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾ ഒരു ഉപന്യാസ മത്സരത്തിൽ ഈ അതിശയത്തെപ്പററി ഒരുവരി മാത്രം എഴുതി ഒന്നാം സമ്മാനം നേടി. അദ്ദേഹം എഴുതി, ''Water saw its master and blushed'' (അതിൻെറ സൃഷ്ടാവിനെ കണ്ട് വെള്ളം പരിഭ്രമിച്ചു ചുവന്നു). ക്രിസ്തുവിനെ കാണുമ്പോൾ പാപിയായ മനുഷ്യൻ അവൻെറ നിർവീര്യമായ ജീവിതം വിട്ട് വീര്യമുള്ളവനായി മാറും. പാപിയുടെ മാനസ്സാന്തരമാണത്. ശിഷ്യന്മാർ കർത്താവിനോടുകൂടെ നടക്കുകയും ഒടുവിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്തതിൻെറ ഫലമായി മാനസാന്തരപ്പെട്ട് രൂപാന്തരം പ്രാപിച്ചു. ജീവിതം ഉല്ലാസകരം ആക്കുകഎന്നതാണ് ക്രിസ്തീയത്വം നിർവ്വഹിക്കുന്ന ഏററം പ്രധാനമായ പരിവർത്തനം.

2) രണ്ടാമത്തെ അടയാളം രാജഭൃത്യൻെറ മകനെ സൗഖ്യമാക്കുന്നതാണ്. രാജഭൃത്യൻെറ വിശ്വാസം മൂലം മകന് സൗഖ്യം ലഭിച്ചു. അവിടെ യേശു പറഞ്ഞ വാക്ക് വിശ്വസിച്ച് ആ മനുഷ്യൻ പോയി (വി. യോഹ. 4:50) എന്ന് നാം വായിക്കുന്നു. ക്രിസ്തീയ ജീവിതത്തിലെ ഒരു പ്രധാന പടി നിരുപാധികമായി വിശ്വസിക്കുക എന്നതാണ്. വിശ്വാസം മനുഷ്യൻെറ ചിന്തകളേയും തീരുമാനങ്ങളേയും കവിഞ്ഞുള്ള ഒരു മനോഭാവമാണ്. കാരണം അവയേയും ഭരിക്കുന്നത് അവൻെറ വിശ്വാസത്തിൽ അധിഷ്ഠിതമായ വീക്ഷണഗതിയാണ്. ദൈവീകശക്തി നൽകി പൂർണ്ണ സമർപ്പണത്തിൽ വിശ്വാസിയെ എത്തിക്കുന്നത് ഈ മനോഭാവമാണ്.

3) മൂന്നാമത്തെ അടയാളം 38 വർഷം തളർവാതരോഗിയായി ബേഥെസ്ദാ കുളക്കരയിൽ കിടന്ന ഒരു മനുഷ്യനെ കർത്താവ് സൗഖ്യമാക്കുന്നതാണ്. ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ ഉണ്ടായിരുന്ന തേജസ്സ് അവൻ പാപത്തിൽ വീണതോടെ നഷ്ടപ്രായമായി. അത് സ്വയം വീണ്ടെടുക്കുവാൻ അവൻ അപ്രാപ്തനാണ്. ''എഴുന്നേററ് നിൻെറ കിടക്ക എടുത്തു നടക്കുക'' എന്ന കർത്താവിൻെറ ആജ്ഞ അവന് ധൈര്യം നൽകി. കേവലം അസാദ്ധ്യമെന്ന് 38 വർഷമായി കരുതിയിരുന്നത് സാദ്ധ്യമാണെന്ന് വിശ്വസിച്ച് കർത്താവിൻെറ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവൻ പ്രവർത്തിച്ചു. നീയും ഞാനും എന്ന സഹകരണമാണ് അവൻെറ തളർവാതത്തെ ജയിക്കുവാൻ അവനെ സഹായിച്ചത്. ദൈവത്തിൽ ആശ്രയിക്കുന്നവർ അവരുടെ ഭാഗം വിശ്വസ്തതയോടെ നിർവ്വഹിക്കുമ്പോൾ ജയജീവിതം അവർക്ക് അനുഭവമാകുന്നു. ''We make ares in this world. God completes the rounds'' (ഈ ലോകത്തിൽ നാം വക്രരേഖ ഉണ്ടാക്കുന്നു. ദൈവം വൃത്തം പൂർത്തിയാക്കുന്നു) എന്ന് Browning എന്ന കവി എഴുതിയതിൻെറ സാരമിതാണ്. ദൈവത്തിൻെറ പ്രവർത്തനത്തോടൊപ്പം നമ്മുടെ ആത്മാർത്ഥമായ സഹകരണവും വേണ്ടിയിരിക്കുന്നു.

4) നാലാമതായി അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച അടയാളമാണ്. ''ഞാൻ ജീവൻെറ അപ്പമാകുന്നു. എൻെറ അടുക്കൽ വരുന്നവന് വിശക്കയില്ലാ–എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല'' എന്ന് കർത്താവ് പറഞ്ഞു. മനുഷ്യൻെറ അന്തർദാഹം ദൈവത്തിനുവേണ്ടിയാണ്. ശാരീരികമായ വൈശപ്പുകൾക്ക് ഭൗമീക ഭോജ്യങ്ങൾ മതിയാകും. എന്നാൽ അവൻെറ ഹൃദയം കാംക്ഷിക്കുന്നത് ആർക്കുവേണ്ടി അത് സൃഷ്ടിക്കപ്പെട്ടുവോ അവനെയാണ്. വി. അഗസ്റ്റിനോസ് പറയുന്നത് ''Thou hast made our hearts for Thee and they are restless till they rest in Thee'' (ദൈവമേ നീ ഞങ്ങളുടെ ഹൃദയങ്ങളെ നിനക്കായി സൃഷ്ടിച്ചു

അവ നിന്നിൽ വിശ്രമം കണ്ടെത്തുന്നതുവരെ അസ്വസ്ഥമായിരിക്കുന്നു'). കർത്താവിനെ ഉൾക്കൊള്ളുവാനാണ് വി. കുർബാന നാം അനുഭവിക്കുന്നത്. 'എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും' എന്ന് കർത്താവു പറയുന്നു. അവൻ തന്നെത്തന്നെ നമുക്ക് ആഹാരമായി തരുകയാണ്. അവനെ ഹൃദയത്തിൽ നന്ദിപൂർവ്വം നാം സ്വീകരിക്കണം. തിരുശരീരരക്തത്തിൽകൂടെ കർത്താവിന്റെ ജീവൻ നമുക്കു ലഭിക്കുന്നു. വി. കുർബാനയിൽ നമ്മുടെ സ്വയത്തെ കുരിശിച്ചുകൊണ്ട് കർത്താവിനെ നാം സ്വീകരിക്കണം. അപ്പോൾ നിത്യജീവൻ ലഭ്യമാകുന്നു.

5) അഞ്ചാമതായി കർത്താവ് ഗലീല തടാകത്തിന്മേൽ നടന്നതാണ്. കാററും കോളും കൊണ്ട് പ്രക്ഷുബ്ധമായ കടലിൽ അകപ്പെട്ടുപോയ തന്റെ ശിഷ്യന്മാരോട് 'ഞാൻ ആകുന്നു പേടിക്കണ്ടാ' എന്നു കർത്താവു പറഞ്ഞു. 'അവർ അവനെ വഞ്ചിയിൽ കയററുവാൻ ഇച്ഛിച്ചു. ഉടനെ വഞ്ചി അവർ പോകുന്ന ദേശത്ത് എത്തിയിരുന്നു.' (വി. യോഹ. 6:20–21). കർത്താവ് നമ്മുടെ ജീവിതത്തിൽ സദാ വഴികാട്ടിയായി വർത്തിക്കുന്നു. നാം ജീവിതത്തിലെ കൊടുംകാററുകളോട് പോരാടുമ്പോൾ നാം അവനെ നിത്യസഖിയും വഴികാട്ടിയുമായി സ്വാഗതം ചെയ്താൽ അവൻ നമ്മെ നാം എത്തേണ്ട ദേശത്തുതന്നെ എത്തിക്കും. 'Religion is not a shelter from the storms in life but it is an inner spiritual strength to face those storms'' (ജീവിതത്തിലെ കൊടുംകാററുകളിൽ നിന്ന് ഓടിഒളിക്കുവാനുള്ള ഒരു അഭയസങ്കേതമല്ലാ മതം, പ്രത്യുത അവയെ അഭിമുഖീകരിക്കുവാനുള്ള ഒരു ആന്തരീക ശക്തിയാണ് അത്.)

6) ആറാമതായി പിറവി കുരുടനെ സൗഖ്യമാക്കിയ അടയാളമാണ്. 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും' (വി. യോഹ. 8:12–13). ഇതുവരെയും പ്രസ്താവിച്ചതെല്ലാം നമ്മുടെ ആന്തരീകമായ രൂപാന്തരങ്ങളാണ്. ക്രിസ്ത്യാനി ലോകത്തിന്റെ വെളിച്ചം ആകുന്നു. സൂര്യന്റെ വെളിച്ചം ചന്ദ്രനിൽ പ്രതിബിംബിക്കുമ്പോൾ ചന്ദ്രൻ പ്രകാശിക്കുന്നതുപോലെ മനുഷ്യൻ കർത്താവിന്റെ വെളിച്ചത്തെ പ്രതിബിംബിക്കുന്നവനായി തീരണം.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ഡബ്ൾസി ആൻഡ് അനിയൻ, പാററ്നാ.



# നിന്നിൽ തിളങ്ങുന്ന ഞാൻ

എന്നിൽ വസിക്കുന്ന നിന്നെ സ്തുതിക്കുവാൻ
എന്നാളുമെൻ നാവിൽ സംഗീതമായ് വരൂ
മൺമയമെൻ നരവേഷത്തിൽ 'ജീവനും'
ആത്മാവുമായതുമങ്ങാണു ചിന്മയാ.

ഗർഭസ്ഥസൂനുപോൽ നിൻ മനശാന്തിയിൽ
കല്പാന്തകാലമായ് ഞാനിരുന്നീല്ലയോ
തന്നൊരീജന്മമോർത്തെന്നും സ്തുതി പരാ
ഭൂതലം ശോഭനം! നിൻ മഹാ വൈഭവം!!

'നീയാണ്'' ഞാനെന്ന ബോധം തരികെന്നിൽ
'നീയായ' മർത്ത്യരെ സ്നേഹിച്ചു വാഴുവാൻ
നീയാണു സർവ്വവും നീയാണു സ്വർഗ്ഗവും
നീയാണദൃശ്യമാം വാനവും നിത്യനേ

എന്നിൽ നീ നിന്നിൽ ഞാനണ്ഡകടാഹങ്ങ-
ളെല്ലാം തവ 'സ്നേഹ' ബന്ധനം,
വിസ്മയം!
ഞാൻ കാൺമതൊക്കെയും നീയാണു
സത്യമായ്
ആദിയുമന്തിയും കാലവും നീ വിഭോ

നിന്നിൽ നിന്നല്ലോ ചരാചരസഞ്ചയം
നീ പരിപാലിപ്പൂ ഭൂതവും ഭാവിയും
സൃഷ്ടിയെ പോററുന്ന തൃക്കൈകളല്ലയോ
ദുഷ്ടതയ്ക്കന്ത്യം വരുത്തുന്നു ഭൂമിയിൽ

ദുഃഖങ്ങളും സുഖമിഥ്യകളും കൊണ്ടു
മർത്ത്യരെ മായയിൽ മുക്കുന്ന ചിൽപ്പുമാൻ
പൂഴിയും പർവ്വതശ്രേണിയുമൊന്നുപോൽ
കാണുന്നു തീർക്കുന്നു നിൻശില്പവൈഭവം

നിന്നിൽ സമർപ്പിതം എൻ കർമ്മം യേശുവേ
നിന്നിലീ ജീവിതമെന്നും വിളങ്ങണം
'നീയെന്ന' സ്നേഹത്തിൽ ഞാനലിഞ്ഞീടുവാൻ
നിർമ്മലമാക്കുകെൻ ചിന്തയും കർമ്മവും.

'ദൈവമേ'യെൻ ജീവശ്വാസമറും വരെ
'നിന്നെ സ്തുതിക്കുവാൻ മാത്രമെൻ
ജീവിതം
സ്തോത്രഗാനങ്ങൾതൻ താളമാണെന്നിലെ
ഹൃത്തടത്തിന്റെ നിരന്തര സ്പന്ദനം.

**സാമുവേൽ, കൂടൽ**

''We kneel before God that we may face the man in the market'' എന്ന് Barclay പ്രസ്താവിക്കുന്നു. (ദൈവതിരുമുമ്പാകെ നാം മുട്ടുകുത്തുന്നത്, ചന്തയിലെ മനുഷ്യനെ അഭിമുഖീകരിക്കുന്നതിനുവേണ്ടിയാണ്). Tennyson ഇപ്രകാരം എഴുതി, As one lamp lights another / So nobility enkindles nobility'' (ഒരു വിളക്ക് മറ്റൊന്നിനെ കത്തിക്കുന്നതുപോലെ ശ്രേഷ്ഠത ശ്രേഷ്ഠതയെ ഉജ്ജ്വലിപ്പിക്കുന്നു). കത്തിനിൽക്കുന്ന ഒരു വിളക്കിനു മാത്രമേ വേറൊരു വിളക്കിനെ കത്തിക്കാനാവൂ. അപ്രകാരംതന്നെ ഒരു മനുഷ്യന്റെ ശ്രേഷ്ഠത അപരനിൽ ശ്രേഷ്ഠതയെ ഉദ്ദീപിപ്പിക്കുന്നു.

Tagore ഒരു സാങ്കല്പിക കഥയിൽകൂടി ഈ സത്യം വെളിപ്പെടുത്തുന്നു. സൂര്യൻ പകലന്തിയോളം ചൂടും വെളിച്ചവും ലോകത്തിനു നൽകി, വൈകുന്നേരം എല്ലാ ജീവജാലങ്ങളേയും വിളിച്ചുകൂട്ടി ഇങ്ങനെ പറഞ്ഞു: 'ഞാൻ ഈ പകൽ മുഴുവനും നിങ്ങൾക്ക് ചൂടും വെളിച്ചവും പകർന്നുതന്നു. ഇനിയും ഞാൻ വിശ്രമിക്കുന്നു. ഞാൻ തിരിച്ചെത്തുംവരെ ആര് ഈ ജോലി നിർവ്വഹിക്കും?' ഈ കൃത്യനിർവ്വഹണത്തിന് ഓരോ ജീവജാലങ്ങളും അശക്തരെന്നു പറഞ്ഞ് പിന്മാറിയപ്പോൾ ഒരു ചെറിയ മിന്നാമിനുങ്ങ് അതിന് ദൈവം നൽകിയിട്ടുള്ള ചെറിയ പ്രകാശവുമായി മുമ്പോട്ടു വന്നു പറഞ്ഞു: 'ഞാൻ ജീവികളിൽ ഏററവും ചെറിയവനാണ്. എങ്കിലും ദൈവം എനിക്ക് ചെറിയ ഒരു പ്രകാശം തന്നിട്ടുണ്ട്. നീ തിരിച്ചെത്തുന്നതുവരെയും ആ പ്രകാശം ഞാൻ ലോകത്തിനു നൽകിക്കൊള്ളാം'. ഇതുപോലെ നാമും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കർത്താവിനു ശേഷം നാം ലോകത്തിന് മാർഗ്ഗദർശികളാകേണ്ടിയിരിക്കുന്നു.

7) ഏഴാമതായി ലാസറിനെ ഉയിർപ്പിച്ച അടയാളമാണ്. 'ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു' എന്നു കർത്താവ് അരുളിച്ചെയ്തു. 'എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കയുമില്ലാ' (വി. യോഹ. 11:25–26) എന്നു കർത്താവു പറഞ്ഞു. ക്രിസ്തു നമ്മുടെ ജീവൻ ആകുന്നു. ആ ജീവന്റെ പരിണിതഫലമാകുന്നു പുനരുത്ഥാനം. നമ്മുടെ കർത്താവിൽ കൂടെ ദൈവത്തിന്റെ നിത്യജീവനെ പ്രാപിച്ചവർ നിത്യതയിലേക്ക് പുനരു

# അപകടങ്ങൾ സംഭവിക്കുമ്പോൾ ദൈവം എന്തുകൊണ്ട് തടയുന്നില്ല

നിരീശ്വരവാദികളും യുക്തിവാദികളും മാത്രമല്ല പല ഈശ്വര വിശ്വാസികളും ചോദിക്കുന്ന ചോദ്യമാണ്, മനുഷ്യർക്ക് സംഭവിക്കുന്ന അപകടങ്ങൾ ദൈവം അറിയുന്നില്ലെ? അറിയുന്നെങ്കിൽ എന്തുകൊണ്ട് അവയെ തടയുന്നില്ല?

''കാശിന് രണ്ട് കുരികിലിനെ വിൽക്കുന്നില്ലയോ അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവു സമ്മതിക്കാതെ നിലത്ത് വീഴുകയില്ല. എന്നാൽ നിങ്ങളടെ തലയിലെ രോമവുമെല്ലാം എണ്ണപ്പെട്ടിരിക്കുന്നു: ആകയാൽ ഭയപ്പെടേണ്ട ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലൊ''. (വി. മത്താ. 10: 29–31) നിസ്സാരജീവിയായ കുരികിലും തലയിലെ രോമം പോലും പിതാവാം ദൈവം അറിയാതെ നിലത്തു വീഴുകയില്ല എന്ന് കല്പിച്ച കർത്താവ് തന്റെ സ്വന്തരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യർ പ്രകൃതിക്ഷോഭം അപകടങ്ങൾ എന്നിവയിൽ കൂടി മരിക്കുമ്പോൾ തീർച്ചയായും അറിയാതിരിക്കുകയില്ല.

അഗ്നി, വൈദ്യുതി എന്നിവയോട് അടുക്കുമ്പോൾ അപകടങ്ങൾ ഉണ്ടാകും എന്ന് അറിയുന്നതിനാൽ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്താൽ അപകടങ്ങൾ ഒഴിവാക്കാം. എന്നാൽ

ത്ഥാനം ചെയ്യുന്നു. ലാസറിനെ ഉയർപ്പിച്ചത് ഈ പാഠം ലോകത്തിന് നൽകുവാനാണ്. ഇത് ഇഹപരലോകങ്ങളിൽ നടക്കുന്ന ഒരു പ്രതിഭാസമാണ്. 'ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേററിരിക്കുന്നു'

(കൊലാ. 3: 1)

ഇതിന്റെ ആന്തരീയ അനുഭവം നാം സ്നേഹത്തിൽ നിറയുന്നതാകുന്നു. 'നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ അറിയുന്നു. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു' (1 യോഹ. 3:14).

ഇപ്രകാരം സുവിശേഷകൻ ക്രിസ്തീയജീവിതത്തിലെ ഏഴു പടികൾ ഈ അടയാളങ്ങളിലൂടെ വെളിവാക്കുന്നു. 1) മാനസാന്തരം 2) വിശ്വാസം 3) കർത്താവിനോടുള്ള സഹകരണം. 4) നമ്മെ ബലിയായി അർപ്പിച്ച് കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭുജിച്ച് ജീവശക്തി പ്രാപിക്കുന്നത് 5) കർത്താവ് തടസ്സങ്ങളെ തരണം ചെയ്യാൻ സഹായിക്കുന്നത് 6) നാം മാർഗ്ഗദർശികളായിത്തീരുന്നത് 7) സ്നേഹത്തിൽ നിറഞ്ഞ് നിത്യജീവൻ കരസ്ഥമാക്കുന്നത്.

—o—

## അപേക്ഷകൾ ക്ഷണിക്കുന്നു

അമേരിക്കയിലെ ന്യൂയോർക്ക് ക്യൂൻസ് സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക മർത്തമറിയം സമാജം നമ്മുടെ സഭയിലെ സമർത്ഥരും കോളേജ് പഠനത്തിനു സാമ്പത്തികമായി ഞെരുങ്ങുന്നവരുമായ നാല് വിദ്യാർത്ഥികൾക്ക് 1000 രൂപാ വീതം സ്കോളർഷിപ്പ് നൽകുന്നതാണ്. ഇതിന് അർഹരായ വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷയോടൊപ്പം രക്ഷകർത്താവിന്റെ വാർഷിക വരുമാന സർട്ടിഫിക്കററും, കഴിഞ്ഞ പരീക്ഷയുടെ മാർക്കുലിസ്റ്റും, ഇപ്പോൾ പഠിക്കുന്ന കോളേജിലെ സർട്ടിഫിക്കററും, ഇടവകവികാരിയുടെ ശുപാർശക്കത്തും ഉണ്ടായിരിക്കണം. അപേക്ഷകൾ സെപ്റ്റംബർ 15–ാം തീയതിക്കു മുമ്പായി സെക്രട്ടറി, എം. എം. എസ്. ക്യൂൻസ് സ്കോളർഷിപ്പ്, C/o. മലങ്കര സഭ, കോട്ടയം–38 എന്ന വിലാസത്തിൽ അയച്ചിരിക്കണം. കഴിഞ്ഞവർഷം ഞങ്ങളുടെ സ്കോളർഷിപ്പ് ലഭിച്ചവർക്കും അപേക്ഷിക്കാം.

മറേറതെങ്കിലും സ്ഥലത്ത് സ്കോളർഷിപ്പിനായി അപേക്ഷിച്ചിട്ടുള്ളവർ ഇതിലേക്ക് അപേക്ഷിച്ചുകൂടാ.

ക്യൂൻസ് — മിസ് റിബേക്കാ മാത്യു
ന്യൂയോർക്ക് — സെക്രട്ടറി



ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ ഡ്രൈവർ എത്ര ശ്രദ്ധിച്ചാലും ബ്രേയിക്ക് പൊട്ടിയും നിയന്ത്രണം വിട്ടും മരത്തിൽ ഇടിച്ചും, കൊക്കയിലേക്ക് മറിഞ്ഞും അപകടങ്ങൾ ഉണ്ടാകുന്നു. തീവണ്ടി പാളം തെററിമറിഞ്ഞുവീണ് എത്ര മനുഷ്യരാണ് മരിക്കുകയും മുറിവേല്ക്കുകയും ചെയ്യുന്നത്? ഈ അപകടങ്ങൾ നാം കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ദൈവം ഇവയെല്ലാം അറിയുകയും കാണുകയും ചെയ്യുന്നില്ലെ എന്ന് ചോദിക്കുക സ്വാഭാവികമാണ്. സർവ്വജ്ഞനായ ദൈവം അറിയുന്നു.

എന്തുകൊണ്ട് ദൈവം അപകടങ്ങൾ അനുവദിക്കുന്നു എന്ന ചോദ്യം അവശേഷിക്കുന്നു.

ദൈവം ചില പ്രത്യേക സംഗതികളെക്കുറിച്ച് മുൻകൂട്ടി പ്രവചിക്കുകയും അവ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണം ദൈവപുത്രന്റെ കന്യകയിൽ നിന്നുള്ള ജനനം, മനുഷ്യരക്ഷയ്ക്കവേണ്ടിയുള്ള ക്രൂശുമരണം, മൂന്നാം ദിവസത്തെ ഉയിർപ്പ്, സ്വർഗ്ഗാരോഹണം ഇവയെല്ലാം നടന്നിട്ടുള്ള ചരിത്രസംഭവങ്ങളാണ്. യേശു

## സി. കെ. ജോസഫ് റമ്പാൻ

നടക്കുവാനുള്ള സംഗതിയെക്കുറിച്ച് പറഞ്ഞിട്ടുള്ളത് തന്റെ രണ്ടാമത്തെ വരവാണ്. അത് അതിന്റെ സമയമാകുമ്പോൾ സംഭവിക്കുകയും ചെയ്യും. മനുഷ്യനിർമ്മിതമായ വാഹനങ്ങൾക്ക് തകരാറുകൾ എപ്പോൾ സംഭവിക്കുമെന്ന് പ്രവചിക്കുക മനുഷ്യർക്ക് പ്രയാസമാണ്. അതിൽകൂടി ഉണ്ടാകുന്ന അപകടങ്ങൾ ഉണ്ടായിക്കഴിഞ്ഞതിനുശേഷമെ അവർ അത് അറിയുകയുള്ളു. അപകടങ്ങൾ ഉണ്ടാകുമ്പോൾ മനുഷ്യമനസ്സ് വേദനിക്കും എന്നുള്ളത് വാസ്തവമാണ്.

വേദന അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ ആശ്വാസദായകന്മാരെ അപ്പഴപ്പോൾ ദൈവം ഉയർത്തിക്കൊണ്ടുവരും. അവരിൽകൂടി ഉററവരുടെ വേർപാടുമൂലം അനാഥരാകുന്നവർക്കും കഷ്ടപ്പെടുന്നവർക്കും ദൈവം ആശ്വാസം പകർന്നുകൊടുക്കുന്നു. അവരുടെ ഭാവിക്കു വേണ്ടതും ചെയ്യിപ്പിക്കുന്നു. മരിച്ചുപോകുന്നവരുടെ ആത്മാക്കളെ തന്നോടൊന്നിച്ച് സന്തോഷവും ആനന്ദവുമനുഭവിക്കുന്നതിനായി ദൈവം തന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുപോകയാണ് ചെയ്യുന്നത്. ഈ പ്രത്യാശയാണ് ജീവനോടുകൂടെ ശേഷിക്കുന്നവരായ നമുക്ക് ഉണ്ടാകേണ്ടത്. 'ഈ വചനങ്ങളെകൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ' എന്നാണല്ലോ വിശുദ്ധനായ പൗലൂസും നമ്മെ ഓർമ്മിപ്പിക്കുന്നത്. ഈ ആശ്വാസവചനങ്ങളാൽ അന്യോന്യം ആശ്വസിപ്പിക്കുകയും സമാധാനം കണ്ടെത്തുകയുമാണ് ഓരോരുത്തരുടെയും കടമയും ചുമതലയും എന്ന് ഓർമ്മിപ്പിക്കുന്നു.

ഇതോടുകൂടെ താഴെ പറയുന്ന കാര്യങ്ങൾ കൂടെ വായനക്കാരുടെ ശ്രദ്ധയിൽപെടുത്തിക്കൊള്ളട്ടെ.

(പ.)

''എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട് ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും'' (വി. യോഹ. 14: 2–3) എന്ന് കർത്താവ് പറയുന്നു. 'ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല' (1 കൊരി. 2.9) എന്ന് വി. പൗലോസും പറയുന്നു.

പരിശീലനക്കളരി മാത്രമായ ഈ ലോകത്തിലെ ജീവിതത്തിന്റെ ദൈർഘ്യം ദൈവം അല്പം കുറയ്ക്കുന്നത് നിർഭാഗ്യമായി കരുതേണ്ടതില്ല. പരലോകത്തെക്കുറിച്ചുള്ള യാഥാർത്ഥ്യബോധമില്ലാത്തതുകൊണ്ടാണ് നിർഭാഗ്യമായി കരുതുന്നത്. ഈ ലോകത്തിലെ കഷ്ടതകൾ, പരലോകത്തിലെ നിത്യസൗഭാഗ്യങ്ങൾക്ക് ഹേതുവാകുന്നെങ്കിൽ കഷ്ടതകൾ ദൈവദത്തമായ ഭാഗ്യങ്ങളായി പരിഗണിക്കുന്നതിൽ തെററില്ല.

ചുരുക്കി പറഞ്ഞാൽ നാം ദൈവത്തോട് സഹകരിക്കുകയും ദൈവഹിതത്തിന് കീഴ്പ്പെട്ട് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അപകടങ്ങളിൽ നിന്നും നന്മ ഉളവാക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണ് ദൈവം അവയെ തടയാതിരിക്കുന്നത്. ചില അവസരങ്ങളിൽ ദൈവം അവയെ തടയുകയും ചെയ്യുന്നുണ്ട്. 'മനുഷ്യർക്ക് നടപ്പില്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തൻ. നിങ്ങൾക്ക് കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷ

# സഭാ വാർത്തകൾ

## മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

തിരുവനന്തപുരം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ ഭദ്രാസന അരമനയും ഓഫീസും കുമാരപുരത്തുനിന്ന് ഉള്ളൂർ പുതുതായി പണികഴിപ്പിച്ചിട്ടുള്ള ഓർത്തഡോക്സ് സെൻററിലേക്ക് മാററി താമസമാക്കിയിരിക്കുന്നു. അദ്ദേഹത്തിന്റെ പുതിയ മേൽവിലാസം ഓർത്തഡോക്സ് സെൻറർ, ഉള്ളൂർ, തിരുവനന്തപുരം—11 എന്നായിരിക്കും. ഫോൺ 82509.

## പനയംപാല പള്ളി

പനയമ്പാല സെ. മേരീസ് ഓർത്തഡോക്സ് പള്ളി പുതുക്കി പണികഴിപ്പിക്കുന്നതിനുള്ള ശിലാസ്ഥാപനം ജൂലൈ 14—ാം തീയതി വി. കുർബാനയ്ക്കുശേഷം പ. ബാവാ തിരുമേനി നിർവ്വഹിച്ചു.

## കശ്ശീശാ പട്ടം നൽകി

തുമ്പമൺ: സെ. മേരീസ് കത്തീഡ്രൽ ഇടവകയിൽ തേവത്തുമണ്ണിൽ കോശി ജോണിന്റെ മകൻ ഡീക്കൻ സാമുവേൽ ജോണിന് ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ പീലിപ്പോസ് മാർ യൗസേബിയോസ് തിരുമനസ്സിലെ സഹകരണത്തിൽ കശ്ശീശാപട്ടം നൽകി.

പുളിക്കീഴ്: വലിയപറമ്പിൽ വി. ഐ. ചാക്കോയുടെ മകൻ സി. ഏബ്രഹാം ജേക്കബിന് തിരുവല്ല ബഥനി അരമന ചാപ്പലിൽ വച്ച് സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കശ്ശീശാ പട്ടം നൽകി.

കൊട്ടാരക്കര: പറങ്കിമാമ്മൂട്ടിൽ ഫാ. പി. വൈ. ജോർജിന്റെ മകൻ ഡീക്കൻ ജോസഫ് ജോർജിന് നിയുക്ത കാതോലിക്കാ മത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ മത്യൂസ് മാർ എപ്പിഫാനിയോസ് തിരുമനസ്സിലെ സഹകരണത്തോടുകൂടി ചെങ്ങമനാട് ബേഥലഹേം ആശ്രമ ചാപ്പലിൽവച്ച് കശ്ശീശാപട്ടം നൽകി.

## ഓർമ്മദിനം കൊണ്ടാടി

കോട്ടയം എം. ഡി. സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപെരുനാൾ അദ്ദേഹം കബറടങ്ങിയിട്ടുള്ള പഴയസെമിനാരിയിൽ ജൂലൈ 12—ാം തീയതി കൊണ്ടാടി. പ. കാതോലിക്കാബാവാ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ അന്നേദിവസം പീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി സെമിനാരി ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. വി. കുർബാന മദ്ധ്യേ തിരുമേനി പ്രസംഗിച്ചു. വി. കുർബാനയെ തുടർന്ന് കബറുങ്കൽ ധൂപപ്രാർത്ഥന, പ്രദക്ഷിണം, നേർച്ചവിളമ്പ് മുതലായ ചടങ്ങുകളും ഉണ്ടായിരുന്നു.

## ഫാ. മത്തായി വിലനിലം

### കൊല്ലം ഭദ്രാസന സെക്രട്ടറി

കൊല്ലം ഭദ്രാസന സെക്രട്ടറിയായി ഫാ. മത്തായി വിലനിലം രണ്ടാം പ്രാവശ്യവും തെരഞ്ഞെടുക്കപ്പെട്ടു. ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ കൂറിലോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ ഭദ്രാസനപ്പൊതുയോഗമാണ് ബ. അച്ചനെ തെരഞ്ഞെടുത്തത്.

---

യോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും' (1 കൊരി. 10:13). എപ്പോഴും തടയണമെന്നും എപ്പോഴും തടയാതിരിക്കണമെന്നും ദൈവമാണ് നിശ്ചയിക്കുന്നത്. അത് നമ്മുടെ പാപവും പുണ്യവും നോക്കിയല്ല. കാരണം ദൈവം ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ' (വി. മത്താ. 5:45) എന്ന് കർത്താവ് പറയുന്നു. ദൈവത്തിന്റെ നന്മയ്ക്ക് മാററമില്ല. 'യഹോവയായ ഞാൻ മാറാത്തവൻ. അതുകൊണ്ട് യാക്കോബിന്റെ പുത്രന്മാരേ, നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു' (മലാഖി 8:6)

ഈ ലോകത്തിൽ സുഖമായും സന്തോഷമായും ജീവിക്കുവാൻ നമ്മെ സഹായിക്കുകയെന്നതിനെക്കാൾ പരലോകത്തിൽ നിത്യസൗഭാഗ്യമനുഭവിക്കുന്നതിന് തക്കവണ്ണം നമ്മെ ശുദ്ധീകരിച്ച് പൂർണ്ണതയിലേക്ക് വളർത്തുകയെന്നതാണ് ദൈവത്തിന്റെ ലക്ഷ്യം.

—ം—



(6—ാം പേജിൽനിന്നും തുടർച്ച)

## ധ്യാനപംക്തി

യിലേക്കുള്ള യാത്രയിൽ, കൂരിരുൾ താഴ്വര കടക്കേണ്ടിവരുന്നതുപോലെ, ചില കഷ്ടതകൾ ഞങ്ങളുടെ ജീവിതയാത്രയിലും ഉണ്ടാകാം. അവയിൽകൂടി നീ ഞങ്ങളെ നന്മയിലേക്കു നയിക്കുകയാണെന്ന ദർശനം ഞങ്ങൾക്കു നൽകണമെ. എല്ലാ ഭാരങ്ങളും പ്രയാസങ്ങളും നിന്നിൽ സമർപ്പിപ്പാനും, അങ്ങനെ ആശ്വാസവും സമാധാനവും കണ്ടെത്തുവാനും, ഞങ്ങളെ സഹായിക്കണമെ. ''ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. ഭ്രമിച്ചുനോക്കേണ്ട; ഞാൻ നിന്നെ സഹായിക്കും'' എന്നു പ്രവാചകനോട് അരുളിച്ചെയ്ത തിരുവചനം ശ്രവിക്കുവാനും, അങ്ങനെ ധൈര്യം കണ്ടെത്തുവാനും, ഞങ്ങളെ സഹായിക്കണമെ—ആമ്മീൻ

### ഗീതം

യാഹെന്ന ദൈവമെന്നിടിയനഹോ
യാതൊരു കുറവുമില്ലെനിക്കിനിയും
പച്ചപ്പുൽപ്പുറത്തെന്നെ കിടത്തുന്നവൻ
നിശ്ചലജലമെന്നെ കുടിപ്പിക്കുന്നു.

സന്തതമെന്നുള്ളം തണുപ്പിക്കുന്നു
തൻ തിരുപാതയിൽ നടത്തുന്നെന്നെ
കൂരിരുൾ താഴ്വരയതിൽ നടന്നാൽ
സാരമില്ലെനിക്കൊരു ഭയവുമില്ല.

ഉന്നതനെന്നോടുകൂടെയുണ്ട്
തന്നിടുന്നാശ്വാസം തൻവടികോൽ
എനിക്കൊരു വിരുന്നവനൊരുക്കിടുന്നു
എന്നുടെ വൈരികളിൻ നടുവിൽ

ശിരസ്സിനെ അഖിലവും അനുദിനവും
പൂശുന്നു സൗരഭ്യതൈലമതാൽ
എന്നുടെ പാനപാത്രം ദിനവും
ഉന്നതൻ കരുണയാൽ കവിഞ്ഞിടുന്നു.

നന്മയും കരുണയും എന്നായുസ്സിൽ
പിൻതുടർന്നിടുന്നു അനുദിനവും
സ്വർഗ്ഗീയ ആലയം തന്നിലീഞാൻ
ദീർഘകാലം വസിക്കും ശുഭമായ്

—ം—

---

## ഫാ. കെ. ഒ. ഫിലിപ്പ്

### ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി

ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറിയായി ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി വികാരി ഫാ. കെ. ഓ. ഫിലിപ്പ് തെരഞ്ഞെടുക്കപ്പെട്ടു. ഇടവക മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസ്യോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന ഭദ്രാസനപ്പൊതുയോഗമാണ് ബ. അച്ചനെ തെരഞ്ഞെടുത്തത്.

## ഓതറ ദയറാ

ഓതറ സെ. ജോർജ് ദയറായുടെ ചുമതല
പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാന
പ്രകാരം മത്യൂസ് മാർ കൂറിലോസ് മെത്രാപ്പോ
ലീത്തായിൽ നിന്ന് വിടർത്തി ചെങ്ങന്നൂർ ഭദ്രാ
സന മെത്രാപ്പോലീത്തായുടെ ചുമതലയിൽ
പ. ബാവാ തിരുമേനി ആക്കിയിരിക്കുന്നു.
ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അ
ത്താനാസ്യോസ് തിരുമനസ്സുകൊണ്ട് ജൂലൈ
17—ാം തീയതി ഞായറാഴ്ച ദയറാ ചാപ്പലിൽ
വി. കുർബാന അർപ്പിക്കുകയും തുടർന്ന് ദയറാ
യിൽ താമസമാക്കുകയും ചെയ്തു. വി.
കുർബാനമദ്ധ്യേ തേയോഫോറോസ് റമ്പാൻ
കോറെപ്പിസ്കോപ്പാ പ്രസംഗിച്ചു. ധാരാളം
ആളുകൾ വി. കുർബാനയിൽസംബന്ധിച്ചു.

## ഫാ. ആദായി

ബോംബെ ദാദർ പള്ളി വികാരിയായിരുന്ന ഫാ. പൗലൂസ് ആദായി അമേരിക്കയിൽ ന്യൂയോർക്കിലെ ന്യൂ സിററി സെ. ജോൺസ് പള്ളി വികാരിയായി ചാർജ് എടുത്തിരിക്കുന്നു. ജൂൺ 19—ാം തീയതി ഇടവക മെത്രാപ്പോലീത്താ സെ. ജോൺസ് പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് വികാരിയായി ഫാ. ആദായിയെ നിയമിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും ചാർജ് നൽകുകയും ചെയ്തു.

## സുവാർത്താ മിഷന്റെ ധ്യാനയോഗങ്ങൾ

ഇമാം സുവാർത്ത മിഷന്റെ ആഭിമുഖ്യത്തിൽ കോട്ടയം ഭദ്രാസനത്തിൽ പെട്ട മണർകാട് ഇമാം നഗറിൽ സെപ്ററമ്പർ 11 ഞായർ മുതൽ 18 ഞായർ വരെ 8 ദിവസക്കാലം സുവിശേഷധ്യാനയോഗങ്ങൾ നടത്തപ്പെടുന്നതാണ്. വൈകുന്നേരം 6.30 മുതൽ 8.30 വരെ പ്രാർത്ഥനായോഗങ്ങൾ ഉണ്ടായിരിക്കും. സെപ്ററമ്പർ 12 തിങ്കൾ മുതൽ 17 ശനി വരെ പകൽ 9 മുതൽ 3 മണിവരെ ധ്യാനയോഗങ്ങൾ ഉണ്ടായിരിക്കും. ധ്യാനയോഗങ്ങളിൽ ഓരോ ദിവസവും ഓരോ ധ്യാനപ്രസംഗവും, ''സഭയും പാരമ്പര്യവും'' എന്ന വിഷയത്തെക്കുറിച്ചുള്ള പ്രസംഗവും നടത്തും. കെ. കെ. റോഡിൽ മണർകാട് കുരിശുകവലക്കു പടിഞ്ഞാറാണ് ഇമാം നഗർ.

## 70-ാം ജന്മദിനം ആഘോഷിച്ചു

പത്തനംതിട്ട നന്നുവക്കാട് പൊട്ടുവാഹനി ല്ക്കുന്നതിൽ പി. ജി. ജോർജ് ഉപദേശിയുടെ 70-ാം ജന്മദിനം നന്നുവക്കാട് മാർ ഗ്രീഗോറിയോസ് പള്ളിയിൽ വച്ച് ജൂൺ 20-ന് ആഘോഷിച്ചു.

വി. കുർബാനയ്ക്കുശേഷം പള്ളി അങ്കണത്തിൽ ചേർന്ന അനുമോദന സമ്മേളനത്തിൽ റിട്ട. ഡെ. കളക്ടർ ഐ. ഇടുക്കുള ആദ്ധ്യക്ഷം വഹിച്ചു. വെരി. റവ: എം. റ്റി. ജോസഫ് കോർ എപ്പിസ്കോപ്പാ, ജോർജ് പ്ളാന്തോട്ടത്തിൽ, പൊടിക്കുഞ്ഞ്, റ്റി. സി. കുഞ്ഞുമ്മൻ, ഫാ. തോമസ് മാത്യു, കുഞ്ഞുമ്മൻ മത്തായി എന്നിവർ പ്രസംഗിച്ചു. ഉപദേശിയുടെ മകൻ റവ. ഫാ. സാം. പി. ജോർജ് കൃതജ്ഞത പറഞ്ഞു.

## തിയോളജിക്കൽ അസോസിയേഷൻ

കോട്ടയം:— ഓർത്തഡോക്സ് സെമിനാരിയിലെ തിയളോജിക്കൽ അസോസിയേഷന്റെ ഈ അദ്ധ്യായന വർഷത്തെ പ്രവർത്തനോദ്ഘാടനം മഹാത്മാഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ: യു ആർ. അനന്ത മൂർത്തി. ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരി ഓഡിറേറാറിയത്തിൽ വച്ച് നിർവഹിച്ചു. ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും സമൂഹത്തിൽ അച്ചടക്കം വളർത്തുന്നതിലും ക്രിസ്തുമതം നൽകുന്ന ഊന്നൽ ഏററവും അഭികാമ്യമാണെന്നു അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ എടുത്തുപറഞ്ഞു.

സെമിനാരി പ്രിൻസിപ്പൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. വിദ്യാഭ്യാസം ധാർമ്മീകമൂല്യങ്ങളിൽ അധിഷ്ടിതമായിരിക്കണമെന്ന് അഭിവന്ദ്യ തിരുമേനി അദ്ധ്യക്ഷ പ്രസംഗത്തിൽ സൂചിപ്പിച്ചു. പരിശുദ്ധ കാതോലിക്കാബാവായും മെത്രാപ്പോലീത്തമാരും ഈ ചടങ്ങിൽ സംബന്ധിച്ചു. സെമിനാരി സീനിയർ വിദ്യാർത്ഥി ഡീക്കൻ എം. സി. പൗലോസ് വൈസ് ചാൻസിലറെ മാലയിട്ടു സ്വീകരിച്ചു. അസോസിയേഷൻ ജനറൽ സെക്രട്ടറി ഡീക്കൻ ടി. പി. കുര്യൻ സ്വാഗതവും ഫിലിപ്പ് എബ്രഹാം നന്ദിയും പറഞ്ഞു.

## ഓണവാര സുവിശേഷയോഗം

കൊല്ലം ഭദ്രാസന സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്ററ് 26, 27, 28 തീയതികളിൽ കൊടുവിള സെൻറ് ഏലിയാസ് ഓർത്തഡോക്സ് പള്ളി കേന്ദ്രമാക്കി ഓണവാര സുവിശേഷയോഗം നടത്തുന്നു. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഫാ. എ. ഡാനിയേൽ, ഫാ. വറുഗീസ് ജോൺ, റ്റി. ജെ. അലക്സാണ്ടർ, മാത്യു തോമസ് എന്നിവർ പ്രസംഗിക്കും.

## ശിലാസ്ഥാപനം

പാമ്പാടി മാർ ഗ്രീഗോറിയോസ്, പാറേട്ടു മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ കബറടങ്ങിയിട്ടുള്ള പൊത്തംപുറം മാർ കുറിയാക്കോസ് ദയറാ ചാപ്പൽ പുതുക്കിപ്പണിയുന്നതിനുള്ള ശിലാസ്ഥാപനം ജൂലായ്മാസം 15-ാം നു മാർ കുറിയാക്കോസ് സഹദായുടെ പെരുന്നാൾ ദിവസം പ: കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിർവഹിച്ചു. ഇടവക മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. മൂന്നിന്മേൽ കുർബാനയെതുടർന്നാണ് പ. ബാവാ കല്ലിടീൽ കർമ്മം നിർവഹിച്ചത്. പള്ളിപണിയിൽ എല്ലാ ആളുകളും ശാരീരികമായും, സാമ്പത്തികമായും, സഹായിക്കണമെന്നും പള്ളിപണി എത്രയും വേഗം പൂർത്തീകരിക്കുവാൻവേണ്ടി പ്രാർത്ഥിക്കണമെന്നും പ: കാതോലിക്കാബാവാ ഉത്ബോധിപ്പിച്ചു. അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ തെയോഫോറസ് റമ്പാൻ കോർഎപ്പിസ്ക്കോപ്പാ, സമുദായട്രസ്ററി പി. സി. എബ്രഹാം, ബിൽഡിംഗ്കമ്മററി കൺവീനർ പി. സി ചെറിയാൻ, ആർക്കിടെക്ററർ ഫിലിപ്പ് മാത്യു ആദിയായവർ ചടങ്ങിൽ സംബന്ധിച്ചു. തുടർന്ന് പ്രദക്ഷിണവും നേർച്ചവിളമ്പും ഉണ്ടായിരുന്നു.



മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്

മറിയാമ്മ

തോമസ് മാത്യു, പുതിയകാവ്.

ഒരു വിശ്വാസി, തിരുവല്ല.

## അദ്ധ്യാപക സമ്മേളനം

കോട്ടയം ഡിസ്ട്രിക് സണ്ടേസ്കൂൾ അദ്ധ്യാപകരുടെ ഏകദിന സമ്മേളനം 1988 ജൂലൈ 10-ാംനു കുമരകം സെൻറ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടത്തി. ഫാ. കെ. ജോൺ വറുഗീസ്, ഫാ. ഡോ. വി. പി. വറുഗീസ് എന്നിവർ ക്ളാസെടുത്തു. റ്റി. വി. കുര്യൻ കുട്ടികൾക്ക് മോഡൽ ക്ളാസ്സെടുത്തു. തുടർന്നുചേർന്ന സമ്മേളനത്തിൽ കോട്ടയം ഭദ്രാസന ഡയറക്ടർ റ്റി. ചെറിയാൻ ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ജനറൽ വെരി റവ. സി. വി. ജോർജ് കോറെപ്പിസ്കോപ്പായും, ഓഫീസ് സെക്രട്ടറി സി. യു. മാത്യുവും. ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. 1987-ലെ മത്സര വിജയികളുടെ സമ്മാനദാനവും നടത്തപ്പെട്ടു. പാഠ്യവിഷയങ്ങളിൽ ഏററവും കൂടുതൽ പോയിൻറു നേടിയ സ്കൂളിനു നടുവിലേക്കര അനിൽ പുന്നൂസ് സംഭാവന ചെയ്ത എവർ റോളിംഗ് ഷീൽഡും സഹപാഠ്യമത്സരങ്ങളിൽ ഏററവും കൂടുതൽ പോയിൻറ് നേടിയ സ്കൂളിനുള്ള കൊല്ലാടു ചെമ്പകശ്ശേരിൽ വർക്കി വൈദ്യൻ മെമ്മോറിയൽ എവർ റോളിംഗ് ഷീൽഡും സമ്മേളനത്തിൽവച്ച് ഡിസ്ട്രിക്ടിനു സമർപ്പിക്കുകയും അർഹരായ സ്കൂളുകൾ അതു ഏററുവാങ്ങുകയും ചെയ്തു. ഡിസ്ട്രിക്ട് ഇൻസ്പെക്ടർ അഡ്വക്കേററ് പി. ജോൺ ചെറിയാൻ സ്വാഗതമാശംസിച്ചു. അദ്ധ്യാപകപ്രതിനിധി ശ്രീ. എബ്രഹാം പി. ജോൺ കൃതജ്ഞത പറഞ്ഞു.

## ആരാധനാഗീത പരിശീലനം

മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധനാഗീതങ്ങൾ ശാസ്ത്രീയമായരീതിയിൽ പരിശീലിപ്പിക്കുവാൻ ഒരു ഹ്രസ്വകാല കോഴ്സ് ഓഗസ്ററ് 22 മുതൽ 28 വരെയുള്ള ഓണ അവധിക്കാലത്ത് കോട്ടയം സോഫിയാസെൻററിൽ വച്ച് നടത്തപ്പെടുന്നതാണ്. ലെനിൻ ഗ്രാഡ് സംഗീത അക്കാദമിയിൽ പരിശീലനം നടത്തിയിട്ടുള്ള ഡീക്കൻ. എം. പി. ജോർജ് ഇതിന്റെ ചുമതല വഹിക്കുന്നതാണ്. ഗായകസംഘം ഇടവകകളിൽ നയിക്കുന്നവർക്കും, ഗായകസംഘം രൂപീകരിക്കുവാൻ താല്പര്യവും അഭിരുചിയും ഉള്ളവർക്ക് ഈ കോഴ്സിൽ ചേരാവുന്നതാണ്. പരിമിതമായ അംഗങ്ങൾക്കു മാത്രമേ ഇതിനു സൗകര്യമുണ്ടായിരിക്കുകയുള്ളൂ. ചേരുവാനാഗ്രഹിക്കുന്നവർ പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം. 1 എന്ന വിലാസത്തിൽ അപേക്ഷിക്കുക.

## ഡീക്കൻ എം. പി. ജോർജ്

റഷ്യൻ ഓർത്തഡോക് സഭവക ലനിൻ ഗ്രാഡിലെ തിയോളജിക്കൽ അക്കാദമിയിൽ ഏതാനും വർഷങ്ങൾ പൗരസ്ത്യ ആരാധനാ സംഗീതവും ഇംഗ്ളണ്ടിൽ സെ. ആൽബർട്ട്സ് മ്യൂസിക്ക് സ്കൂളിൽ പാശ്ചാത്യ സംഗീതവും പഠിച്ച് ബിരുദം സമ്പാദിച്ചശേഷം ഡീക്കൻ എം. പി. ജോർജ് തിരിച്ചെത്തിയിരിക്കുന്നു. പാമ്പാക്കുട വലിയപള്ളി ഇടവകാംഗമായ ഡീക്കൻ ജോർജ് കോട്ടയത്ത് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ സംഗീത വിഭാഗത്തിൽ ജോലി സ്വീകരിച്ചിരിക്കുകയാണ്.

## യാത്ര അയപ്പ്.

മദ്രാസ് ഭദ്രാസനത്തിൽ ദക്ഷിണ കർണ്ണാടകത്തിൽ ഈച്ചലംപാടി സെ. ജോർജ് പള്ളി വികാരിയായി പത്തുവർഷക്കാലം സേവനം അനുഷ്ഠിച്ച വി. മാത്യൂസച്ചനെ ജൂലൈ മാസം മുതൽ പതാവ് സെ. ജോർജ് പള്ളിവികാരിയായി നിയമിച്ചിരിക്കുന്നു. ജൂലൈ 23-ാംനു ഈച്ചലംപാടി സെ. ജോർജ് ഇടവക ബ: മാത്യൂസച്ചന് സമുചിതമായ യാത്ര അയപ്പും. പണക്കിഴിയും നൽകി.

# ബൈബിൾ പഠനം

ഡീ. എം. സി. ചെറിയാൻ

## പാഠം 66

### യൂദാ എഴുതിയ ലേഖനം

വിജയിയുടെ പേരും വിലാസവും

പേര്. കോശി മത്തായി

വിലാസം. 316/B നന്ദിനി

ഭദ്രാസനം: കൽക്കട്ട

രജി. നമ്പർ. 4682

## പാഠം 69

### വി. നോമ്പ്

പ്രവേശനഫാറം

പേര് ..........................................

വിലാസം ..........................................

ഭദ്രാസനം ..........................................

രജി: നമ്പർ ....................

### പാഠം 66

#### ശരിയായ ഉത്തരം

1. 3 1:2 കരുണ, സമാധാനം, സ്നേഹം.
2. 2 3,17
3. 1 9 മിഖായേൽ
4. 7 14
5. 3 19 ഭിന്നത ഉണ്ടാക്കുന്നവർ പ്രാകൃതന്മാർ ആത്മാവില്ലാത്തവർ.
6. 4 25 തേജസ്, മഹിമ, ബലം, അധികാരം.
7. 25
8. 6 1,1,4,17,21,25
9. 3 12 ദൈവത്താൽ സ്നേഹിക്കപ്പെട്ടവർ, യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടവർ
10. 4 12 ഇല കൊഴിഞ്ഞും ഫലമില്ലാത്തതും, രണ്ടുരുചത്തും വേരററതും.
11. 66

#### ശരിയായ ഉത്തരം അയച്ചുതന്നവർ.

1. തങ്കമ്മ ഏബ്രഹാം, ആനന്ദ്
2. എസ്ററിമോൾ എം. പഴഞ്ഞി
3. മേഴ്സി ചെറിയാൻ, റെണുക്കുട്ട്
4. തങ്കമ്മ സഖറിയ, ആരാട്ടുപുഴ
5. ജിജി മത്തായി, ചെങ്ങമനാട്
6. പി. വി. അച്ചാമ്മ, മഞ്ഞപ്ര
7. ഏബ്രഹാം വറുഗീസ്, ബാംഗ്ലൂർ
8. ററി. ഡി. ജോർജുകുട്ടി, മദ്രാസ്
9. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ
10. റോസമ്മ കെ. വൈ. ഫരിദാബാദ്
11. റിനി അലക്സ്, കവിയൂർ
12. എം. വി. പൗലോസ്, ചെല്ലങ്കോട്
13. പി. സി. ചെറിയാൻ, ദുർഗ്ഗ്
14. കോശി മത്തായി, നന്ദിനി
15. റേച്ചൽ ചാക്കോ, ആനിക്കാട്
16. ഡാർളി കോശി, നന്ദിനി
17. ശോശാമ്മ തോമസ്, കിടങ്ങന്നൂർ
18. മിസ്സസ് ജോർജു മുതലാളി, കൊച്ചി
19. ഷേർളി മാത്യു, പാലിയേക്കര
20. മോളി മാത്യൂസ്, നാരങ്ങാനം
21. തങ്കമ്മ ജോർജ്, കുളനട
22. സിസ്സി ജോർജ്, കുളനട
23. സുനു മെർലിൻ, കൈപ്പുഴ
24. മറിയാമ്മ വറുഗീസ്, ആനിക്കാട്
25. ഷാജി വറുഗീസ്, അയ്യപ്പൻകോവിൽ
26. തോമസ് മാത്യു, പുതിയകാവ്
27. സജി സാം മാത്യു, തുമ്പമൺ
28. മാത്യു വറുഗീസ്, സീതത്തോട്
29. ഷേമ മാത്യു, പുതുപ്പള്ളി
30. ഏബ്രഹാം ജോർജ്, അരീപ്പറമ്പ്
31. സഖറിയാ പനയ്ക്കാമററം, ഫരിദാബാദ്
32. തോമസ് മാത്യു, മേപ്പാൽ
33. മിനി ഏബ്രഹാം, മലയാലപ്പുഴ
34. ഷൈനി മത്തായി, മലയാലപ്പുഴ
35. ററി. ജെ. സ്കറിയാ, തുമ്പമൺ
36. പി. ററി. കുര്യൻ, പാററനാ
37. പുഷ്പാ ജോർജ്, കോയിപ്രം
38. ഏ. ററി. ഗീവറുഗീസ്, കൽക്കട്ട
39. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി
40. വി. എം. പൗലോസ്, അഞ്ചുകുന്ന്
41. മറിയാമ്മ ജോർജ്, കോഴിക്കോട്
42. പി. സി. അമ്മിണി, കുന്നംകുളം

### പാഠം 69 വി. നോമ്പ്

1. സഭയുടെ കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പുകൾ എത്ര?
2. പ്രത്യേക പ്രാർത്ഥനയുള്ള നോമ്പുകൾ?
3. മാറാനായ പെരുനാളുകൾ ഇടയ്ക്കു വരാവുന്ന നോമ്പുകൾ എത്ര?
4. നിശ്ചിത തീയതിയിൽ ആരംഭിക്കുന്ന നോമ്പുകൾ.
5. നോമ്പുദിവസങ്ങളിൽ വി. കുർബാന അർപ്പിക്കാൻ പാടില്ലാത്ത നോമ്പുകൾ എത്ര?
6. സാധാരണ ഒരാഴ്ചയിൽ എത്ര ദിവസം നോമ്പുനോക്കണം.
7. വലിയനോമ്പിൽ ആകെ എത്ര ഞായറാഴ്ചകൾ?
8. വിവാഹ കൂദാശ നടത്തുവാൻ അനുവാദമുള്ള നോമ്പുകൾ?
9. നോമ്പുകാലങ്ങളിൽ ഒരാഴ്ചയിൽ എത്ര ദിവസങ്ങൾ ഉപവാസമില്ലാത്തതായുണ്ട്?
10. 5 നോമ്പുകളിലായി ഒരു വർഷം എത്ര ദിവസം നോമ്പ് ആചരിക്കണം.

70-ാം പാഠത്തോടെ ഈ രീതിയിലുള്ള പംക്തി അവസാനിക്കുന്നതാണ്. ആദിമുതൽ ഈ പഠന പരിപാടിയുമായി സഹകരിച്ച് വി. വേദപുസ്തകം ഒരു പ്രാവശ്യം വായിച്ച് പഠിക്കുവാൻ സഹകരിച്ച എല്ലാവരോടും നന്ദിയുണ്ട്. അതോടൊപ്പം നിങ്ങളുടെ സഹകരണവും താൽപര്യവും പ്രോത്സാഹനവുമാണ് ഇത് തുടർന്നു കൊണ്ടുപോകുവാൻ ഇടയാക്കിയത്. 70–ന് ഉള്ള പ്രതേകതയാണ് 70 വരെ ഈ പാഠം നീട്ടുവാൻ ഇടയാക്കിയത്.

ഫിലോമോൻെറ ലേഖനത്തിൻെറ മറുപടിയും ഇതിൽ ചേർത്തിരിക്കുന്നു.

നേരത്തെ ഓർപ്പിച്ചതുപോലെ കഴിഞ്ഞ നവംബർ മുതൽ സമ്മാനാർഹരായവരും, തുടർച്ചയായി 12 പാഠങ്ങളിൽ വിജയികളായവരും, 25-ൽ അധികം പാഠങ്ങളിൽ വിജയികളായവരും ഉത്തരത്തോടൊപ്പമല്ലാതെ വിവരം എഴുതി അറിയിക്കുക.

വിജയികൾക്കുള്ള സമ്മാനം പരുമലപ്പെരുന്നാളിന് പരുമലയിൽ വച്ചു നല്കാം എന്ന് പ്രതീക്ഷിക്കുന്നു.

പാഠം 69–ൻെറ ഉത്തരം ബൈബിൾ പഠനം പാഠം 69 C/o Dr. M. C. Cherian, Orthodox Student Centre, Trivandrum 695001 എന്ന വിലാസത്തിൽ അടുത്ത മാസം 25–ന് മുമ്പ് അയയ്ക്കുക.

### ഫിലോമോൻെറ ലേഖനത്തിനു മറുപടി

മലങ്കര സഭാ മാസികയിൽ ബൈബിൾ പഠന പംക്തിയിലൂടെ ''ഫിലോമോൻെറ ലേഖനത്തിനു മറുപടി'' എന്ന ഒരു മത്സരം സംഘടിപ്പിക്കുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ട 29 ഉത്തരത്തിൽ നിന്ന് ആദ്യത്തെ മൂന്നു സ്ഥാനികളെ തിരഞ്ഞെടുക്കുകയുണ്ടായി. ഈ മത്സരം കൊണ്ട് പ്രധാനമായും ഉദ്ദേശിച്ചത് ഫിലേമോൻെറ ലേഖനത്തെപ്പററിയുള്ള ഒരു പഠനമായിരുന്നു. ഒനേസിമോസ് അടിമയുടെ ഒരു പ്രതിനിധിയാണ്. ഒനേസിമോസിനെ സഹോദരനായിക്കാണുന്ന ഫിലേമോൻ തൻ്റിക്കുള്ള സകല അടിമകളേയും ഒനേസിമോസിലൂടെ കാണുന്നു എന്ന ഒരു ഉത്തരം പ്രതീക്ഷിച്ചിരുന്നു. എന്നാൽ ആ ഉത്തരം ആരും ലേഖനത്തിൽ പരാമർശിച്ചിരുന്നില്ല. ലേഖനങ്ങൾ വിലയിരുത്തി വിജയികളെ തിരഞ്ഞെടുത്ത ബഹു. ററി. ജെ. ജോഷ്വാ അച്ചനോടും, ബഹു. ജേക്കബ് കുര്യൻ അച്ചനോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ആദ്യത്തെ മൂന്നു സ്ഥാനികളുടെ പേരു കൊടുക്കുന്നു എങ്കിലും ഒന്നാം സ്ഥാനത്തിനു മാത്രമെ സമ്മാനം വാഗ്ദാനം ചെയ്തിരുന്നുള്ളു. മററു വിജയികളേയും മത്സരത്തിൽ പങ്കെടുത്ത എല്ലാവരേയും അനുമോദിക്കുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർ അവരുടെ ഫോട്ടോ അയച്ചുതന്നാൽ മാസികയിൽ പ്രസിദ്ധം ചെയ്യാം. (ലേഖനം പിന്നാലെയും)

1. പി. ററി. തോമസ്
   പണിക്കരുവീട്
   N. S. H. Mount P. O.
   കോട്ടയം–6 നമ്പർ 4302
2. എം. വി. പൗലോസ്
   മണലിൽ
   ചെല്ലങ്കോട്, ബത്തേരി നമ്പർ 5364
3. ഏബ്രഹാം കെ. ചെറിയാൻ
   പട്ടാമ്പി നമ്പർ 6709

## യാത്ര അയപ്പ്

ഇൻഡോർ സെ. മേരീസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ജോർജ് മാത്യുവിനെ ഭിലായ് സെ. തോമസ് കോളജിലേക്ക് സ്ഥലം മാററി. പകരം റാഞ്ചി പള്ളി വികാരിയായി ഫാ. ഏബ്രഹാം മാത്യുവിനെ ഇടവക മെത്രാപ്പോലീത്താ മാർ തേവോദോസ്യോസ് തിരുമേനി നിയമിച്ചു.

ഇൻഡോർ ഇടവകക്കാർ ബ. അച്ചന് ഒരു യാത്ര അയപ്പു നൽകി. യാത്ര അയപ്പു മീററിംഗിൽ ഇടവക ട്രസ്ററി പി. വർഗീസ് അച്ചൻെറ സവനകാലത്തിൽ ഇടവകയ്ക്കു വന്നിട്ടുള്ള നേട്ടങ്ങളെപ്പററി പ്രസംഗിച്ചു.

മർത്തമറിയം സമാജത്തിനെ പ്രതിനിധീകരിച്ച് സെക്രട്ടറി ശ്രീമതി ജോർജ് ഐസക് പ്രസംഗിച്ചു.

---

### തിരഞ്ഞെടുക്കപ്പെട്ടവർ

1. ഇ. ററി. ശമുവേൽ, കൽക്കട്ട
2. ഷീലാ ജോർജ്, മുതുക്കുറുശ്ശി
3. റേച്ചൽ ചാക്കോ, ആനിക്കാട്
4. ററി. എസ്. ജോൺ, തുമ്പമൺ
5. റീനാ ശമുവേൽ, ചെങ്ങമനാട്
6. ഡിനോ വറുഗീസ്, 90 A.P.O.
7. ഏലിയാമ്മ മാത്യു, കുന്നന്താനം
8. ജിജി മത്തായി, ചെങ്ങമനാട്
9. ററി. എസ്. സ്കറിയാ, തുമ്പമൺ
10. അച്ചാമ്മ പീററർ, വാഴൂർ
11. തങ്കമ്മ സ്കറിയ, ആറാട്ടുപുഴ
12. കൊച്ചുറാണി കെ. എം. കുന്നന്താനം
13. സിസ്ററർ ജൂസിത്ത്, ഡീമാപ്പൂർ
14. ലീലാമ്മ ജേക്കബ്, പുന്നവേലി
15. കെ. സി. രാജു, കട്ടിളപ്പൂവം
16. ജോർജ് എം. വറുഗീസ്, കണ്ണൂർ
17. രാജൻ ഉമ്മൻ, ജാംഷഡ്പൂർ
18. പി. വി. വർക്കി, തിരുവട്ടിയൂർ
19. മാത്യു വറുഗീസ്, കളമശ്ശേരി
20. ഷൈൻ കെ. മാത്യു, കടമ്പനാട്
21. ഏലിയാമ്മ ചാക്കോ, താഴത്തങ്ങാടി
22. മോളി മാത്യു, നാരങ്ങാനം
23. ഫീലിപ്പോസ് നൈനാൻ, മാവേലിക്കര
24. മാത്യു എം. കലോറം
25. സാലി ജോൺ, ട്രിച്ചി
26. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ

—o—

ഈ ഇടവകയിലെ സെ. ഗ്രീ. ചാരിററബിൾ സൊസൈററി ട്രഷറാർ കെ. വി. മാത്യുവും, സി. വി. ജേക്കബും പ്രസംഗിച്ചു.

ഇടവകയുടെയും ചാരിററബിൾ സൊസൈററിയുടേയും വകയായി ബഹു. അച്ചന് പാരിതോഷികവും നല്കപ്പെട്ടു. ബ. അച്ചൻ മറുപടി പ്രസംഗം ചെയ്തു. ഇടവകയുടെ സെക്രട്ടറി രാജൻ പി. തോമസ് കൃതജ്ഞതയും പറഞ്ഞു.

## പ. അബ്ദേദ് മശിഹാ ബാവായുടെ ഓർമ്മ–ആഗസ്ററ് 15



മലങ്കരയിൽ പൗരസ്ത്യ കാതോലിക്കാസ്ഥാപനം പുനഃസ്ഥാപിക്കുന്നതിന് അക്ഷീണ യത്നം ചെയ്ത് വിജയം വരിച്ച വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ക്ഷണപ്രകാരം മലങ്കര വന്ന് മലങ്കരയിലെ ഒന്നാം കാതോലിക്കാ ബസ്സേലിയോസ് പൗലൂസ് പ്രഥമൻ (മുറിമിററം) തിരുമേനിയുടെ സ്ഥാനാരോഹണത്തിൽ പ്രധാന കാർമ്മികത്വം വഹിക്കുകയും കതോലിക്കേററിൻെറ സ്വാതന്ത്ര്യത്തെ അരക്കിട്ടുറപ്പിച്ച് കല്പന തരികയും ചെയ്ത അന്ത്യോഖ്യാ പാത്രിയർക്കീസ് മോറോൻ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹായുടെ ഓർമ്മ ആഗസ്ററ് 15–ാം തീയതി കൊണ്ടാടുന്നു.

## ദേവലോകം ചാപ്പലിൽ

വി. ദൈവമാതാവിൻെറ വാങ്ങിപ്പു പെരുന്നാളും അബ്ദേദ് മശ്ഹാ ബാവായുടെ ഓർമ്മദിനവുമായ ആഗസ്ററ് 15–ാം തീയതി ദേവലോകം അരമന ചാപ്പലിൻെറ സ്ഥാപന പെരുനാൾ കൊണ്ടാടുന്നതാണ്. 14–ാം തീയതി വൈകിട്ട് സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് ധൂപപ്രാർത്ഥനയും പ്രസംഗവും പ്രദക്ഷിണവും ഉണ്ടായിരിക്കും. 15–ാം തീയതി പ. ബാവാ തിരുമനസ്സിലെ സാന്നിദ്ധ്യത്തിലും ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും വി. മൂന്നിന്മേൽ കുർബാന, മദ്ധ്യസ്ഥ പ്രാർത്ഥന, പ്രദക്ഷിണം, നേർച്ചവിളമ്പ് മുതലായ ചടങ്ങുകളും നടത്തപ്പെടും.

## ബഹുമതി നൽകി



ബോംബെ: ദാദർ സെ. മേരീസ് പള്ളി മാനേജിംഗ് കമ്മററി അംഗവും, യുവജനപ്രസ്ഥാനം വൈസ് പ്രസിഡണ്ടും, ദിവ്യബോധനം വിദ്യാർത്ഥിയുമായ മി. കെ. ജെ. ജോസഫിനെ മഹാരാഷ്ട്ര ഗവർമ്മെൻറ് 'Special Executive Magistrete' എന്ന ബഹുമതി നൽകി ബഹുമാനിച്ചിരിക്കുന്നു. ദാദർ ഇടവക ജോസഫിൻെറ സ്ഥാനലബ്ധിയിൽ അനുമോദിച്ചു.

## പള്ളി കൂദാശ.

രാജസ്ഥാൻ: ബാൻസുവാഡായിൽ പുതുതായി പണിത സെ. തോമസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ഭദ്രാസനാധിപൻ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് ജൂലൈ 9, 10 തീയതികളിൽ നിർവഹിച്ചു.

കൂദാശാനന്തരം തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ കെ. ഐ. തോമസ് പ്രസംഗിച്ചു. വികാരി ഫിലിപ്പോസ് ഫിലിപ്പ് സ്വാഗതവും, വി. ജി. ജോൺ കൃതജ്ഞതയും പറഞ്ഞു. ഇടവക സെക്രട്ടറി കെ. രാജൻ വരവുചെലവു കണക്കുകൾ അവതരിപ്പിച്ചു.

നാല്പത് അംഗങ്ങൾ മാത്രമുള്ള ഈ ഇടവയിൽ കഴിഞ്ഞ എട്ടുമാസംകൊണ്ട് ഒന്നേമുക്കാൽ ലക്ഷം രൂപാ ചെലവു ചെയ്തു മനോഹരമായി ഈ ദേവാലയം പണിയിക്കുവാൻ സാധിച്ചതിൽ ഇടവകക്കാരെ മെത്രാപ്പോലീത്താ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി.

## കൈപ്പുസ്തകം.

പഴയതും പുതിയതുമായ 150 ക്രിസ്തീയ ഗാനങ്ങൾ (പ്രാർത്ഥനാ യോഗങ്ങളിലും മരണ വീടുകളിലും മററും പാടുവാൻ യോഗ്യമായവ) പ്രോഫ. സിനിരാജ് മഹമ്മദിനെ രൂപാന്തരപ്പെടുത്തിയ അനുഭവം, ഇമ്മാം സുവാർത്താ മിഷൻെറ പ്രവർത്തനങ്ങൾ, 1989 മുതൽ 2000–ാമാണ്ടുവരെയുള്ള നോമ്പിൻെറ തീയതികൾ ആദിയായവ ഉൾപ്പെടുത്തിയിട്ടുള്ളതും 114 പേജുകളോടു കൂടിയതുമായ ''ഇമ്മാം സുവാർത്ത'' എന്ന പുസ്തകം കൈപ്പുസ്തകം. ഈ പുസ്തകത്തിന് 5/–രൂപാ മാത്രമാണ് വില. വിലയുടെ 20% കോട്ടയം ഭദ്രാസനത്തിൽപ്പെട്ടതും സിനിരാജിൻെറ ഇടവക പള്ളിയുമായ കുമരംകോട് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ചിൻെറ പണിക്കുവേണ്ടി സംഭാവന ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. പുസ്തകം പോസ്ററലായിട്ടു ലഭിക്കാനാഗ്രഹിക്കുന്നവർ പോസ്റേറജ് സഹിതം വില അയച്ചുകൊടുക്കേണ്ടതാണ്.

വിലാസം: പ്രോഫ. സിനിരാജ് മുഹമ്മദ്
ഇമ്മാം നഗർ, മണർകാട് P. O.
കോട്ടയം–686 019

## വികലാംഗ ബാലഭവൻ

തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുള്ള ഹോളി ട്രിനിററി വികലാംഗ ശിശുക്ഷേമകേന്ദ്രത്തിൽ കുട്ടികളെ താമസിപ്പിക്കുന്നതിന് പ. പരുമല തിരുമേനിയുടെ നാമത്തിൽ പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിൻെറ കൂദാശ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. കെട്ടിടം മന്ത്രി വി. ജെ. തങ്കപ്പൻ ഉത്ഘാടനം ചെയ്തു. തുടർന്നു നടന്ന സമ്മേളനത്തിൽ മന്ത്രി തങ്കപ്പൻ, മാമ്മൻ ഐപ്പ്, എം. വിജയകുമാർ, ജോൺ മത്തായി ഐ. പി. എസ്., പി. കെ. സ്ററാൻലി മുതലായവർ പ്രസംഗിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് തേക്കിൽ സദസ്സിനു സ്വാഗതം ആശംസിച്ചു. ഡയറക്ടർ പി. തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചു. ഈ കെട്ടിടത്തിൻെറ പണിക്ക് കുവൈററിലെ അഹമ്മദി ഇടവക രണ്ടുലക്ഷം രൂപാ സംഭാവന നൽകി.

# നിര്യാതരായി

## പ്രൊഫ. പി. ഒ. ജോൺ



ഭാരതത്തെ ഒന്നടങ്കം ദുഃഖത്തിലാഴ്ത്തിയ പെരുമൺ തീവണ്ടി അപകടത്തിൽ മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മററി മെമ്പറും തിരുവല്ലാ മാർത്തോമ്മാ കോളജ് പ്രൊഫസറുമായ പി. ഒ. ജോൺ നിര്യാതനായി. സഭയിലെ വിവിധ ആദ്ധ്യാത്മിക സംഘടനകളിൽ സജീവമായി പ്രവർത്തിച്ചിട്ടുള്ള മി. ജോൺ ബാല്യം മുതൽ തന്നെ സഭാപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. യുവജനപ്രസ്ഥാനം തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി, വിദ്യാർത്ഥിപ്രസ്ഥാനം കേന്ദ്രകമ്മററി അംഗം, കേരളാ മാത്തമാററിക്കൽ അസോസിയേഷൻ ജനറൽ സെക്രട്ടറി, ചാത്തന്നൂർ ആർട്ട്സ് ആൻഡ് റിക്രിയേഷൻ തീയററർ പ്രസിഡൻറ്, മലങ്കരസഭാ കോളജ് അദ്ധ്യാപക സംഘടനയുടെ സെക്രട്ടറി, തിരുവനന്തപുരം ഭദ്രാസന സ്കൂൾ ഗവേണിംഗ് ബോർഡ് അംഗം തുടങ്ങിയ നിരവധി സാമൂഹ്യരംഗങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു.

പി. ഒ. ജോണിൻെറ മരണവാർത്ത അറിഞ്ഞ ഉടൻതന്നെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് പരേതൻെറ ഭവനത്തിലെത്തി പ്രാർത്ഥന നടത്തി. പിറേറന്ന് മാർ കൂറിലോസ്, മാർ ദീയസ്ക്കോറോസ്, മാർ എപ്പിഫാനിയോസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിലും അനേകം വൈദികരുടെയും ഒരു വലിയ ജനക്കൂട്ടത്തിൻെറയും സഹകരണത്തിലും അടുത്തല സെ. ജോർജ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. പരേതൻെറ ഓർമ്മയ്ക്ക് 21-7-'88 വ്യാഴാഴ്ച നിയുക്ത കാതോലിക്ക മാത്യൂസ് മാർ കൂറിലോസ്, ഗീവറുഗീസ് മാർ ദീയസ്ക്കോറോസ്, റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പാ എന്നിവരുടെ കാർമ്മികത്വത്തിൽ അടുതല ഓർത്തഡോക്സ് പള്ളിയിൽ വി. മൂന്നിന്മേൽ കുർബാന അർപ്പിച്ചു. തുടർന്നു നടന്ന അനുസ്മരണാ സമ്മേളനത്തിൽ പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സിലെ അനുശോചന സന്ദേശം സഭാ സെക്രട്ടറി ശ്രീ. പോൾ മത്തായി വായിച്ചു. ഇപ്പോഴത്തെ സഭാ മാനേജിംഗ് കമ്മററിയിൽ ഒരു ഉജ്ജ്വലപ്രതിഭയായി ശോഭിച്ചിരുന്ന മി. ജോണിൻെറ നിര്യാണം സഭയ്ക്ക് നികത്താനാവാത്ത നഷ്ടം തന്നെയാണ്. അടുതല മരക്കുളത്ത് പുത്തൻവീട്ടിൽ കൊച്ചുമ്മൻെറ പുത്രനായ ഈ 31-കാരന് ഭാര്യയും രണ്ടു മക്കളുമുണ്ട്. പ്രൊഫ. പി. ഒ. ജോണിൻെറ സ്മരണയ്ക്കു മുമ്പിൽ മലങ്കരസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## പി. ഒ. വർഗീസ്

മലങ്കരദീപം മാനേജിംഗ് എഡിററും സഭയുടെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ദേഹവുമായ ഫാ. പി. വി. വർഗീസിൻെറ (ക്ലോറി അച്ചൻ) പിതാവ് തോനയ്ക്കാട്ട് വടക്കേടത്ത് പി. ഓ. വർഗീസ് ജൂലൈ 25-ന് 95-ാമത്തെ വയസ്സിൽ നിര്യാതനായി. ശവസംസ്കാരം 26-ാം തീയതി നിയുക്ത കാതോലിക്കാ കൂറീലോസ് തിരുമേനി, ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, കോറെപ്പിസ്കോപ്പാ റമ്പാന്മാരായ തേയോഫോറോസ്, ബർശൈനൊ എന്നിവരുടേയും മററ് അനേക പട്ടക്കാരുടെയും സഹകരണത്തിൽ തോനയ്ക്കാട്ട് പള്ളി സെമിത്തേരിയിൽ നടത്തി.

## ഏബ്രഹാം മാസ്ററർ

കോട്ടയം ഭദ്രാസന പ്രാർത്ഥനായോഗം ഓർഗനൈസർ, സൺഡേസ്കൂൾ ഹെഡ് മാസ്ററർ, ഡിസ്ട്രിക്ട് സുവിശേഷകൻ, വൈ. എം. സി. എ. സെക്രട്ടറി തുടങ്ങി സഭയിലെ വിവിധ ആദ്ധ്യാത്മിക സംഘടനകളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന പുത്തനങ്ങാടി ചക്കാലപറമ്പിൽ ഏബ്രഹാം മാസ്ററർ (പാപ്പച്ചൻ-60) ജൂലൈ 21-ന് നിര്യാതനായി. ശവസംസ്കാരം 22-ാം തീയതി പരിശുദ്ധ കാതോലിക്കാബാവാ, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഗീവറുഗീസ് മാർ ഇവാനിയോസ് റമ്പാൻ തെയോഫോറസ് കോർ എപ്പിസ്ക്കോപ്പ, സി. കെ. ജോസഫ് റമ്പാൻ എന്നിവരുടെയും മററ് അനേകം വൈദീകരുടെയും സഹകരണത്തിൽ കോട്ടയം പുത്തൻപള്ളി സെമിത്തേരിയിൽ നടത്തി. ഫാ. ജോൺ ശങ്കരത്തിൽ (ദേവലോകം ഓഫീസ്) പരേതൻെറ ജാമാതാവാണ്.



## അനുശോചനം

മലങ്കരസഭാ മാസികയുടെ ഒരു വരിക്കാരനും ബൈബിൾ പഠനത്തിൽ ഉൽസാഹത്തോടും ക്രമമായും ഉത്തരം അയ്ക്കുന്ന ഒരാളായിരുന്ന എം. വി. പൗലോസ് ചെല്ലങ്കോട് (റജി. നമ്പർ 5364) ജൂൺ 19-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. മി. പൗലൂസിൻെറ നിര്യാണത്തിൽ മലങ്കര സഭയുടേതായും പ്രത്യേകിച്ച് ബൈബിൾ പഠന പംക്തിയിലെ എല്ലാവരുടേതായും ഉള്ള അനുശോചനം രേഖപ്പെടുത്തുന്നു.

## ഇയാമസ് കോൺഫറൻസ് (IAMS)

ഇൻറർ നാഷനൽ അസോസിയേഷൻ ഫോർ മിഷൻ സ്ററഡീസ് എന്ന സംഘടനയുടെ ഏഴാമതു സമ്മേളനം 1988 ജൂൺ 29 മുതൽ ജൂലൈ 5 വരെ റോമിലെ അഗസ്ററിനിയം കോൺഫറൻസു സെൻററിൽ വച്ചു നടന്നു. ഏഴു ദിവസം നീണ്ടു നിന്ന കോൺഫറൻസിൻെറ പ്രധാന ചിന്താവിഷയം 'മൂന്നാം സഹസ്രാബ്ദത്തിലേക്കുള്ള ക്രിസ്തീയ മിഷൻ-പ്രത്യാശയുടെ സുവിശേഷം" എന്നതായിരുന്നു. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നായി 206 പ്രതിനിധികൾ പ്രസ്തുത കോൺഫറൻസിൽ സംബന്ധിച്ചിരുന്നു. ഓർത്തഡോക്സ് സഭയിലെ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കോൺഫറൻസിൽ സംബന്ധിച്ചു. മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്താ ഇയാമസ് കോൺഫറൻസിൽ സംബന്ധിക്കുന്നത് ഇതാദ്യമാണ്.

അടുത്ത ലക്കത്തിൽ: ഇയാമസ് സമ്മേളനത്തെപ്പററി മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ.

## വിദ്യാർത്ഥി പ്രസ്ഥാനം സ്കൂൾ അദ്ധ്യാപകസമ്മേളനം

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ വിദ്യാർത്ഥിപ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങളായി വിവിധ സ്കൂളുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ ഏകദിനസമ്മേളനം ആഗസ്ററ് 13-ാം തീയതി രാവിലെ മുതൽ തിരുവല്ലാ എം. ജി. എം ഹൈസ്കൂളിൽ വച്ച് വിവിധ പരിപാടികളോടെ നടത്തപ്പെടുന്നതാണ്. വിദ്യാർത്ഥി

## പ. ബാവായുടെ ചരമജൂബിലി സോവനീർ



പ: ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ചരമ ജൂബിലിയോടനുബന്ധിച്ച് ഒരു സോവനീർ പ്രസിദ്ധപ്പെടുത്തുന്നതാണ്. അതിന് പ. ബാവാ തിരുമേനിയുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുള്ളവരും, തിരുമനസ്സിലെ വിവിധ നിലകളിലുള്ള കഴിവുകളും സിദ്ധികളും മററും നേരിട്ടു മനസ്സിലാക്കിയിട്ടുള്ളവരും അവ വിലയിരുത്തിയും അവരവരുടെ അനുഭവ സാക്ഷ്യങ്ങൾ രേഖപ്പെടുത്തിയും ഉള്ള ലേഖനങ്ങളും തിരുമേനി സംബന്ധിച്ചിട്ടുള്ള പ്രധാന ചടങ്ങുകളുടെ ചിത്രങ്ങൾ ഉണ്ടെങ്കിൽ അവയും ശേഖരിച്ച് ഫാ. ററി. ജി. സഖറിയ, കൺവീനർ, സോവനീർ കമ്മററി, കാതോലിക്കേററ് ഓഫീസ് കോട്ടയം-38 എന്ന മേൽവിലാസത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വട്ടശ്ശേരിൽ തിരുമേനിയേയും പ. ബാവാതിരുമേനിയേയും പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നുള്ള സഭാംഗങ്ങളുടെ മെമ്മോറാണ്ടത്തെപ്പററി പ. സുന്നഹദോസ് പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അവരവർക്കുള്ള അനുഭവസാക്ഷ്യങ്ങൾ രേഖപ്പെടുത്തി അയയ്ക്കുന്നത് കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്ന് കരുതുന്നു.

പ്രസ്ഥാനം പ്രസിഡൻറ് ഡോ. ഫിലിപ്പോസ്, മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ, ഫാ. ററി. ജെ. ജോഷ്വാ, ഫാ. ജോൺ തോമസ്, ഫാ. തോമസ് കുര്യൻ, പ്രൊഫ. ടൈററസ് വർക്കി എന്നിവർ കോൺഫറൻസിന് നേതൃത്വം നൽകും.

## ഹൈസ്കൂൾ വിഭാഗം കോൺഫറൻസ്

വിദ്യാർത്ഥിപ്രസ്ഥാനം ഹൈസ്കൂൾ വിഭാഗത്തിൻെറ 10—ാമത് വാർഷിക കോൺഫറൻസ് ആഗസ്ററ് 22, 23, 24 (തിങ്കൾ, ചൊവ്വാ, ബുധൻ) തീയതികളിൽ വാകത്താനം ഞാലിയാകുഴി സെ. ഗ്രീഗോറിയോസ് പള്ളിയോടനുബന്ധിച്ചു വിവിധ പരിപാടികളോടെ നടത്തപ്പെടുന്നതാണ്. കോൺഫറൻസിൽ പ. കാതോലിക്കാബാവാ തിരുമേനിയും അഭിവന്ദ്യ തിരുമേനിമാരും സഭയിലെ പ്രഗൽഭരായ വൈദികരും മററ് പ്രമുഖ വ്യക്തികളും നേതൃത്വം നൽകും. കോൺഫറൻസിനോടനുബന്ധിച്ച് അഖില കേരളാടിസ്ഥാനത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള കലാമൽസരങ്ങളും നടത്തപ്പെടും.

## പ്രാർത്ഥനായോഗം

കൊല്ലം ഭദ്രാസനത്തിലെ ദക്ഷിണമേഖലാ പ്രാർത്ഥനായോഗത്തിൻെറ സെക്രട്ടറിയായി എം. ജെ. പൗലോസ് പെരിനാടിനെ ഇടവക മെത്രാപ്പോലീത്താ മാർ കൂറിലോസ് തിരുമേനി നിയമിച്ചിരിക്കുന്നു.

കൊട്ടാരക്കര, തലവൂർ എന്നീ ഗ്രൂപ്പുകളിൽ പ്രാർത്ഥനായോഗത്തിൻെറ സമ്മേളനങ്ങൾ, കൊട്ടാരക്കര കോട്ടപ്പുറം സെമിനാരിയിൽ വച്ചും, തലവൂർ ഗ്രൂപ്പിലേത് തലവൂർ സെ. മേരീസ് പള്ളിയിൽവച്ചും കൂടി. ശ്രീ. ചെറിയാൻ തോമസിനെയും അമ്പിയിൽ ലൂക്കോസിനെയും പ്രാർത്ഥനായോഗത്തിൻെറ സെക്രട്ടറിമാരായി തെരഞ്ഞെടുത്തു. യോഗത്തിൽ സോണൽ സെക്രട്ടറി എം. ജെ. പൗലോസും സംബന്ധിച്ചു.

## നസ്രാണി ട്രോഫി എം. ജി. എം-ന്

എം. ഡി. കോർപറേററ് മാനേജ്മെൻറിനു കീഴിൽ ഏററവും മികച്ച വിജയം നേടുന്ന വിദ്യാലയത്തിനുള്ള നസ്രാണി ട്രോഫി 98.6 ശതമാനം വിജയം നേടിയ തിരുവല്ല എം. ജി. എം. ഹൈസ്കൂളിനു പ. ബാവാ തിരുമേനി സമ്മാനിച്ചു.

പ്രശസ്ത വിജയം കൈവരിച്ച വിദ്യാലയങ്ങൾക്കും നേട്ടങ്ങൾ കൈവരിച്ച അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശുദ്ധ ബാവാ സമ്മാനങ്ങൾ നൽകി. ഏററവും കൂടുതൽ മാർക്കു വാങ്ങിയ തിരുവല്ലാ എം. ജി. എം. ഹൈസ്കൂൾ വിദ്യാർത്ഥി ജോർജ് ചെറിയാന് (546 മാർക്ക്) മാർത്തോമ്മാ മെഡൽ സമ്മാനിച്ചു. വിജയശതമാനത്തിൽ കിഴവള്ളൂർ സെ. ജോർജ് ഹൈസ്കൂൾ രണ്ടാം സ്ഥാനവും പുത്തൻകാവ് മെട്രോപ്പോലീത്തൻ ഹൈസ്കൂൾ മൂന്നാം സ്ഥാനവും നേടി.

എം. ഡി. ഹൈസ്കൂളിൽ നടന്ന യോഗത്തിൽ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഡി. ഇ. ഒ. മറിയാമ്മ കുര്യാക്കോസ്, റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പ എന്നിവർ പ്രസംഗിച്ചു. എം. എം. കുര്യൻ സ്വാഗതവും കെ. സി. ചാക്കോ നന്ദിയും പറഞ്ഞു.

## ബൈബിൾ സൗജന്യം

വേദപുസ്തകം വാങ്ങുന്നതിന് സാമ്പത്തികമായി വിഷമിക്കുന്ന സാധുക്കളായ ആളുകൾക്ക് സൗജന്യമായി വേദപുസ്തകം നൽകുന്ന ഒരു പദ്ധതി 'ഗോസ്പൽ ഫോർ കേരള' ആരംഭിച്ചിരിക്കുന്നു.

'യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുകയും വീണ്ടും ജനനം പ്രാപിക്കുകയും ചെയ്ത' എല്ലാവർക്കും ബൈബിൾ സൗജന്യമായി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മറുപടിക്കുള്ള സ്ററാമ്പുസഹിതം ബന്ധപ്പെടുക.

ബ്രദർ എ. വി. ജോസ്, ഗോസ്പൽ ഫോർ കേരള, താമരക്കുളം റോഡ്, കൊല്ലം 691001.

—o—


### വില്പനയ്ക്ക്

ബാംഗളൂരിൽ വളരെ ആദായകരമായ വിധത്തിൽ പ്രവർത്തനത്തിലിരിക്കുന്ന ഒരു ചെറുകിട വ്യവസായ സ്ഥാപനം വില്പനയ്ക്ക്. ഗൾഫിൽ നിന്നും വന്ന് ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെടുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു സുവർണ്ണാവസരം. ബന്ധപ്പെടുക.

BOX: NO: 141
C/O Malankara Sabha
Devalokam. Kottayam-38




# അമേരിക്കൻ ഭദ്രാസന വൈദീകയോഗം

(സ്വ. പ്ര)

മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിലെ വൈദികരുടെ ഏകദിന സമ്മേളനം ജൂൺ 11—ാം തീയതി ശനിയാഴ്ച ന്യൂയോർക്കിലെ ക്യൂൻസ് സെൻറ് ഗ്രീഗോറിയോസ് ഇടവകയിൽ വച്ച് ഭദ്രാസന മെത്രാപ്പോലീത്താ ഡാക്ടർ തോമസ് മാർ മക്കാറിയോസ് തിരുമനസിലെ അദ്ധ്യക്ഷതയിൽ കൂടി. കൃത്യം 10 മണിക്കു പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. തുടർന്ന് ഇടവകവികാരി ഫാദർ ജേക്കബ് ഫിലിപ്പ് പരിശുദ്ധ ബാവാതിരുമേനിയോടും പരി. സുന്നഹദോസിനോടും ഇടവക മെത്രാപ്പോലീത്തായോടും കൂറും വിശ്വാസവും പ്രകടിപ്പിച്ചുകൊണ്ടുള്ള ഭക്തി പ്രമേയം അവതരിപ്പിച്ചത് യോഗം എഴുന്നേററുനിന്ന് പാസ്സാക്കി.

മെത്രാപ്പോലീത്താതിരുമേനി ആവർത്തന പുസ്തകം 8—ാം അദ്ധ്യായം അടിസ്ഥാനമാക്കികൊണ്ട് ധ്യാനപ്രസംഗം നടത്തി. ''ക്രിസ്തീയ ജീവിതം ഒരു വെല്ലുവിളി'' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ചർച്ച സജീവമായിരുന്നു. ജീവിതത്തിൻെറ യഥാർത്ഥ നാഥനും പൂർത്തീകരിക്കുന്നവനുമായവനെ കണ്ടെത്താതിരുന്നാൽ ജീവിതം പ്രശ്നസങ്കീർണ്ണമാകുമെന്ന് തിരുമേനി ഉദ്ബോധിപ്പിച്ചു. വിശ്വാസം, ജീവിതം, പഠനം എന്നിവയിലൂടെ ജീവിതത്തിൻെറ വെല്ലുവിളികളെ നേരിടാൻ തയ്യാറാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

അമേരിക്കൻ ഭദ്രാസനത്തിലെ വൈദീകർ വിവിധ വെല്ലുവിളികളെ നേരിട്ടുകൊണ്ടാണു തങ്ങളുടെ ചുമതലകൾ നിർവഹിക്കുന്നതെന്നു മെത്രാപ്പോലീത്താ പ്രസ്താവിച്ചു. തങ്ങളുടെ ജീവിത സമ്പാദനത്തിനു വേണ്ടി ജോലി ചെയ്യുകയും അതോടൊപ്പം സഭയുടെ വളർച്ചക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന വൈദീകർ വർദ്ധിച്ച സമ്മർദ്ദങ്ങൾക്കു വിധേയരായിട്ടാണ് കഴിയുന്നതെന്നും തിരുമേനി പറഞ്ഞു. ത്യാഗസന്നദ്ധരായ വൈദീകരുടെ നിസ്വാർത്ഥ സേവനം മൂലം സഭയ്ക്ക് അമേരിക്കയിൽ 37 ഇടവകകൾ ഉണ്ടായി എന്നും അവയിൽ 12 ഇടവകകൾ സ്വന്തം ദേവാലയങ്ങൾ സമ്പാദിച്ചുകഴിഞ്ഞു വെന്നും അറിയിച്ചു. വൈദീകർ ധ്യാനത്തിനും പഠനത്തിനും കൂടുതൽ സമയം കണ്ടെത്തണമെന്നും മെത്രാപ്പോലിത്താ ഉദ്ബോധിപ്പിച്ചു. തുടർന്നു നടന്ന ചർച്ചകളിൽഏവരും സജീവമായി പങ്കെടുത്തു.

പ്രാദേശിക തലത്തിൽ വൈദീകരുടെ സ്ഥലംമാററം നിർബന്ധമാക്കണമെന്ന് യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. എല്ലാ വർഷവും മേയ് മാസത്തിൽ വൈദീകരുടെ ത്രിദിന ധ്യാനവും പഠന ക്ളാസുകളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. വളർന്നുവരുന്ന തലമുറയ്ക്കുവേണ്ടി കൂടുതൽ പ്രവർത്തിക്കേണ്ടതിൻെറയും, അവർക്കുകൂടി മനസ്സിലാകുന്ന ഭാഷയിൽ ആരാധനയും മററും ക്രമീകരിക്കേണ്ടതിൻെറയും ആവശ്യകതയെ യോഗം വിലയിരുത്തി.

വൈദീകർക്കു ന്യായമായ വേതനം നൽകുന്നതിന് ഇടവകകൾ തയ്യാറാകണമെന്നും, ആവശ്യപ്പെടുന്നവർ വൈദീകരുടെ വേതനം, താമസം ഇവയ്ക്കുകൂടി മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നും എങ്കിൽ മാത്രമേ പുതിയ ഇടവകകൾ അനുവദിക്കാവൂ എന്നും യോഗം ആഹ്വാനം ചെയ്തു.

ഇടവകകളുടെയും ഭദ്രാസനത്തിൻെറയും പ്രവർനങ്ങൾക്കു പൂർണ്ണ പിന്തുണ നൽകാത്ത വൈദീകരെ അവരുടെ നിലപാടുകളിൽ നിന്നും പിന്തിരിപ്പിച്ചു കൊണ്ടുവരുവാൻ ശ്രമിക്കണമെന്നും യോഗം തീരുമാനിച്ചു.

പുതിയ ഭാരവാഹികളായി വെരി. റവ. തോമസ് മുണ്ടുകുഴി കോർ എപ്പിസ്കോപ്പായും, വെരി റവ. ചെറിയാൻ നീലാങ്കൽ കോർ എപ്പിസ്കോപ്പായും വൈസ് പ്രസിഡണ്ടന്മാരായും ഫാ. പി. സി. ഗീവറുഗീസ് സെക്രട്ടറി, ഫാ. സി. ജെ. ജോൺസൺ, ഫാ. ജോയി സ്ളീബാ, ഫാ. കെ. മത്തായി എന്നിവരെ കമ്മററി അംഗങ്ങളായും തെരെഞ്ഞെടുത്തു. ഫാ. ജേക്കബ് ഫിലിപ്പിനെ ക്രിസ്തുമസ് ആഘോഷങ്ങളുടെ കൺവീനറായി നിയമിച്ചു.

ഭദ്രാസനസെക്രട്ടറി ഫാ. ററി. എ. തോമസ് സ്വാഗതവും, ഫാദർ പി.സി. ഗീവർഗീസ് കൃതജ്ഞതയും പറഞ്ഞു. സെൻറ് ഗ്രീഗോറിയോസ് ഇടവക ഭംഗിയായി ഈ സമ്മേളനം ക്രമീകരിച്ചതിനെ ഏവരും മുക്തകണ്ഠം പ്രശംസിച്ചു.

# ഭവനദാന പദ്ധതി

മസ്കററ് എം. ജി. ഓ. യൂത്തു ലീഗിൻെറ നേതൃത്വത്തിൽ നടത്തുന്ന ഭവനദാന പദ്ധതിയിലേക്ക് കേരളത്തിലെ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്നും താഴെപ്പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ അടങ്ങിയ അപേക്ഷകൾ ഒക്ടോബർ 15–ാം തീയതിക്കു മുമ്പ് താഴെക്കാണുന്ന വിലാസത്തിൽ കിട്ടിയിരിക്കണം.

1. അപേക്ഷകന് സ്വന്തം പേരിൽ 15 സെൻറ് വസ്തുവിൽ കൂടാൻ പാടില്ല.
2. അപേക്ഷയോടൊപ്പം ഇടവകവികാരിയുടേയും, മാനേജിംഗ് കമ്മററിയുടേയും ശുപാർശ ഉണ്ടായിരിക്കണം.
3. പണം അനുവദിച്ച തീയതി മുതൽ 4 മാസത്തിനകം വീടിൻെറ പണിപൂർത്തിയാക്കേണ്ടതും വീടിൻെറ ചിലവ് 15000 രൂപായിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.
4. വികാരിയുടേയും, മാനേജിംഗ് കമ്മററിയുടേയും മേൽനോട്ടത്തിൽ പണി പൂർത്തിയാക്കിയിരിക്കണം.
5. ഈ ആവശ്യത്തിലേക്ക് മററ് എവിടെനിന്നെങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്ന ആളിന് ഇതിന് അർഹതയുണ്ടായിരിക്കുന്നതല്ല.
6. മൊത്തം തുകയുടെ പകുതി ആദ്യം അഡ്വാൻസായി കൊടുക്കുന്നതും, ബാക്കി തുക അഡ്വാൻസായി കൊടുത്ത തുകയുടെ പണി പൂർത്തിയായെന്ന വിവരം കാണിച്ച് വികാരിയുടെ കത്തു കിട്ടുമ്പോൾ അയച്ചുകൊടുക്കുന്നതും ആയിരിക്കും
7. അപേക്ഷയുടെ മാത്രം ഒരു കോപ്പി മാനേജർ, മലങ്കരസഭ, കോട്ടയം–686038 എന്ന മേൽവിലാസത്തിൽ അയച്ചിരിക്കണം.

അപേക്ഷ അയക്കേണ്ട വിലാസം:

Rev. Fr. O. Thomas
President
M. G. O. Youth League
Post Box 984
Muscat - S. Oman

# സഭാ പ്രസിദ്ധീകരണങ്ങൾ

## ആരാധന സംബന്ധമായവ

| | രൂ. | സ. |
|---|---|---|
| പാമ്പാക്കട നമസ്ക്കാരക്രമം (പ്ലാസ്റ്റിക്ക് ബയൻറ്) | 27 | 00 |
| സ്ലീബാ ക്യംതാ നമസ്ക്കാരക്രമം & കർബാനക്രമം (പ്രത്യേക ഗീതങ്ങൾ, കുമ്പസാരക്രമം, ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന മുതലായവ ചേർന്നത്) | 15 | 00 |
| സ്ലീബാ ക്യംതാ നമസ്ക്കാരക്രമവും കർബാനക്രമവും മാത്രം | 10 | 00 |
| നോമ്പിലെ പ്രൊമിയോൻ | 20 | 00 |
| ദുഃഖവെള്ളിയാഴ്ച ഗീതങ്ങൾ | 3 | 00 |
| ഹാശാഗീതങ്ങൾ | 1 | 50 |
| കുടുംബാരാധനക്രമം | 2 | 00 |
| വി. ദൈവമാതാവിൻെറ പെരുന്നാളിൻെറ പ്രാർത്ഥനക്രമം | 7 | 00 |
| പരുമല തിരുമേനിയുടെ പെരുനാളിൻെറ പ്രാർത്ഥനക്രമം | 7 | 00 |
| നോമ്പുകളിലെ കുടുംബാരാധനക്രമം | 3 | 50 |
| കന്തീലാ കഹനൈത്താക്രമം (ഗദ്യം) | 15 | 00 |
| Childrens Hand Book of Common prayer | 3 | 00 |
| Service Book of the Holy Qurbana | 10 | 00 |
| സുന്നഹദോസ് പരിഷ്ക്കരിച്ച വേദവായനക്കുറിപ്പ് | 10 | 00 |
| പെരുനാൾ ശുശ്രൂഷക്രമം | 6 | 00 |
| ഹുത്തോമ്മാ മലയാളം സുറിയാനി ഗീതങ്ങൾ | 15 | 00 |
| വലിയ നോമ്പിലെയും മൂന്നുനോമ്പിലെയും നമസ്ക്കാരം—ഗീതങ്ങൾ | 15 | 00 |
| പാതിരാ നമസ്ക്കാരം | 1 | 00 |
| നിത്യപ്രാർത്ഥന (പാമ്പാക്കട) | 4 | 00 |
| ഹാശാഗീതങ്ങളും ദുഃഖവെള്ളിയാഴ്ച നമസ്ക്കാരവും | 5 | 00 |

## ചരിത്രപുസ്തകങ്ങൾ

| | | |
|---|---|---|
| Truth Triumphs (Life and achievements of Vattasseril—Mar Dionysiue Metropolitan) | 20 | 00 |
| ചിത്രമെഴുത്തു കെ.എം. വർഗീസിൻെറ: തച്ചിൽ മാത്തുതരകൻെറ തങ്കക്കൊമ്പൻ | 5 | 00 |
| വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും | 5 | 00 |
| 5–ാം മാർ തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം | 5 | 00 |
| മാർ മത്യൂസ് അത്താനാസ്യോസിൻെറ പഞ്ചകല്യാണി | 20 | 00 |

**അച്ചടിയിൽ:**

1. സന്ദർഭോചിതപ്രാർത്ഥനകൾ
2. പാലക്കുന്നത്തു് മത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ നവീകരണ വിശ്വാസിയോ?
3. മലങ്കര സുറിയാനി നസ്രാണികളുടെ ജാത്യോൽകൃഷ്ടവും രാജ്യസേവാനിരതയും

ഈ പുസ്തകങ്ങൾ ദേവലോകം കാതോലിക്കേററ് ഓഫീസിലും
സഭവക എല്ലാ ബുക്ക് ഡിപ്പോകളിലും ലഭിക്കുന്നതാണ്.

Fr. T. G. Zacharia, Secretary, M. O. C. Publications.

Licence No. 475 . 11th APRIL 1946 . Registered No. KL KTM- 38

# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM – 686 038

FOR FAVOURS RECEIVED



Thankachan, Ponnamma,
Eugene & Chralie,
Chicago

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very Rev. Ramban Dr. N. J. Thomas